REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

മലയാളരാജ്യം

ചിത്രവാരിക

22nd KANNI
[illegible] 1110

8th OCTOBER
1934.



കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു്.

VOL. VII. No. 5

Price As. 2. വില ൨ ണ.

[illegible]
d by E. Raphael Pike at the

മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ കന്നി ൨൨-ാംനു- തിങ്കളാഴ്ച. | ലക്കം ൭.

അമൃതമന്ഥനം.



'അമൃതമന്ഥന'ചിത്രത്തിലെ രണ്ടു മുഖ്യതാരങ്ങളായ ശ്രീ. സുരേശബാബുവും കുമാരി നളിനിയും.

സ്വാഗതം.

മഹാമഹിമെശ്വന്നത്യശാലിയായ കൊച്ചീമഹാരാജാവുതിരുമനസ്സുകൊണ്ടു തെന്നിന്ത്യയിലെ മഹാക്ഷേത്രങ്ങളും മററു തീൎത്ഥപ്രദേശങ്ങളും സാക്ഷാൽ ദർശിച്ചു സേവിക്കുന്നതിനു പുറപ്പെട്ട ശേഷരത്തിൽ യാത്രാക്രമപരിപാടിയിൽ തിരുവിതാംകൂറിലെ മഹാക്ഷേത്രങ്ങൾകൂടി ഉൾപ്പെടുത്തിയിട്ടുള്ള തനുസരിച്ചു ഇവിടെ എഴുന്നള്ളുന്ന അവസരത്തിൽ തിരുമനസ്സിലേക്കു വിനീതവും ഹാർദ്ദവുമായ സ്വാഗതം പറയേണ്ടതു സമുചിതവും ആവശ്യവുമാകുന്നു. കേരളദേശഖണ്ഡങ്ങളിൽ കൊച്ചിയും തിരുവിതാംകൂറും മാത്രമേ ഇപ്പോൾ പൂൎവരാജവംശങ്ങളുടെ അധീനതയിൽ ഉള്ളു. അതിൽകൊച്ചീസംസ്ഥാനം പെരുമാക്കന്മാരുടെ അനന്തരാവകാശിയായ കേരളക്ഷത്രിയ രാജകുടുംബത്തിന്റെ ശാസനയിൽ ഇരിക്കുന്നു. വാണിജ്യപ്രേരിതന്മാരായി കടന്നുവന്ന പോൎത്തുഗീസുകാർ, ലന്തക്കാർ മുതലായ പാശ്ചാത്യ വൈദേശികന്മാൎക്കു പാദപ്രതിഷ്ഠയ്ക്കു തരംലഭിച്ച പ്രഥമസ്ഥാനങ്ങളുടെ കൂട്ടത്തിൽ കൊച്ചിയുമുൾപ്പെടുന്നു. വളരെ നാളത്തേക്കു കൊച്ചീനഗരി പ്രസ്തുത വണിക്കുകടങ്ങളുടെ പോക്കുളമായിക്കഴിഞ്ഞിരുന്നു. കൊച്ചിയും തിരുവിതാംകൂറും തമ്മിലും ചില സന്ധിവിഗ്രഹാദി ബന്ധങ്ങൾ ഉണ്ടായിട്ടുള്ളതായിക്കാണുന്നു. ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപനാചാൎയ്യനായ മാൎത്താണ്ഡവൎമ്മമഹാരാജാവിനാൽ പരാജിതരായി പലായനംചെയ്ത തെക്കുംകൂർ, വടക്കുംകൂർ, ചെമ്പകശേരിപ്രഭൃതി രാജാക്കന്മാർ കൊച്ചീരാജാവിനെ അഭയംപ്രാപിച്ചു ജേതാവായ വഞ്ചിഭൂപതിയോടു മത്സരിക്കുവാൻ ഉത്സാഹിപ്പിച്ചു. പക്ഷെ പ്രകടമായ പ്രക്ഷോഭങ്ങൾ ഉണ്ടാകുംമുമ്പു വിവേകം പ്രബലീഭവിച്ചു് കൊച്ചിയും തിരുവിതാംകൂറും തമ്മിൽ മാവേലിക്കരവച്ചു കൊല്ലം ൯൨൯ മകരം ൧൨-ാംതീയതി സന്ധിയായി പരസ്പരമൈത്രിയെ സ്ഥാപിച്ചു. രാമവൎമ്മമഹാരാജാവു സിംഹാസനസ്ഥനായ ശേഷം കൊല്ലം ൯൬൨-ൽ വീണ്ടും ഒരുടമ്പടി ഉണ്ടാക്കി പരസ്പരസഖ്യത്തെ അവർ ഒന്നുകൂടി ദൃഢീകരിച്ചു. ആ ഉടമ്പടി ശുചീന്ദ്രത്തു സ്ഥാണുനാഥസ്വാമിസമക്ഷം കൊച്ചീരാജാവു പ്രതിജ്ഞചെയ്തു പ്രതിഷ്ഠാപിച്ചിട്ടുള്ളതാണു്. അതിനുള്ള കാരണം വടക്കുനിന്നു സാമൂതിരി കൊച്ചീസംസ്ഥാനത്തു നടത്തിയ ആക്രമണം ആയിരുന്നു. ഉടമ്പടിയനുസരിച്ചു അയ്യപ്പമാൎത്താണ്ഡൻപിള്ളദളവയുടെ നേതൃത്വത്തിലും ഡിലനായിയുടെ സൈനാപത്യത്തിലുംതിരുവിതാംകൂർ സൈന്യം കൊച്ചിയുടെ സാഹായ്യത്തിനു പുറപ്പെട്ടു കോഴിക്കോടൻസൈന്യത്തെതോല്പിച്ചോടിച്ചു. കാലക്രമേണ രണ്ടു സംസ്ഥാനങ്ങളും ബ്രിട്ടിഷ്മേൽകോയ്മയ്ക്കു വശീഭവിച്ചു് കലഹരസം നിശ്ശേഷം നിൎവാണമായി ശമരസപ്രധാനമായി സൌഹാർദ്ദത്തിൽ കഴിഞ്ഞുവരുന്നു. ഇപ്പോൾ കൊച്ചീതുറമുഖാഭിവൃദ്ധി, പള്ളിവാസൽ വൈദ്യുതപദ്ധതി മുതലായ സമാരംഭങ്ങളിൽ രണ്ടു രാജ്യങ്ങളും ഭാഗഭാക്കുകളായും താൽപൎയ്യപ്പെട്ടും സമ്പൽപരമായഅഭിവൃദ്ധിയെ ലക്ഷ്യമാക്കി പ്രവൎത്തിച്ചുവരുന്നതു അഭിനന്ദനീയമാകുന്നു. വിദ്യാഭ്യാസസംബന്ധമായ വ്യാപ്തി രണ്ടുരാജ്യങ്ങളിലും ഏകദേശം ഒരുപോലെ വികസ്വരമായിക്കാണുന്നതു പ്രത്യേകം മോദിതവ്യമാകുന്നു.

കൊച്ചീരാജ്യം ഒരു ഹിന്ദുരാജകുടുംബത്തിന്റെ പരമ്പരാഭരണത്തിനു വിധേയമാണല്ലൊ. ഹിന്ദുമതതത്വങ്ങളിൽ നിഷ്ഠയും വൈദുഷ്യവുമുള്ളവരാണു പ്രായേണ അവിടുത്തെ മഹാരാജാക്കന്മാർ. ഇതരമതഘസ്ഥരങ്ങളായ മററു മതങ്ങൾക്കുപോലും രാജകീയമതംകൊണ്ടു യാതൊരു ബാധയുമുണ്ടാകുന്നില്ല. അത്രമേൽ സഹിഷ്ണുരൂപത്തിലാണു നാടുവാഴിയുടെ മതാചാരരിതി. പ്രജകളോടുള്ള പെരുമാററത്തിൽ മതവിഷയകമായ ഉപാധികൾ ഒന്നും സമഭാവനയെ സ്പർശിക്കുന്നില്ല. പരിഷ്കാരപ്രേരിതങ്ങളായ നവീനപ്രസ്ഥാനങ്ങളോടു യാതൊരു വൈമുഖ്യവും അവിടെ കാണ്മാനില്ല. ചുരുക്കിപ്പറഞ്ഞാൽ നവീന ഭരണസമ്പ്രദായങ്ങളിൽ ശരിയായി ഹിന്ദുമതമാചരിക്കുന്ന രാജാക്കന്മാരാൽ അസാദ്ധ്യമായിട്ടൊന്നുമില്ലെന്നു പരീക്ഷകൊണ്ടു കൊച്ചിരാജ്യം വിശദീകരിച്ചിരിക്കുന്നു. പൂജനീയാതിഥിയായി തിരുവിതാംകൂർ സന്ദർശിക്കുന്ന മഹാരാജാവുതിരുമനസ്സിലെ തിരുവവതാരം ഗ്രന്ഥസമൃദ്ധിസമ്പന്നമായ കുടുംബത്തിൽ ആയിരുന്നു. ചെറുപ്പത്തിൽ അവിടുത്തെ വിദ്യാഭ്യാസം ചെയ്യിപ്പിച്ചിരുന്നതു ടി. രാഘവൻനമ്പ്യാർ എന്ന പണ്ഡിതനായിരുന്നു. പിന്നീടു പ്രസിദ്ധ പണ്ഡിതനായ രംഗപ്പൈയാചാൎയ്യരുടെ അടുക്കൽ സംസ്കൃതവും, മി. റാബർട്ടു വൈററു് എന്ന വിദ്യാഭ്യാസപ്രവീണന്റെ അടുക്കൽ ഇംഗ്ലീഷും, മി. നാരായണൻചെട്ടിയാരുടെ അടുക്കൽ കണക്കും അവിടുന്നു പ്രത്യേകം അഭ്യസിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള വിദ്യാഭ്യാസത്തിന്റെ പ്രധാനഫലമായി അനാഡംബരവും അനഹങ്കാരവും അകൃത്രിമവുമായ ജീവിതചൎയ്യ അവിടുത്തെ കൂടപ്പിറപ്പുപോലെ പരിണമിച്ചിരിക്കുന്നു. ഔദാൎയ്യവും പരോപകാരതൽപരതയും അവിടുത്തെ മററു ഗുണങ്ങളുടെകൂട്ടത്തിൽ ഗണ്യങ്ങളാണു്. കൂടാതെ മതവിഷയമായ പ്രതിപത്തിയും ചരിത്രപ്രസിദ്ധങ്ങളായ സ്ഥലവിശേഷങ്ങളുടെ സാക്ഷാദ്ദർശനവും അവിടുത്തേക്കു വളരെ പ്രിയമാണു്. അതുകൊണ്ടു രാജ്യഭാരം ലഭിക്കുന്നതിനു മുമ്പുതന്നെ പല പ്രസിദ്ധ സ്ഥലങ്ങളും തീൎത്ഥപ്രദേശങ്ങളും അവിടുന്നു യാത്രചെയ്തു സന്ദർശിച്ചിട്ടുണ്ടു്. ൭൫-ാം തിരുവയസ്സിന്റെ സംപൂൎത്തി സമീപിച്ചിരിക്കുന്ന ഈ ദശയിലും അതേ രസംതന്നെ യാത്രാക്ലേശങ്ങളെ അനാദരിക്കുന്നതിനു തിരുമനസ്സിനെ പ്രേരിപ്പിച്ചിട്ടുള്ളതായി വിചാരിക്കേണ്ടിയിരിക്കുന്നു. തുള്ളൽകഥകൾ, കഥകളികൾ മുതലായ ദൃശ്യകലകളിൽ അവിടുത്തേക്കു വളരെ താൽപൎയ്യമുണ്ടെന്നും അവയുടെ പ്രയോഗത്തിൽ അവിടുന്നു നല്ല വിമർശകനാണെന്നും അറിയുന്നു. ആഡംബരത്തിനായിട്ടു അവിടുന്നു ഒന്നും ചെയ്യാറില്ല. പരപ്രീതിയെ ലക്ഷ്യമാക്കിയുള്ള ചാപല്യങ്ങളും അവിടേക്കില്ല

"യസ്മിൻജീവതിജീവന്തി
ബഹവഃസതുജീവതി
കാകോപി കിം ന കുരുതെ
ചഞ്ചാസ്വോദരപൂരണം"

[യാവനൊരുവൻ ജീവിച്ചിരിക്കുമ്പോൾ ബഹുക്കൾ ജീവിക്കുന്നു; അവനത്രെ യഥാൎത്ഥമായി ജീവിക്കുന്നതു്. ചുണ്ടുകൊണ്ടു തന്റെ ഉദരപൂരണം കാക്കപോലും നിൎവ്വഹിക്കുന്നില്ലെ എന്നു താൽപൎയ്യം.] എന്ന ശ്ലോകത്തിന്റെ താൽപ്പൎയ്യമനുസരിച്ചു അവിടുന്നു യഥാവിധി ജീവിതം നയിക്കുന്നു.



മഹാക്ഷേത്രദർശനം തീൎത്ഥാടനം മുതലായതു സാധാരണ ധൎമ്മങ്ങളായി പ്രപഞ്ചഹൃദയം മുതലായ ഗ്രന്ഥങ്ങളിൽ ഗണിക്കപ്പെട്ടിരിക്കുന്നു. മതവിഷയമായ ഔൽസുക്യനിവൃത്തിക്കു പുറമേ ദേശാടനംകൊണ്ടുള്ള ഫലങ്ങളും ഇതുകൊണ്ടു പ്രാപ്യങ്ങളാണു്. അങ്ങനെ നോക്കുമ്പോൾ തിരുമനസ്സിലെ തീൎത്ഥാടനം ബഹുധാ പ്രയോജനകരമാണു്. ഈ ഘട്ടത്തിൽ മൈസൂർമഹാരാജാവുതിരുമനസ്സിലെ മാനസസരസ്സന്ദർശനം ഓൎമ്മയിൽവരുന്നു. ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ടു കാശി, രാമേശ്വരം മുതലായ സ്ഥലങ്ങളിൽ എഴുന്നള്ളിയിട്ടുള്ള സംഗതിയും പ്രസ്താവയോഗ്യമാകുന്നു. പൂൎവകാലത്തു മതം ഓരോ ജനത്തിന്റേയും ആത്മകാൎയ്യമായിരുന്നു. ഇപ്പോൾ

മതംകൊണ്ടുള്ള പ്രയോജനം പൊതുവിൽ ജനസമുദായത്തിനുണ്ടായിരിക്കണമെന്നു പലക്കും അഭിപ്രായമുള്ളതായിക്കാണുന്നു. അങ്ങനെ നോക്കുമ്പോൾ തിരുമനസ്സിലെ മതപ്രതിപത്തി സ്വരാജ്യത്തുള്ള ഹിന്തുക്കളുടെ ഉന്നമനത്തിനും എല്ലാവരുടെയും ക്ഷേമത്തിനും നിദാനമായിത്തീരുമാറാകണമെന്നു ഞങ്ങൾ കാംക്ഷിക്കുന്നു. മുതലെടുപ്പിൽ രാജഭാഗമൊഴികെയുള്ള സ്വരാജ്യകാൎയ്യങ്ങൾക്കും സ്വപ്രജകൾക്കും സ്വദേശവായുവിനു പോലും ദുസ്സ്വാദോ ദുൎഗ്ഗന്ധമോ ഉണ്ടെന്നു ഭാവിക്കുന്ന രാജാക്കന്മാരും മഹിഷിമാരും ഉണ്ടെന്നു കേൾക്കുന്നസ്ഥിതിക്കു സ്വരാജ്യത്തു സ്വപ്രജകളുമായി "ഏതും ഭേദിച്ചിടാതെ സുഖവുമസുഖവും പങ്കുകൊള്ളുന്ന" തിനു അചഞ്ചലനിഷ്ഠ കൈക്കൊണ്ടിരിക്കുന്ന കൊച്ചീമഹാരാജാവു തിരുമനസ്സിലെപ്പേരിൽ ആൎക്കുതന്നെ ഭക്തിയും ആദരവും ദുൎന്നിവാരമായി തോന്നുകയില്ല? ഇങ്ങനെ പലവഴിയുള്ള വിചാരധാരകൾ സമ്മേളിക്കുന്നതിന്റെ ഫലമായി തിരുമനസ്സിലേക്കു ദീൎഘായുരാരോഗ്യഭാഗ്യാദി പ്രാൎത്ഥനാപുരസ്സരം ഹൃദയസാക്ഷികമായി ഞങ്ങൾ സ്വാഗതം പറഞ്ഞുകൊള്ളുന്നു

പുണ്യക്ഷേത്രാദിപാണ്ഡ്യക്ഷിതിതലവലയം
        പുക്കുവന്ദിച്ചുയാത്രാ-
ക്ലൈശ്യംകൈവിട്ടുവഞ്ചീശ്വരധരയിലെഴു-
        ന്നള്ളി ഗോശ്രീമഹേശൻ
വൎണ്ണ്യവ്രതാതീതഗുണ്യപ്രകൃതിവിജയതേ
        ഭക്തിനിൎണ്ണിക്തനഗ്രേ-
ഗണ്യപ്രാവീണ്യശാലിയ്ക്കുലഘുവിനയമായ്
        സ്വാഗതംചൊല്ലിടുന്നു.

മങ്ഗളാശംസ.

കോടക്കാർവൎണ്ണനാകും ഹരിയിൽമനമുറ-
        പ്പിച്ചു, മെച്ചപ്പെടുംതൻ
നാടന്യൂനംതഴയ്ക്കുന്നതിനു വഴിതെളി-
        ച്ചാൎക്കുമാഹ്ലാദമേകി,
കേടററീടും പുകൾപ്പൂമ്പരിമളമിളമേൽ
        വീശി, രാജിച്ചിടുന്നു
മാടക്ഷോണീമഹേളാമണിയുടെരമണൻ
        രാമരാജൎഷിവൎയ്യൻ.

രാഗദ്വേഷാദി ശത്രുക്കളെയടരിൽമഥി-
        ച്ചനഘം പുണ്യമാൎജ്ജി-
ച്ചാഗസ്സിൻഛായവേർപെട്ടലഘുവിശദമാ-
        മന്തരങ്ഗം പുലൎത്തി
പ്രാഗല്ഭ്യത്തോടുമാടക്ഷിതിഭരണമിയ-
        ററുന്നൊരിത്തമ്പുരാൻതൻ
യോഗക്ഷേമത്തെനേരുന്നതിനുതിരുവിതാ-
        ങ്കൂറു കൂറുള്ളതെന്നും.

സ്വാൎത്ഥംനോക്കാതെ, ദേഹക്ലമഗണനവെടി-
        ഞ്ഞീവയസ്സിങ്കൽ നാനാ-
തീൎത്ഥക്ഷേത്രങ്ങൾസേവി, ച്ചിതുവഴിയെഴുന്ന-
        ള്ളുന്ന രാജന്യമുത്തേ!
സാൎത്ഥംഭാവൽകമാകും ജനിഭുവമിനിയും
        ദീൎഘകാലീനമാക്കാൻ
പാൎത്ഥൻതൻതേർതെളിച്ചീടിനപരമപുമാൻ
        തുക്കടെക്കണ്ണിടട്ടെ.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.



എറണാകുളത്തു ബൎമ്മാ ആയിൽക്കമ്പനിക്കടുത്തുള്ള തടാകത്തിന്റെ മനോഹരമായ ഒരു കാഴ്ച.

അബദ്ധം പററല്ലേ.

മള്ളൂർ ഗോവിന്ദപ്പിള്ള.

അബദ്ധം പററാത്തവരില്ല. ചില അബദ്ധങ്ങൾ പററാതെ നിവൃത്തിയുമില്ല എങ്കിലും അറിഞ്ഞുംകൊണ്ടു് അബദ്ധത്തിൽ ചാടുന്നവരോടു നില്ക്കണേ എന്നു പറയേണ്ട ചുമതല അനുഭവസ്ഥന്മാൎക്കുണ്ടെന്നു വിചാരിച്ചാണു് രണ്ടുവാക്കു പറയുന്നതു്. മനുഷ്യർ ഒരു വ്യാജലോകത്തിൽആണു് കഴിച്ചുകൂട്ടുന്നതു്. പരിഷ്കാരം വർദ്ധിക്കുന്തോറും ഭേഷജങ്ങളും വർദ്ധിച്ചുവരുന്നു. അദ്വൈതവാദികളുടെ "മായ" വാസ്തവത്തിൽ മായ അല്ല: നാം കാണുന്ന കല്ലും മരവും നമ്മുടെ കണ്ണും മൂക്കും ദുഃഖസുഖാദികളും ഒക്കെ മായ ആണെന്നാണു അവർപറയുന്നതു്. ഈ ലേഖനത്തിന്റെ വിഷയം അതല്ല; അത്രത്തോളം മനസ്സിലാക്കാൻ വൈഷമ്യമുള്ള ഒരു കാൎയ്യവുമല്ല. ചുവടെ പ്രസ്താവിക്കുന്ന സംഗതികൾ ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ നമ്മളിൽ പലരും കണ്ടുംകേട്ടും സ്വയം പ്രവൎത്തിച്ചും അനുഭവിച്ചും ഇരിക്കണം. ഒരു ചെറിയകാൎയ്യത്തിൽ തുടങ്ങാം- അസൂയ എന്ന സുഖക്കേടിന്റെ കഥ വിചാരിക്കുക. ഇതു ബാധിച്ചിട്ടില്ലാത്തവർ നമ്മുടെ കൂട്ടത്തിൽ ഒരു ഒററഒരുത്തൻഉണ്ടോ? ഈ രോഗം പെണ്ണുങ്ങൾക്കാണു് കൂടുതൽ എന്നു പറയാറുണ്ടു്. ശുദ്ധ അബദ്ധം; അങ്ങനെ ഒരു ലിംഗവ്യത്യാസം—ഇപ്പോൾ ഇങ്ങനത്തെഭാഷ ആണല്ലോ സഭ്യം—ഈ രോഗത്തെപ്പററി പറഞ്ഞുണ്ടാക്കുന്ന ആണുങ്ങൾ വഷളന്മാരാണു്. ഒരു സായംകാലം, ഒരു രസികൻടെന്നിസ്‌വേഷത്തിൽ ഞാൻഎന്റെക്ലബ്ബിൽ ചെന്നു. ഞാൻ കാറിൽനിന്നിറങ്ങുന്നതു് എന്റെ സ്നേഹിതന്മാർ—Bosom Friends എന്നാണിവരുടെ ഇംഗ്ലീഷ്‌പേർ കണ്ടു. കടക്കണ്ണുകൊണ്ടു് അവർ എന്റെ വേഷവും കണ്ടു; കഷ്ടിച്ചു് "Wish" ചെയ്കയും ചെയ്തു. പിന്നെ ഒരു രണ്ടുമിനിട്ടു ഞങ്ങളുടെ ഇരിപ്പിടം ഒരു "പെണ്ണുപെററവീടു" തന്നെ ആയിരുന്നു. ഞാൻ ഒരു വലിയിടത്തുപോയി ടെന്നിസു കളിയുംകഴിഞ്ഞു വന്നിരിക്കയാണെന്നു് ഇവരുടെ ഉള്ളിൽ ഒരു ശങ്ക. പരമാൎത്ഥം അതല്ലായിരുന്നെങ്കിലും അതുചോദിച്ചറിയാൻ ഇവൎക്കു ശക്തിയില്ല. ഇവർ എങ്ങനെ അതു സഹിക്കും! വാപൊളിച്ചു ഒരക്ഷരം ഉച്ചരിക്കാൻപോലും എന്റെ പ്രിയസ്നേഹിതന്മാൎക്കു കഴിവില്ലാതെ ശ്വാസംമുട്ടുന്നതുകണ്ടു് "കോർട്ടിൽനിന്നു ഇതാ ഇപ്പോൾവന്നു മൂക്കിലുംവായിലുംകൂടി ഇത്ര ടീകഴിച്ചുംകൊണ്ടാണു ഞാൻ പാഞ്ഞെത്തിയിരിക്കുന്നതു്" എന്നുപറഞ്ഞു. ആവൂ! എന്തു ആശ്വാസം! എന്റെ കൂട്ടുകാരുടെ ശ്വാസം നേരേവീഴുന്നതു് എനിക്കു കാണുകയും കേൾക്കുകയുംചെയ്യാമായിരുന്നു. ഞാൻ ഇട്ടിരുന്ന Blazor കോട്ടു് എന്റെ അല്ല എന്നുകൂടി ഉറപ്പുകൊടുത്തിരുന്നെങ്കിൽ അവരിൽ ചിലൎക്കു അഞ്ചുകൊല്ലംകൂടി ദീൎഘായുസ്സു ലഭിക്കുമായിരുന്നു. അന്യൻ വെള്ളത്തമുണ്ടുടുക്കുന്നതു കണ്ടുകൂടാത്തവരല്ലേ നമ്മിൽ മിക്കവരും? അയൽപക്കം നന്നായിക്കാണാൻ വാസ്തവത്തിൽമോഹിക്കുന്നവർ നമ്മിൽ എത്രപേരുണ്ടു്? കൂട്ടുകാരന്റെ കയററത്തിൽ ദണ്ഡംഅനുഭവിക്കാത്തസ്നേഹിതന്മാർ നൂററിനു എത്രവീതം കാണും? നാം പരസ്പരംചെയ്യുന്ന കുശലപ്രശ്നങ്ങളിലും അഭിനന്ദനങ്ങളിലും എത്രകഴഞ്ചു് പരമാൎത്ഥമുണ്ടു്? സദസ്സുകളിലുംമററു പബ്ലിക്കുരംഗങ്ങളിലും നാം അന്യോന്യോദ്ദേശകമായിചെയ്യുന്ന അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും എത്രകണ്ടാത്മാൎത്ഥതയുണ്ടു്? നാക്കുകൊണ്ടു പ്രശംസിക്കുകയും ഹൃദയംകൊണ്ടു ശപിക്കുകയുംഅല്ലേ നാം ചെയ്യുന്നതു്. ഉള്ളിലുള്ളതു വെളിയിൽവരാതിരിക്കാനുള്ള ഒരു അടപ്പായിട്ടല്ലേ മനുഷ്യർ അവരുടെ നാക്കിനെ പ്രായേണ ഉപയോഗിക്കുന്നതു ? അഥവാ ഉള്ളിൽതോന്നുന്നതിന്റെ വിപരീതഭാവം "ശബ്ദീകരിക്കാ"നുള്ള ഒരു ഉപാധിആയിട്ടല്ലേ നാക്കിനെനാം മിക്കപ്പൊഴും ഉപയോഗിക്കുന്നതു്? സാറിനു ഇപ്പോൾ ക്ഷീണമൊന്നുമില്ല എന്നു ഒരാൾ മുഖത്തുനോക്കിപ്പറഞ്ഞാൽ ഒന്നുകിൽ അതു കേവലം ഒരു മുഖസ്തുതിആയിവരാം, അല്ലെങ്കിൽ"സാർ" ഈ വയസ്സുകാലത്തു ക്ഷീണം ഒന്നുംകൂടാതെ ഇത്ര നന്നായിരിക്കുന്നല്ലോ എന്നുള്ള അയാളുടെ സങ്കടമായിട്ടുംവരാം. എല്ലാകുട്ടികൾക്കും സുഖമാണൊ എന്നു ഒരാൾ ചോദിച്ചാൽ രണ്ടെണ്ണം സന്നിപാതജ്വരമായിട്ടു കിടക്കുകയാണു് എന്നു നിങ്ങൾ ഉത്തരം പറയുകയാണെങ്കിൽ അയാൾ ഒരടികൂടെ മുന്നോട്ടുനീങ്ങിനിന്നു് out of danger ആണല്ലൊ എന്നു വലിയ ഉൽക്കണ്ഠയോടെ ചോദിക്കുന്നതു കാണാം. ഛെ! സാരമില്ല, നാളെ കുളിപ്പിക്കുകയാണു എന്നു നിങ്ങൾ സമാധാനം പറഞ്ഞുംവെച്ചു് അയാളുടെ മുഖത്തേക്കു നോക്കുക. എന്തൊരിച്ഛാഭംഗം! വൎത്തമാനക്കടലാസു് എടുത്താൽ ആദ്യംനോക്കുന്നതു ആരെല്ലാം ചത്തു, വലിയ ആളുകൾ ആരെല്ലാംചത്തു, നമ്മുടെ പരിചയക്കാരിൽ ആരെല്ലാംചത്തു ആൎക്കെല്ലാം അപകടങ്ങൾ പററി എന്നാണു്. വേറെ എല്ലാവരും ചത്തിട്ടു നമുക്കുതന്നെആയിക്കളയാം സുഖാനുഭവങ്ങളൊക്കെ എന്നു വിചാരിക്കുന്നവരും ഉണ്ടു്. ഇനി മനുഷ്യന്റെ വേറൊരു ലക്ഷണം എടുക്കാം. സത്യംപറഞ്ഞാൽ നാംപരസ്പരം വിശ്വസിക്കുന്നുണ്ടോ? ഏതാണ്ടൊരുകള്ളം എങ്ങാണ്ടൊരുമൂലയിൽഒളിച്ചുകിടപ്പുണ്ടെന്നുള്ളഒരു "ബാലായ്മ"യോടുകൂടിയല്ലേ നാം അന്യരുടെ വാക്കുകളും പ്രവൃത്തികളും വീക്ഷിക്കുന്നതും പരിഗണിക്കുന്നതും? ഈ ലോകത്തിൽ കള്ളവും കള്ളന്മാരും ആണധികം എന്നുള്ള സാൎവ്വത്രികവും സാധാരണവും ആയ ധാരണയ്ക്കു് ഈ പരസ്പരവിശ്വാസമില്ലായ്മയെക്കാൾ പ്രബലമായ തെളിവു് ആവശ്യമില്ല. ഏതു തൊഴിലിന്റെയും സമ്പൂൎണ്ണമായ വിജയത്തിനു കലൎപ്പില്ലാത്ത സത്യം ഒരു വലിയ വിഘ്നമായിത്തീരും. രാജ്യഭരണം എന്നുള്ള തൊഴിൽ എടുക്കുക. ഇതിനു പേർതന്നെ "തന്ത്രം" എന്നാണു്. രാജ്യഭരണതന്ത്രം എന്നാണു പറയുക. ഭരണതന്ത്രവിചക്ഷണന്മാർ നല്ല പഠിച്ച കള്ളന്മാരായിരിക്കണം എന്നാണു വെപ്പു്. തന്ത്രം മന്ത്രസഹിതമാണു പ്രയോഗിക്കുന്നതു്. രാജാവിനു മന്ത്രി—ഈശ്വരനു തന്ത്രി. ഇവർ സംഗതി ഒന്നും തുറന്നുപറയുകയുമില്ല, പ്രവൎത്തിക്കുകയുമില്ല എന്നാൽ കാൎയ്യമെല്ലാം അവർ വിചാരിച്ച കടവിൽ അടുപ്പിക്കുകയും ചെയ്യും. ഒരു കാൎയ്യംകൂടി പറഞ്ഞു് ഈ "കമ്പം" കലാശിപ്പിക്കാം. മനുഷ്യവ്യാപാരത്തിൽ ഏററവും സമൃദ്ധിയായിട്ടുള്ള രണ്ടുചരക്കുകൾ പറയാൻ എന്നോടു് ആരെങ്കിലും ചോദിച്ചാൽ "സ്വാൎത്ഥവും പന്ദികേടും" എന്നു ഞാൻ വെടിപൊട്ടുന്നപോലെ ഉത്തരംപറയും. നിസ്സ്വാൎത്ഥകൎമ്മം എന്നൊന്നില്ല. അതുപോകട്ടെ, തന്റെ കാൎയ്യം സാധിക്കാൻ എന്തും ചെയ്യുന്നവനാണു മനുഷ്യൻ. അന്യരുടെ കാൎയ്യത്തിൽ അവൻ നിൎബ്ബന്ധിക്കുന്ന സത്യനിഷ്ഠ, ജീവകാരുണ്യം, നിൎഭയത്വം, ദേശാഭിമാനം ഇത്യാദി ചാരിത്രങ്ങൾ ഒന്നും അവന്റെ സ്വാൎത്ഥലാഭത്തിൽ ഒരു പ്രതിബന്ധമായി നിൽക്കാൻ അവൻ സമ്മതിക്കുകയില്ല. ഇതു മനുഷ്യലോകത്തെ ആകമാനം അവഹേളിക്കുന്ന ഒരു മിഥ്യാപവാദം ആണെന്നു തൎക്കിക്കുന്നവർ വല്ലവരുമുണ്ടെങ്കിൽ ഒരു കാണിനേരം നെഞ്ചത്തു കൈവെച്ചു അവർ ഒരു ആത്മശോധനചെയ്യട്ടെ. കൃതഘ്നത നടമാടുന്ന ഈ ലോകത്തിൽ "താൻ ചത്തു മീൻപിടിക്കുക" എന്നൊരു അബദ്ധം പററാതെ സൂക്ഷിക്കണം എന്നാണു ഞാൻ പറയുന്നതിന്റെ രത്നച്ചുരുക്കം ദുൎല്ലഭങ്ങളായ വ്യത്യാസങ്ങളെ ചിന്തിച്ചിട്ടാവശ്യമില്ല. ന്യായമായുള്ള സുഖാനുഭവങ്ങൾ ഒന്നും മനുഷ്യൻ പരിത്യജിക്കരുതു്. നാളെ ആയിക്കൊള്ളാം എന്നു വിചാരിച്ചു് അതൊന്നും മാററിവയ്ക്കുകയും അരുതു്. മക്കളും മരുമക്കളും ലോകമൊക്കെയും സുഖമായിട്ടു കഴിയണം. അക്കൂട്ടത്തിൽ അവനവനും സുഖമായിട്ടു കഴിയണം. അവനവൻ സുഖമായിട്ടു കഴിഞ്ഞില്ലെങ്കിലും മററവർ ഒക്കെ സുഖമായിട്ടുകഴിയണം എന്നും അതിനുവേണ്ടി ഇരിക്കുന്നകാലം മുഴുവൻ ദുരിതം അനുഭവിക്കണം എന്നും ഉള്ള "തലയിലെഴുത്തു" തുത്തുകളയണം എന്നാണു ഞാൻ പറയുന്നതു് ഇരിക്കുമ്പോഴുമില്ല മരിക്കുമ്പോഴുമില്ല എന്നൊരു അവസ്ഥ മഹാകഷ്ടംതന്നെ. ആരുടെയെങ്കിലും കൃതജ്ഞത പ്രതീക്ഷിച്ചു് ഈ അവസ്ഥ ഉണ്ടാക്കിവയ്ക്കുകയാണെങ്കിൽ ഇതിനെക്കാൾ കഥയില്ലായ്മ വേറെയില്ല. നിങ്ങൾ ചത്തിട്ടു നിങ്ങളുടെ പേർ പറയുമെങ്കിൽ പറഞ്ഞുകൊള്ളട്ടെ. പറഞ്ഞില്ലെങ്കിൽ നിങ്ങൾക്കു ഒരു "മണ്ണുമില്ല". നിങ്ങൾ മരണത്തിൽ മണ്ണോടുമണ്ണായിപ്പോയല്ലൊ. തദനന്തരം പ്രജ്ഞയുള്ള നിങ്ങളുടെ അംശം വല്ലതും ശേഷിക്കുന്നുണ്ടോ എന്നാൎക്കറിയാം. ജീവി

പെൺപൈതലിനോട്.

എൻ. ലളിതാംബികഅന്തർജ്ജനം.

ഓമനക്കുട്ടി! മകളേ! എന്റെ
പ്രേമപൂരത്തിൻപൊരുളേ!

കാമിതഭാഗ്യപ്പകളേ! —വരി-
കാമോദമാരോമലാളേ!

അഞ്ചിതകേളികളാടി—നറും
പുഞ്ചിരിപൂമ്പാലിലാടി

കാഞ്ചനക്കാൽത്തളകേഴും—മാറാ
പിഞ്ചുപദംരണ്ടുമാടി.

നെഞ്ചത്തുപററിത്തഴുകി—മോദം
തഞ്ചുന്നമാലകളാടി-

കാഞ്ചിയിളകുംമാറോടി—വരി-
കെൻചാരത്താനന്ദംതേടി-

മുററത്തേധൂളികൾപാറും—ചെറു
കററക്കുഴലുകൾ മാററ!

ഇററിററുവീഴുംവിയപ്പിൻ കണ
മുററമുഖമൊന്നുയർത്തി

ചെന്താമരപ്പൂവിൻകാന്തി—നല്ല
ചന്തംകലന്നെന്നും ചിന്തും

നിന്തളിർമേനിപുണന്നി—ട്ടമ്മ
സന്തോഷചുംബനം നൾകാം.

വിണ്മലർപൊയ്കയിലാടു—മര
വിന്ദസദൃശമീകൈകൾ.

കണ്ണിലണച്ചുകൊണ്ടമ്മ—നിത്യം
പുണ്യപൂരത്തെപ്പുകഴ്ത്താം.

ഭാവിലോകത്തിന്റെനന്മ—തിന്മ
പാവിട്ടമീക്കൊച്ചുകൈകൾ

ആവിലമേതുമണയാ—തമ്മ-
പാവനമായ്ത്താൻപുലർത്താം.

പൂവിലുംപൂവാമീക്കൈക—ളല്ലോ
ലോകത്തിനമ്മതൻകാഴ്ച.

മന്നിലിതുമൂലമല്ലോ—മേലി
ലെന്നുടെകമ്മത്തിൻവാഴ്ച.

ഒന്നുപറഞ്ഞിടാമിന്നു—അതു
നിന്നുള്ളിൽവേണമേ-എന്നും

പൊന്നിലുംപൊന്നേ!നീയെന്നാൽ—
ജന്മസാഫല്യമായ്മിന്നും. [എന്റെ

ഇക്കരംരണ്ടിനുംവേറേ—വേറേ
കൃത്യങ്ങളുണ്ടല്ലോചെയ്യാൻ

ഭർത്തൃപുത്രാദികൾക്കായി—ട്ടൊന്നു
മറേറതിലോകത്തിനായും.

പാരിച്ചദാരമിയലും—പ്രിയ-
നാലംബമായ്നില്ക്കുവാനും

ആരോമൽപൈതലിൻതൊട്ടി—ലാട്ടി
താരാട്ടുപാടിടുവാനും

ഈവലംകയ്യുകൾനില്ക്കെ—നിന്റെ
വാമഹസ്തംനീട്ടിനീയും

പാവങ്ങൾതൻചുടുകണ്ണീർ—കണ
മാവുന്നപോൽത്തുടയ്ക്കാനും.

ദീനദാരിദ്ര്യവ്യഥിത - ലോക-
ക്കാമയംതീർത്തിടുവാനും.

ദുഷ്ടമാകുമനാചാര ക്കോട്ട
തട്ടിത്തകർത്തെറിവാനും

പുഷ്ടമോദാൽതന്റെമാതൃ—ഭൂമി
ക്കിഷ്ടമാംസേവചെയ്യാനും

ഒട്ടുംമടിക്കാതെൻകുഞ്ഞേ—തവ
കുട്ടിക്കൈരണ്ടുമുയർത്താം

കൂട്ടിപ്പിടിച്ചുതുരണ്ടും—പിന്നെ
വിഷ്ടപനാഥനേക്കൂപ്പാം.

പൊൻവളയിട്ടുകിലുക്കി—പര
മുന്നതിഭാവംനടിച്ചു-

അന്യരേത്താഴ്ത്തിടുവാനാ - യിവ
യെന്നുമുയർത്തരുതല്ലോ.

മന്ദതപൂണ്ടുമയങ്ങി—തല
താങ്ങിയൊരേടത്തുറങ്ങി

തന്നെയുംപോററിടാനാകാ—തിവ
യെന്നുമേ തീരരുതല്ലോ.

തങ്കമേ! പൊൻമണിമുത്തേ—മമ
സഞ്ചിതപുണ്യത്തിൻസത്തേ.

സന്തതാനന്ദമേനിത്യം—തവ
ബന്ധുരകാന്തിയെൻ ചിത്തേ

കിഞ്ചനപുഞ്ചിരിതൂകി—യൊരു
പഞ്ചാരയുമ്മനീ നൾകൂ.

അഞ്ചാതെയായതിൻകൂലി—കാല
മെൻചാരുപൈതലേ!നൾകും.

ച്ചിരിക്കുന്ന കാലത്തു യാതൊരു സന്ദേഹവും കൂടാതെ നിങ്ങൾക്കു അറിയുകയും അനുഭവിക്കുകയും ചെയ്യാവുന്ന കാര്യങ്ങളിൽ "സർവ്വസംഗപരിത്യാഗം" അനുഷ്ഠിക്കുകയും യാതൊരു നിശ്ചയവുമില്ലാത്ത മരണാനന്തരാവസ്ഥയിൽ കൃതജ്ഞതയും ലോകപ്രശംസയും ഉണ്ടാകുമെന്നു വ്യാമോഹിക്കുകയും ചെയ്യുന്നതു് എന്തു ബുദ്ധിഹീനത? ലോകം ഉണ്ടായിട്ടു് എത്രകാലമായി. മരിച്ചവർ ആരെങ്കിലും തിരിച്ചു വരികയോ അവരുടെ പരലോകാനുഭവങ്ങളെപ്പററി നമ്മെ അറിവിക്കുകയോ ചെയ്തിട്ടുണ്ടോ? ഇരിക്കുമ്പോൾ സുഖമായിട്ടു കഴിയുക. സുഖമായിട്ടുകഴിയണമെങ്കിൽ മിതമായിട്ടുകഴിയണമെന്നു മാത്രമേ ഉള്ളു. "ചത്താൽപിന്നെ തല തെക്കോ വടക്കോ"എന്നു നോക്കുന്നതെന്തിനു്?

"പുഷ്പകാലം."

"പുഷ്പകാലം" എന്നപേരിൽ ബ്രിട്ടണിൽ ഈയിടെ പ്രദർശിപ്പിക്കപ്പെട്ട ചലനചിത്രത്തിനുണ്ടായ സ്വീകരണവിവരങ്ങൾ കേൾക്കുന്നതു രസാവഹമായിരിക്കും. മി. റിച്ചാർഡ് ററാബർ ആണു് ഇതിലെ പ്രധാനനടൻ.

നൂതനമായ ഏതെങ്കിലും പ്രദർശനമുണ്ടെന്നുകേട്ടാൽ അന്നു പ്രദർശനശാലയിൽ പ്രവേശിക്കുന്നതു് സുസാദ്ധ്യമല്ലല്ലോ. "പുഷ്പകാല"ദിവസത്തെ കഥ വർണ്ണിപ്പാൻ ഒരു പെടാതിരിക്കയാണുത്തമം. പ്രദർശനസമയത്തിനു വളരെ മുൻപുതന്നെ ശാല നിറഞ്ഞുകഴിഞ്ഞു. പ്രഭുക്കന്മാർ, വലിയ ഗവണ്മെൻറുദ്യോഗസ്ഥന്മാർ, വ്യവസായലോകത്തിലെ പ്രധാനികൾ, നാടകചിത്രതാരങ്ങൾ, എന്നിങ്ങനെ ആളുകൾ നേരത്തെതന്നെ കിട്ടുന്നിടത്തു് സ്ഥലംപിടിച്ചു ഉപവിഷ്ടരായിരുന്നു കഠിനമായ ഉഷ്ണമാവട്ടെ, സാവധാനത്തിൽ മാത്രം ഇഴഞ്ഞു മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന സമയമാകട്ടെ, ഈ വൻപിച്ച ജനസഞ്ചയത്തിന്റെ ക്ഷമയെ സ്വല്പംപോലും ഹനിച്ചില്ല.

കളി ആരംഭിച്ചു. ററാബറിന്റെ മാധുര്യമേറിയ ഗാനങ്ങൾ ആ വൻപിച്ച നാടകശാലയുടെ ഓരോ മൂലയിൽപോലും മുഴങ്ങി. ഹാ! ആ സംഗീതവൈദഗ്ദ്ധ്യം—ആ ശബ്ദമാധുര്യം! കൂടിയിരുന്നവരുടെ ഏകോപിച്ചുള്ള ഹസ്തഘോഷങ്ങൾക്കുപരി ഉയന്ന ആ ധ്വനി കേട്ടാൽ മറക്കാവുന്നതാണോ? ആ ശബ്ദം വ്യത്യാസലേശംപോലുമില്ലാതെ റെക്കോർഡ് ചെയ്തിരുന്നതു് ഇതിലെല്ലാററിലും അത്ഭുതം. ഓരോ പാട്ടിനും പ്രതിഫലമായി ലഭിച്ച വൻപിച്ച ഹസ്തഘോഷം ഏതൊരു താരത്തെയാണു് അസൂയാകുക്ഷി ആക്കാത്തതു്. ചിലർ സന്തോഷത്താൽ മതിമറന്നു "എൻകോർ" പറകപോലും ചെയ്തു! 'ഈ വിധം ഒരു സ്വീകരണം ആർക്കെങ്കിലും ലഭിച്ചതായിഎനിക്കു അറിവില്ല" എന്നാണു ഒരു പ്രധാന അമേരിക്കൻപത്രത്തിന്റെ പ്രതിനിധി പറയുന്നതു്.

ഈ കോലാഹലത്തിനിടയിൽ സ്റ്റേജിനുള്ളിലുണ്ടായിരുന്ന ററാബർ സദസ്യരുടെ മുൻപിൽ പൊട്ടുന്നനെ പ്രത്യക്ഷപ്പെട്ടു അദ്ദേഹത്തിന്റെ ഒന്നുരണ്ടു പ്രത്യേകപാട്ടുകൾ പാടി അവരെ കുതൂഹലചിത്തരാക്കി.

കളി അവസാനിച്ചു ററാബറിനു നൾകിയ വമ്പിച്ച സ്വീകരണവേളയിൽ അദ്ദേഹത്തോടു ഒരു വാക്കു പറയുവാൻ ശ്രമിച്ച ആളുകളുടെ സംഖ്യ! ആവൂ. പുഞ്ചിരിതൂകി, തന്റെ ചുററും കൂടിയവരെ ശിരസ്സുതാഴ്ത്തി നമസ്കരിച്ചു ഒരുവിധത്തിൽ അദ്ദേഹം അവിടെനിന്നും മറഞ്ഞു.

നാടകത്തോടും സംഗീതത്തോടും അതിയായ വിരക്തി പ്രദർശിപ്പിക്കുന്ന നമ്മുടെ യാഥാസ്ഥികക്കു ററാബർ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടട്ടെ.

ഭാരതത്തിനുവേണ്ടി ജീവിച്ച ഒരു പാശ്ചാത്യവനിത.

കോന്നിയൂർ കെ. മീനാക്ഷിയമ്മ എം. എ.

ഭാരതവീരസന്താനങ്ങളുടെ ആദർശമഹനീയതയിൽ മയങ്ങി, സ്വജനങ്ങളേയും സ്വരാജ്യത്തെയുമുപേക്ഷിച്ചു ഈ കർമ്മഭൂമിയിൽ ആഗതരായി അന്യോപകാരവ്രതം അനുഷ്ഠിച്ചുജീവിച്ചിട്ടുള്ള പാശ്ചാത്യവനിതകളിൽ സർവ്വഥാ ഗണനീയയായിട്ടുള്ള ഒരു മഹതിയാണു് സഹോദരി ക്രിസ്റ്റീൻ. വേദാന്തകേസരിയായിരുന്ന വിവേകാനന്ദസ്വാമിയുടെ ഗംഭീരഗർജ്ജനത്താൽ ആകൃഷ്ടയായി ഹിമാലയസാനുപ്രാന്തങ്ങളിൽ വിഹരിക്കാൻ പുറപ്പെട്ട ഈ പാശ്ചാത്യകേസരിണി, സ്വാമിജിയുടെ പ്രഥമശിഷ്യയായിരുന്ന സഹോദരിനിവേദിതയോടൊത്താണു് ആചാര്യദേവന്റെ ജന്മഭൂമിയെ ആരാധിക്കാനായി ഇൻഡ്യയിൽ ആഗതയായതു്.

ക്രിസ്തുവർഷം 1894 ൽ ഡെയിററു് എന്ന സ്ഥലത്തുള്ള ഒരു വിദ്യാലയത്തിൽ ആദരണീയമായ അദ്ധ്യാപനവൃത്തിയിൽ ഇരിക്കുമ്പോഴാണു് ക്രിസ്റ്റീനാ പ്രഥമമായി അദ്ദേഹത്തെ ദർശിച്ചതു്. അമേരിക്കയിൽ അന്നത്തെ സർവ്വജനാരാധകൻ സ്വാമിജിയായിരുന്നു. അവിടെയുള്ള പണ്ഡിതന്മാരും പ്രഭുക്കളും, സമുദായനേതാക്കളും ഒന്നുപോലെ അദ്ദേഹത്തെ ബഹുമാനിച്ചു പ്രതിദിനപത്രങ്ങളിൽ അദ്ദേഹത്തിന്റെ ഗതിവിവരങ്ങൾ വലിയക്ഷരത്തിൽ കുറിച്ചിരുന്നു. വിവേകാനന്ദന്റെ ഭക്ഷണരീതിപോലും അന്നത്തെ അമേരിക്കൻപത്രങ്ങളിൽ പ്രതിപാദിച്ചിരുന്നു.

അഭിനന്ദനങ്ങളും അനുമോദനങ്ങളും ഹൃദയംഗമങ്ങളായ ക്ഷണക്കത്തുകളുംഅദ്ദേഹത്തിന്റെ നേർക്കു പ്രവഹിച്ചുകൊണ്ടിരുന്നു.

ഡെററിയററിൽ ഒരു പ്രസംഗമണ്ഡപത്തിൽവച്ചാണു് ഈ ഹിന്ദുത്യാഗിയെ, ക്രിസ്റ്റീനാ ആദ്യമായി കണ്ടതു്. മററു അമേരിക്കൻവനിതകളെപ്പോലെതന്നെ അവൾക്കും അദ്ദേഹത്തെ ദർശിച്ചപ്പോൾ അവാച്യമായ ഒരു ബഹുമാനവും ആകർഷണവും തോന്നി. ആ അനവദ്യവർണ്ണശോഭയും നിഷ്കളങ്കതചിന്തുന്ന മോഹനവദനവുംതീക്ഷ്ണതയെ സൂചിപ്പിക്കുന്ന പ്രകാശനയനങ്ങളും അവളിൽ അത്ഭുതവും ബഹുമാനവും ഉളവാക്കി.

അമേരിക്കാ സ്ത്രീകളുടെസ്വർഗ്ഗമാണല്ലോ. പുരുഷന്മാരെ അപേക്ഷിച്ചു സംസ്കാരവതികളും പ്രതിഭാശാലിനികളുമായ അനവധി വനിതകളാൽ സമ്പന്നമായ ഒരു രാജ്യമാണു് അമേരിക്കാ. ഇവരുടെ സൌന്ദര്യവിലാസങ്ങൾ വിവേകാനന്ദനെ ആകർഷിച്ചില്ലെങ്കിലും, പ്രബുദ്ധമതികളും കലാനിപുണകളുമായ സ്ത്രീജനങ്ങളോടു സഹവസിക്കുന്നതിനു അദ്ദേഹം ആഗ്രഹിച്ചിരുന്നു. സ്വന്തനാട്ടിൽ ഇപ്രകാരമുള്ള സ്ത്രീകളോടു സ്വാതന്ത്ര്യമായി പെരുമാറാൻ അദ്ദേഹത്തിനു ഒരിക്കലും അവസരം ലഭിച്ചിരുന്നില്ല.

ഒരുദിവസം യാദൃച്ഛികമായി അദ്ദേഹം പിന്നീടു തന്റെ പ്രിയശിഷ്യകളിൽ പ്രധാനിയായി അനേകം മഹിതകർമ്മങ്ങൾ അനുഷ്ഠിച്ച ആ മനസ്വിനിയെ— സഹോദരി നിവേദിതയെ— കാണുന്നതിനിടയായി. അവരോടൊന്നിച്ചുണ്ടായിരുന്നുക്രിസ്റ്റീനയും. അനന്തരകാലത്തു പുഷ്ടിപ്രാപിച്ചു പ്രകാശിച്ച പരിശുദ്ധഗുരുശിഷ്യബന്ധം അന്നു് അങ്ങനെ ബീജാവാപം ചെയ്യപ്പെട്ടു. അതിനുശേഷം അമേരിക്കയിൽവച്ചു മൂന്നുനാലു പ്രാവശ്യംകൂടി അവളെ കണ്ടു സംസാരിക്കുന്നതിനു സ്വാമിജിക്കു സാധിച്ചിട്ടുണ്ടു്. ആ പാവനാംഗിയുടെ ഹൃദയാന്തർഭാഗത്തു പ്രകാശിച്ചിരുന്ന പരിശുദ്ധിയും നിഷ്കളങ്കതയും കാണുന്നതിനു് അദ്ദേഹത്തിന്റെ സൂക്ഷ്മദൃഷ്ടിക്കു കഴിഞ്ഞു. ഭാരതത്തിൽ തനിക്കു് ഭാവിപ്രവർത്തനങ്ങളിൽ ഒരു ഭാഗഭാക്കായി അപ്പോൾതന്നെ അദ്ദേഹം അവളെ നിശ്ചയിക്കയും ചെയ്തു. തന്റെ സഹപ്രവർത്തകരിൽ ഉണ്ടായിരിക്കണമെന്നദ്ദേഹം ആശിച്ച ഹൃദയശുദ്ധിയും, ത്യാഗസന്നദ്ധതയും സഹനശക്തിയും ക്രിസ്റ്റീനയുടെ മോഹനനേത്രങ്ങളിൽ അദ്ദേഹംദർശിച്ചു.

ഒരുദിവസം അദ്ദേഹത്തിന്റെ ഒരു പാശ്ചാത്യസ്നേഹിതനോടു അവളെപ്പററി അന്വേഷണം നടത്തിയിട്ടു അവസാനത്തിൽ അദ്ദേഹം ചോദിച്ചു "അവൾ പരിശുദ്ധമാലതിപോലെ നിഷ്കളങ്കയും പാവനയുമല്ലേ". "അതേ സ്വാമിജി, അവൾ പരിപാവനതയുടെ മൂർത്തീകരണംതന്നെ സംശയമില്ല." അയാളുടെ മറുപടികേട്ടപ്പോൾ അദ്ദേഹത്തിന്റെ വദനം പ്രകാശരശ്മികൊണ്ടു നിറഞ്ഞു ഉത്സാഹപൂർവ്വം അദ്ദേഹം ധൃതിയിൽ പറഞ്ഞു "അതേ, എനിക്കതാദ്യമേതന്നെ അറിയാം നല്ലതുപോലെ അറിയാം. എന്റെ ജന്മദേശത്തു എനിക്കു അവളെക്കൊണ്ടു പലതും ചെയ്യാനുണ്ടു് "

പരിഷ്കൃതകളും സ്വച്ഛന്ദവൃത്തികളുമായ അമേരിക്കൻസ്ത്രീകളുടെ സ്ഥിതിയോടു താരതമ്യപ്പെടുത്തുമ്പോഴെല്ലാം, ഭാരതത്തിലെ അജ്ഞകളും അസ്വാതന്ത്ര്യമായ സഹോദരികളുടെ ദയനീയാവസ്ഥ അദ്ദേഹത്തിന്റെ ഹൃദയത്തെ മഥിപ്പിച്ചുകൊണ്ടിരുന്നു. ഭാരതസ്ത്രീകളുടെ അഭിവൃദ്ധിക്കായി ജീവനെ സമർപ്പിക്കാൻ തയാറുള്ള ഒരു പാശ്ചാത്യ വനിതയെ ലഭിക്കുന്നതിനു് അദ്ദേഹം തൃഷ്ണയോടു ആഗ്രഹിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അതു്.

ക്രിസ്റ്റീൻ, സ്വതേ, ഒരു ചിന്താശീലയും ഹൃദയവതിയുമായിരുന്നു. ഊർജ്ജസ്വലതയുടേയും, നിഷ്കളങ്കതയുടേയും നികേതനമായിരുന്ന ഈ ഹിന്ദുസന്യാസിയുടെ പ്രസംഗങ്ങളും പ്രഭാഷണങ്ങളും ഇതിനിടയ്ക്കു് ധാരാളം ശ്രവിക്കുന്നതിനവൾക്കുസാധിച്ചു. അദ്ദേഹത്തിന്റെ സന്ദേശങ്ങളിൽ അഭൂതപൂർവ്വമായ ഒരുപുതുമയും, ആസ്വാദ്യതയും, അവൾ കണ്ടു. അവളുടെ നിരന്തരചിന്തക്കു പാത്രമായ പല ആശയങ്ങളും അതിൽ അടങ്ങിയിട്ടുണ്ടായിരുന്നു. എന്നെങ്കിലും അദ്ദേഹത്തെ അവൾ കണ്ടെത്തുമെന്നും ഗുരുവായി വരിക്കുമെന്നും നിശ്ചയിച്ചു.

ശരീരസുഖാർത്ഥം ചില ശിഷ്യന്മാരോടുചേർന്നു വിവേകാനന്ദൻ പ്രകൃതിമനോഹരമായ ഒരു ഭൂഭാഗത്തു വാസമാക്കിയ വിവരം ക്രിസ്റ്റീനാ അറിയാനിടയായി. പിറേറദിവസംതന്നെ ഒരു മിത്രത്തോടൊത്തു അവൾ അദ്ദേഹത്തിനെ സന്ദർശിക്കാനായി പുറപ്പെട്ടു. അനവധി വിഷമങ്ങൾ സഹിച്ചു ഒടുവിൽ അദ്ദേഹത്തിന്റെ വന്യാശ്രമത്തിൽ അവർ എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ വിശ്രമത്തെ ഭഞ്ജിക്കേണ്ടിവരുമോ എന്നാവൾ ഭയപ്പെട്ടു. എന്നാൽ സദാ അവളുടെ ഉള്ളിൽ കത്തിജ്വലിച്ചുകൊണ്ടിരുന്ന ശക്തിയേറിയ ആശ അടക്കുന്നതിനു അവൾക്കു കഴിഞ്ഞതുമില്ല. ഈ അസാധാരണ മനുഷ്യനെക്കുറിച്ചു സകലതുമറിയാനുള്ള ആഗ്രഹം അവൾക്കു അമിതമായി വർദ്ധിച്ചു. "അന്നൊരു അന്ധകാരംനിറഞ്ഞ മഴദിവസമായിരുന്നു. നടന്നു ക്ഷീണിച്ചു ഞങ്ങൾ അദ്ദേഹത്തിന്റെ വസതിയിൽ എത്തിച്ചേർന്നു. ക്ഷണിക്കാതുള്ള ആഗമനം എത്രത്തോളം സ്വാഗതകരമായിരിക്കുമെന്നുള്ളതിനെക്കുറിച്ചു എനിക്കു പല ആശങ്കകളുമുണ്ടായിരുന്നു. ധൈര്യമവലംബിച്ചു ഞാൻ ചെന്നു അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. എന്നെ തിരക്കി കൂട്ടപ്പെട്ടെത്തിയിരിക്കുന്ന എന്റെ പ്രിയ ശിഷ്യ, എന്നുപറഞ്ഞു എനിക്കു ഹൃദയംഗമമായ സ്വാഗതമരുളി. ക്രിസ്തു ജീവിച്ചിരുന്നെങ്കിൽ എന്റെ ആത്മീയഭാരം കുറയ്ക്കാൻ അദ്ദേഹത്തെ എപ്രകാരം അഭയം പ്രാപിക്കുമായിരുന്നുവോ അതുപോലെ ഇതാ ഞാൻ അവിടുത്തെ അടുക്കൽ അണഞ്ഞിരിക്കുന്നു. "എന്നുപറഞ്ഞു ഭക്തിപൂർവ്വം അദ്ദേഹത്തിന്റെ പാദത്തിൽവീണു നമസ്കരിച്ചു. "കഷ്ടം, എനിക്കു ക്രിസ്തുവിന്റെ അനുഗ്രഹശക്തി ഇല്ലാതായിപ്പോയല്ലൊ" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. കുറച്ചു സമയം സ്നേഹപൂർവ്വം എന്റെ മുഖത്തുതന്നെ ദൃഷ്ടിയുറപ്പിച്ചു നിന്നിട്ടു അകത്തുപോയി വിശ്രമിക്കുന്നതിനെന്നോടാജ്ഞാപിച്ചു. അന്നുമുതൽ എന്റെ ജീവിതം പാടെ വ്യത്യാസപ്പെട്ടു. ഇങ്ങനെയാണു് ക്രിസ്റ്റീന തന്റെ അനുഭവത്തെപ്പററി പറയുന്നതു്.

ത്യാഗജീവിതത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചും തുംഗമായ കരുണയുടെ ദിവ്യതയെക്കുറിച്ചും അന്നു അദ്ദേഹം തന്റെ ശിഷ്യക്കുപദേശിച്ചുകൊടുത്തു. ക്രിസ്റ്റീനയോടു സംസാരിക്കുമ്പോഴെല്ലാം ഒരു പിതാവിനു സ്വന്തം പുത്രിയോടു തോന്നുന്ന ക്ഷമയും സന്തോഷവും വാത്സല്യവും ആ ദിവ്യനയനങ്ങളിൽ കളിയാടിയിരുന്നു.

സഹോദരി ക്രിസ്റ്റീനാ അടുത്തതായി സ്വാമിജിയെ സന്ദർശിച്ചതു ബേലൂർമഠ

ത്തിൽ അദ്ദേഹത്തിന്റെ സമാധിക്കു കുറെ മാസങ്ങൾക്കു മുൻപായിരുന്നു. ഭാരതത്തിലെ സ്ത്രീകൾക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന സിസ്റ്റർ നിവേദിതയെ അവരുടെ മഹൽകൃത്യങ്ങളിൽ സഹായിക്കണമെന്നുള്ള താല്പര്യത്തോടുകൂടിയാണു ആദ്യമായി ക്രിസ്റ്റീന 1902-ൽ ഇന്ത്യയിൽ വന്നതു്. വിദ്യാഭ്യാസകാര്യങ്ങളിൽ ഇവൾക്കുള്ള ജ്ഞാനവും പരിചയവും ഇവിടെ ഫലപ്രദമാക്കണമെന്നായിരുന്നു സ്വാമിജിയുടെ അത്യാഗ്രഹം. ധവളസുന്ദരമായ 'ലില്ലി'ക്കുതുല്യം നിസർഗ്ഗശുദ്ധി പ്രകാശിച്ചിരുന്ന അവളുടെ വദനവും സ്വഭാവവൈശിഷ്ട്യവും ഒരു അദൃശ്യപാശത്താൽ അവളെ അദ്ദേഹത്തോടു ബന്ധിച്ചിരുന്നു. സേവനത്തിനുള്ള അവളുടെ ജന്മസിദ്ധമായ തൃഷ്ണ സ്വാമിജിയുടെ പരിശീലനത്താൽ പ്രോജ്ജ്വലമായിത്തീർന്നു. ഭാരതത്തിന്റെ ശാശ്വതഗുണത്തിനുവേണ്ടി ഉത്സാഹപൂർവ്വം പ്രവർത്തിക്കാൻ അവൾ ആരംഭിച്ചു.

1903-ലെ ശൈത്യമാസാവസാനത്തിൽ ക്രിസ്റ്റീന ഇന്ത്യയിൽ വനിതകളെയെല്ലാം ചേർത്തു വിദ്യാഭ്യാസവികാസത്തിനായി ഒരു പ്രവർത്തകസംഘം രൂപീകരിച്ചു. സിസ്റ്റർ നിവേദിതയുടെ തീവ്രപരിശ്രമത്തിന്റെ ഫലമായി ബാലികമാരുടെ പരിശീലനത്തിനുള്ള ഒരു ചെറുവിദ്യാലയമേ പറയത്തക്കതായി അന്നുണ്ടായിരുന്നുള്ളു. ക്രിസ്റ്റീനായുടെ ആഗ്രഹമെല്ലാം വിവാഹിതകളും വിധവകളുമായ മുതിർന്ന സ്ത്രീകളുടെ ദയനീയനില നന്നാക്കണമെന്നായിരുന്നു. അന്യനാട്ടുകാരിയായ ഒരു വെള്ളക്കാരിയുടെ വിദ്യാലയത്തിൽ പ്രവേശിക്കുന്നതിനുപോലും ആദ്യഘട്ടങ്ങളിൽ അക്കാലത്തെ യാഥാസ്ഥിതികർ സംശയിച്ചു. എന്നാൽ തീക്ഷ്ണവും സ്ഥിരവുമായ അവളുടെ ഉത്സാഹവും സ്നേഹപൂർണ്ണമായ പ്രേരണയുംകൊണ്ടു് അചിരേണതന്നെ ആശാതീതമായ ഒരു വിജയം ഈ പ്രസ്ഥാനത്തിൽ അവൾക്കു ലഭിച്ചു. നാട്ടിൽ പേരും പെരുമയുമുള്ള അനവധി കുബേരകുടുംബങ്ങളിലെ സ്ത്രീകൾപോലും കൂട്ടം കൂട്ടമായി ക്രിസ്റ്റീനയുടെ നവീന വിദ്യാശാലയിൽ സന്നിഹിതരാകാൻ തുടങ്ങി. യുവവധുക്കളുടെ പരിശീലനത്തിനായി ഒരു ചെറിയ ശാഖാസ്ഥാപനവും തുറക്കപ്പെട്ടു. നാലുകെട്ടിന്റെ നാലു ഭിത്തികളിൽ സകല പ്രപഞ്ചവും കണ്ടുകൊണ്ടിരുന്ന അനവധി വിവാഹിതകളായ വനിതകൾക്കു ഈ വിദ്യാലയം ഒരു അപൂർവ്വാനുഗ്രഹമായി പരിണമിച്ചു. ഗൃഹസ്ഥജീവിതത്തിലെ വിശ്രമാവസരങ്ങളിൽ മനസ്സിനും ദേഹത്തിനും ആയാസവും ആനന്ദവും നൽകുന്ന തുന്നൽപണികൾ മുതലായവ മനസ്സിലാക്കുന്നതിനു പുറമെ ഒരുത്തമസ്ത്രീക്കു അവശ്യം ഉണ്ടായിരിക്കേണ്ട മാനസികവികാസത്തിനുള്ള പരിശീലനവും ഇവിടെ ലഭിച്ചു. ക്രിസ്റ്റീനയുടെ അനിവാര്യമായ ഉത്സാഹശക്തിയും കർമ്മകുശലതയും ആത്മവിശ്വാസവും ഭാരതീയസംസ്കാരത്തോടും പാരമ്പര്യത്തോടും അവൾക്കുണ്ടായിരുന്ന ആദരവും എന്തിലുംമീതെ ഈ പുണ്യഭൂമിയെ സേവിക്കുന്നതിനുള്ള ആസക്തിയുംചേർന്നു അല്പകാലംകൊണ്ടു അവൾക്കു ഇന്ത്യയിൽ വനിതകളുടെ ഇടയിൽ ഒരു വലിയ സ്ഥാനവും വിജയവും ലഭിച്ചു. സിസ്റ്റർ നിവേദിത ആരംഭിച്ച വിദ്യാലയത്തിനു ഇന്നത്തെ ഉറപ്പും വലിപ്പവും ലഭിക്കുന്നതുവരെ അവൾ അക്ഷീണം പരിശ്രമിച്ചു. വിദ്യാലയത്തിനു പുറമേയും ക്രിസ്റ്റീനയുടെ സ്ഥാനം അതിശ്രേഷ്ഠമായിരുന്നു. അവളുടെ അനുഭാവപൂർണ്ണമായ പുഞ്ചിരിയും മൃദുലവചസ്സുകളും, സ്നേഹപ്രകടനങ്ങളും ചുറ്റുമുള്ളവരുടെ ദുഃഖത്തെ കുറയ്ക്കുന്നതിനു പര്യാപ്തമായിഭവിച്ചു. അവളുടെ സാന്നിദ്ധ്യമുള്ള പ്രദേശമെല്ലാം ആനന്ദരംഗങ്ങളായി മാറുവാൻതുടങ്ങി

൧൯൧൧-ലാണു സിസ്റ്റർ നിവേദിത ദിവംഗതയായതു്.

സഹപ്രവർത്തകയുടെ മരണാനന്തരം മൂന്നുനാലുവർഷംകൂടി, അവർ സമാരംഭിച്ച പല പ്രവർത്തനങ്ങളുടേയും യഥാർത്ഥ ജീവനായി അവൾ പ്രയത്നിച്ചു. അക്കാലത്താണു ലോകമഹായുദ്ധം ആരംഭിച്ചതു്. മഹായുദ്ധത്തിന്റെ കുഴപ്പത്തിൽ ക്രിസ്റ്റീനക്കു സ്വദേശത്തേക്കു മടങ്ങിപ്പോകേണ്ടതായിവന്നു എന്നാൽ ൧൯൨൪-ൽ അവൾ വീണ്ടും തന്റെ ആശകളും പ്രതീക്ഷകളും നിക്ഷേപിച്ചിരുന്ന ഈ പുരാതനദേശത്തേക്കുതന്നെ തിരിച്ചുപോന്നു ഭാഗ്യദോഷത്താൽ പിന്നീടു അധികകാലം അവൾക്കു ഇവിടെ താമസിച്ചു പ്രവർത്തിക്കാൻ തരപ്പെട്ടില്ല. ദേഹാലസ്യത്താൽ പെട്ടെന്നുതന്നെ അവൾക്കു അമേരിക്കക്കു പോകേണ്ടതായി വന്നു. സ്വന്തനാട്ടിൽ എത്തീട്ടും അവളുടെ വിചാരവും പ്രാർത്ഥനയുമെല്ലാം ഭാരതത്തിനു വേണ്ടിമാത്രമായിരുന്നു.

താൻ സ്വയം മാതൃഭൂമിയായി സ്വീകരിച്ച പുണ്യദേശത്തേക്കുമടങ്ങിവരാനായി അക്ഷമയോടെ കാത്തിരിക്കവേയാണു മരണത്തിന്റെ നിഷ്ഠുരഹസ്തങ്ങൾ അവിചാരിതമായി ആ സുചരിതയെ ഗ്രഹിച്ചതു്. ഭാരതത്തിനു പൊതുവേയും, ഭാരതത്തിലെസ്ത്രീകൾക്കു വിശേഷിച്ചും അപരിഹാര്യമായ ഒരു നഷ്ടംതന്നെയായിരുന്നു ക്രിസ്റ്റീനയുടെ ചരമം.

ക്രിസ്റ്റീനയുടെ ശാന്തസുന്ദരമായ വദനത്തിൽ ഒരു അമേയമായ ഭാരതീയത്വം എപ്പോഴും കളിയാടിയിരുന്നതായി എല്ലാവർക്കും അനുഭവപ്പെട്ടിരുന്നു. പാശ്ചാത്യവനിതകളുടെ പ്രത്യേക ലക്ഷണമായ "അഹമേവ സർവ്വ"മെന്നുള്ള ഭാവം അവളുടെ കോമളമുഖത്തു ഒരിക്കലും നിഴലിച്ചിരുന്നില്ല. ഒരു മാതാവിന്റെ അഗാധമായ പ്രേമവും ഒരു ആചാര്യദേവന്റെ ദിവ്യമായ ക്ഷമയും, വിനയവും അവളുടെ നിത്യഭൂഷണങ്ങളായിരുന്നു. വിവേകാനന്ദസ്വാമി തന്റെ പ്രിയശിഷ്യയ്ക്കു് അയയ്ക്കാറുള്ള കത്തുകൾ വായിച്ചാൽ ക്രിസ്റ്റീനയെപ്പറ്റി ആ അപാരമനുഷ്യപ്രേമിക്കുണ്ടായിരുന്ന അഭിപ്രായമെന്തെന്നു അറിയാറാകും. "മാതാവിന്റെ ഹൃദയവും വീരപുരുഷന്റെ സ്ഥിരനിശ്ചയവും മൃദുലകുസുമത്തിന്റെ മനോഹരഗന്ധവും സ്ത്രീത്വത്തിന്റെ മാധുര്യമഹിമയും, ഹൃദയവേദിയിലെ പരിശുദ്ധിയും, ഭരണവൈഭവവും സേവനത്തിനുള്ള ശക്തിയും, ക്ഷമിക്കാനുള്ള കഴിവും, അനന്തമായ ആത്മവിശ്വാസവും അന്തര്യാമിയായിട്ടുള്ള അനശ്വരപ്രേമവും അതേ!! ലോകാരാധനയ്ക്കുള്ള സകലസമ്പത്തും അല്ലയോ? മുഗ്ദ്ധേ! നിന്നിൽ ഞാൻ കാണുന്നു. ലോകമാതാ! നിന്നെ അനുഗ്രഹിക്കട്ടെ" എന്നിങ്ങനെ പോകും അദ്ദേഹത്തിന്റെ കത്തുകൾ. സിസ്റ്റർ നിവേദിതയെപ്പോലെ സാഹിത്യരചനയിൽ പാടവമില്ലായിരുന്നെങ്കിലും ക്രിസ്റ്റീനയുടെ അഗാധബുദ്ധിയും സാമർത്ഥ്യവും അജയ്യങ്ങളായിരുന്നു. കേസരിയുടെ വീറും അജത്തിന്റെ ശാന്തതയും അവളിൽ കലർന്നിരുന്നു. ത്യാഗപൂർവ്വമായ അവളുടെ ജീവിതം നിശ്ശബ്ദമായി കഴിച്ചുകൂട്ടി.

പൂവു വീണുപോയാലും സൌരഭ്യം നെടുനാൾ പരത്തുന്ന ചെമ്പകസുമംപോലെ മനോഹരമായിരുന്ന ഈ പാശ്ചാത്യസുമനസ്സ് ഇന്നും ഭാരതീയാന്തരിക്ഷത്തിൽ തന്റെ സൌശീല്യമഹിമാസൌരഭ്യം പരത്തി പ്രശോഭിച്ചുകൊണ്ടിരിക്കുന്നു.

ഇരുളിൽ.

ചങ്ങമ്പുഴ കൃഷ്ണപിള്ള— ഇടപ്പള്ളി.

ഇനിയൊരിക്കലുംകിട്ടാത്തമട്ടിലെൻ
പിടിയിൽനിന്നും വഴുതിയഭാഗ്യമേ!
വിവിധചിന്തയാൽ വാടിക്കരിഞ്ഞൊരെൻ
വിമഥിതമായ മാനസവല്ലിയിൽ,
നവനവോന്മേഷദോക്തികളാ,ലിളം
തളിർപൊടിപ്പിച്ച ദിവ്യസൗഹാർദ്ദമേ!
എവിടെ,യെങ്ങുനീ? - നിന്നെയോർത്തോർത്തിതാ
വിവശിതാത്മനായ് നിന്നുകേഴുന്നുഞാൻ!

കരളുനൊന്തുനൊന്തത്യന്തദൂനനായ്
കഴിയുമിക്കൊച്ചുനിസ്സാരജീവിയെ,
ഇവിടെ,യിക്കൊടുംക്രൂരിരുൾപാതയി-
ലിതുവിധംവെടിഞ്ഞെങ്ങെങ്ങൊളിച്ചു,നീ?
വിജനഭീരുഞാനത്യുഗ്രമാകുമീ
വിരഹമയ്യോ! സഹിക്കുന്നതെങ്ങനെ?...

* * * *

തിരകളെല്ലാംതളരുന്നു; ശൂന്യമാ-
മിരുളിലേയ്ക്കിതാ താഴുന്നുഭൂതലം
ഉഡുനിരകൾനുറുങ്ങിവീഴുന്നു; ഹാ!
തരിതരിയായ്ത്തെറിക്കുന്നു,വിണ്ടലം.
ഇടിമുഴങ്ങിക്കൊടുംകാററടിച്ചടി-
ച്ചുഷിലവുംവീണടിയുന്നുമേൽക്കുമേൽ.
കടലിരച്ചിരച്ചേറുന്നു;കൊള്ളിമി-
നിടറിയോടുന്നുവാനിലെല്ലാടവും.
ഇതിനുസാക്ഷ്യംവഹിച്ചുനിൽക്കാനെനി-
ക്കരുതി,തെന്തൊരുവേതാളതാണ്ഡവം?
പരമഘോരമിതുററുനോക്കാനെനി-
ക്കരുതി,തെന്തൊരുകൽപാന്തസംഭവം?
അടിയുറയ്ക്കുന്നതില്ല;ഞാൻവേച്ചുവേ-
ച്ചുടനിവിടത്തിൽമൂർഛിച്ചുവീണുപോം!
എവിടെയയ്യോ,വെളിച്ചം!വെളിച്ചു!മി-
ത്തിമിരമെന്നെവിഴുങ്ങുന്നു നിർദ്ദയം!!...

* * * *

ചതവുപററിയ ജീവൻറഗൽഗദ-
ശ്രുതിയിലുംഹന്ത! താളംപിടിക്കലും;—
മനമുരുകിയുതിരുന്ന കണ്ണുനീർ-
ക്കണികകൾകൊണ്ടു ദാഹമടക്കലും;—
സ്ഥിതിയിതുതന്നെപണ്ടു,മിപ്പോഴു,മി-
ക്ഷിതിയിതുവിധംതന്നെയാംമേലിലും!
വിഫലമെന്തിനുപിന്നെ,ഞാനീവിധം
വികൃതഭാഷയിൽതേങ്ങിക്കരയണം?
പ്രണയതുന്ദിലമാണെന്നിരിക്കിലും
മമമൊഴികളിന്നാളില്ലകേൾക്കുവാൻ!

ഫലരഹിതമാംവാഗ്വാദഘോഷവും
പരിഭവങ്ങളും,പാഴ്കലഹങ്ങളും;
ചതിയു,മീർഷ്യയും,വൻപു,മസൂയയും
ഹൃദയശൂന്യമാംപച്ചച്ചിരികളും;
പരപരിഹാസവാഞ്ഛയും,വൈരവും
പരമനീചമായോരഹങ്കാരവും;
—മതി;യിതല്ലല്ലി,സാഭിമാനംസദാ
മഹിപുകഴ്ത്തുന്നമാനവജീവിതം?
അതു,മതുവെറുംപാഴ്ക്കിനാ,വാണതാ-
ണതിലുമേററംദയനീയമോർക്കുകിൽ!

ക്ഷണികതയ്ക്കൊരുപര്യായമാം,ഹിമ-
കണികമാത്രമാണീലോകജീവിതം.
അതിസുശക്തമാമായസഹസ്തവു-
മടിയുമന്ത്യത്തിലാഴക്കുചാമ്പലായ്!
വെറുതെയെന്തിനുപിന്നെ,യീവ്യർത്ഥമാം
പരിഭവവും,കലഹവും,കോപവും?
അരിയസൌഹാർദ്ദകൽപകമായയി-
ലണയുകല്ലല്ലി,നമ്മൾക്കൊരുത്സവം? —
കലിതസൌഹൃദംതങ്ങളിൽതങ്ങളിൽ
കരളുകൈമാറിയാശ്വസിച്ചങ്ങനെ.
സതതമൊന്നിച്ചുതോളോടുതോളുചേർ-
ത്തമരുകല്ലല്ലി,നമ്മൾക്കൊരുത്സവം? —
മരണ,മെത്തിവിളിക്കുംവരെയ്ക്കുനാം
മഹിയിലെന്തിനുവേറിട്ടുനിൽക്കണം?

പരമനിർമ്മലസ്നേഹമേ, നിന്നുടെ
പരിധിയില്ലാത്തനിർവാണമണ്ഡലം,
സുലളിതോജ്ജ്വലം,സുപ്രഭാസങ്കുലം
സുഖദസുന്ദരചിന്താസുരഭിലം! —
മഹിതമാകുമവിടമായീടണം
മഹിയിൽനമ്മൾതന്നാത്മലീലാങ്കണം!!... ..

* * * *

ഇതുവരെയുംതലചാച്ചുറങ്ങിയ
തണലിലെൻസുഖസ്വപ്നങ്ങളൊക്കെയും
ഉലകിൽനാകംരചിച്ചു;—പൊടുന്നനെ-
ച്ചിറകടിച്ചുപറന്നുമറഞ്ഞുപോയ്!
ചിലവിശേഷനിമിഷത്തിലെങ്കിലും
പരമനഗ്നമായ്കാൺമു ഞാംമായയെ!

അവനിയിലില്ലറിയാനൊരാളുമെ-
ന്നസഹനീയമാംനിശ്ശബ്ദസങ്കടം.
അമിതവാഞ്ഛകളില്ലെനിക്കെങ്കിലു-
മശ്രുഭാവിക്കടിമയായ്തീർന്നു,ഞാൻ.
കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻപരാജയം.
വിമലസൗഹാർദ്ദമാദ്യംത്യജിക്കുകിൽ
വിജയലക്ഷ്മിതൻകാമുകനായി,ഞാൻ!

ഉദിതരോഷനിഷേധസ്വരങ്ങളിൽ
മുദിതമാനസരെത്രപഴിക്കിലും,
നിരവധികനിരർഘഗുണങ്ങളാൽ
നിരുപമംഹാ,നിരാശതെ,നിൻമുഖം!
മുകരുകെന്നെനീമേലിലുമീവിധം
വിഗതഗർവനായുല്ലസിക്കട്ടെ,ഞാൻ!

ഹൃദയഭാഷകൾപോലുംഗ്രഹിക്കുവാൻ
കനിവെഴുന്നൊരെന്നോമൽസഖാക്കളെ!
പറവതെന്തിനിപ്രത്യേക,മെന്നിലും-
പരമഭിജ്ഞരാംനിങ്ങളോടൊക്കെ,ഞാൻ?
ഒരുയഥാർത്ഥസുഹൃത്തിനേക്കാളു,മീ-
യുലകിലില്ലെനിക്കൊന്നുമുപരിയായ്
മടിയെഴാതവനായിസ്സകൗതുകാ
മൊടിയുവനെൻറജീവനുംകൂടി,ഞാൻ!
ചിറകെനിക്കില്ല,ദേവനുമല്ലഞാ-
നൊരുവെറുംതുച്ഛമാനവകീടകം.

അറിവതുണ്ടുഞാനെങ്കിലും,സ്പഷ്ടമായ്
പരമനിർമ്മലസ്നേഹമഹിമയെ!

* * * *

വരികവീണ്ടുമിച്ചന്ദനഛായയിൽ
പരിചിൽനമ്മൾക്കൊരുമിച്ചിരുന്നിടാം.
പരിഭവങ്ങളഖിലംമറന്നിടാം
പലകഥകൾപറഞ്ഞുരസിച്ചിടാം.
ഹൃദയബാഷ്പത്തിനുള്ളോരനഘമാം
മധുരിമനമുക്കൊന്നിച്ചശിച്ചിടാം.

ഭുവനജീവിതവാഹിനിയെപ്പൊഴും
ദ്രുതഗതിയിൽകുതിക്കുകയല്ലയോ?
വരിക,യെന്തുംക്ഷണികമാ,ണൊക്കെയും
മറയു,മീനമ്മളെല്ലാംപിരിഞ്ഞിടും.
അതിനുമുൻപുപറയേണ്ടതൊക്കെയു-
മതിമധുരംപറഞ്ഞുനാംതീർക്കുക!
അരിയസൗഹാർദ്ദകൽപകഛായയി-
ലണയുകോടിയെന്നോമൽസഖാക്കളെ!
മരണമയ്യോമരണം! — വരു,നമു-
ക്കിനിയുമുണ്ടെത്രകാര്യങ്ങളോതുവാൻ!! ......

ചെറുകഥാപംക്തി

വിധിവിഹിതവിവാഹം.

വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ.

അവിവാഹിതകളായ തരുണീമണികളുടെ സംഖ്യ അനാശാസ്യമായവിധം വൎദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരുകാലമാണിതു്. എത്രഎത്രമാതാപിതാക്കന്മാരാണു് തങ്ങളുടെ യൗവ്വനയുക്തകളായ പുത്രിമാൎക്കു് അനുരൂപന്മാരായ വരന്മാരെ തേടി വിഷമിക്കുന്നതു് എന്നുള്ളതിനു് കണക്കില്ല. പ്രേമം പ്രേമം. ആ പരിശുദ്ധനാമം കടലാസുകഥകളിൽ ചാഞ്ചാടി കളിക്കുന്ന രണ്ടക്ഷരംമാത്രം. അഥവാ കലികാലത്തെ കഥയിലല്ലായിരിക്കാം യഥാൎത്ഥപ്രേമചരിത്രം വൎണ്ണിക്കപ്പെടുന്നതു് പ്രേമത്തിനുവേണ്ടിയുള്ള പരിണയം എവിടെയാണു് കാണപ്പെടുന്നതു. പരിണയശേഷമത്രേ പ്രേമാംകുരോദയം ഫലോത്ഭവത്തിനുശേഷമാണു് കുസുമോദയം!

പരിണയം പണത്തിന്റെ അടിമയാണു്. അല്ലെങ്കിൽ ഉദ്യോഗത്തിനു വിധേയമാണു്. ആ പരിശുദ്ധകൎമ്മം അനുരാഗത്തിന്റെ അയൽപക്കക്കാരികൂടിയല്ല. സൗന്ദൎയ്യത്തിന്റെ ഉററതോഴിയായും കാണുന്നില്ല. രണ്ടുഹൃദയങ്ങളുടെ പരസ്പരസമ്മേളനമല്ല. അതു് പണത്തിനോ ഉദ്യോഗത്തിനോവേണ്ടി വരദേഹം വലിഞ്ഞിഴഞ്ഞു് വധൂശരീരത്തെ താലോലിക്കുന്ന ഒരു കൎമ്മമാണു്. കലികാലകോലാഹലമോ പരിഷ്കാരത്തിന്റെ പരമകാഷ്ഠയോ? കാലചക്രത്തിന്റെ അപ്രതിരോധ്യമായ പരിഭ്രമണത്തിനടിമപ്പെടുക തന്നെ.

തിരുവനന്തപുരത്തു് സുന്ദരവിലാസത്തിലെ ഗോമതിക്കു് വയസ്സു ഇരുപത്തിരണ്ടുകഴിഞ്ഞു. ഇതുവരേയും അനുരൂപനായ ഒരു വരനെ ലഭിക്കാനുള്ള ഭാഗ്യം അവൾക്കോ മാതാപിതാക്കന്മാൎക്കോ ലഭ്യമായില്ല. ഗോമതി വിരൂപയാണെന്നുള്ളതല്ല അതിനുകാരണം തിരുവനന്തപുരത്തുള്ള മറെറാരുയുവതിയിലും ഉത്രവളരെ സൗന്ദൎയ്യം വഴിഞ്ഞൊഴുകുന്നില്ല. അവളുടെ സൗന്ദൎയ്യവൎണ്ണനയ്ക്കൊരുങ്ങുന്ന തൂലിക അതിനു കെല്പില്ലാതെ മടങ്ങുകയേയുള്ളു. വൎണ്ണനാചതുരനായ ഒരു മഹാകവി പ്രത്യംഗവൎണ്ണനയ്ക്കൊരുങ്ങിയാൽ ഏതാണ്ടൊക്കെ സാധിച്ചു എന്നുവരാം എന്നാൽ ആ കവിവൎയ്യൻ ആകപ്പാടെയുള്ള അവളുടെ സൗന്ദൎയ്യാമൃതത്തോടു അപരാധിയായിത്തീരുമെന്നുള്ളതിൽ സംശയമില്ല. അത്രയ്ക്കു മനോഹരയുവതിയാണു് ഗോമതി. മിസ്സ് ട്രാവൻകൂർ എന്നു പറഞ്ഞാൽ മതിയാകയില്ല. മിസ്സ് വേൾഡാണു്, മിസ്സ് യൂണിവേർസാണു്, ഗോമതിയെന്നു പറഞ്ഞാൽ പക്ഷേ അവളുടെ സൗന്ദൎയ്യത്തികവു എത്രയെന്നു സങ്കല്പിക്കാൻ സാധിച്ചേക്കാം. എന്നാലും ഗോമതിക്കു് ഒരു വരനുണ്ടായില്ല.

മാതാപിതാക്കന്മാരുടെ മനസ്താപം ക്രമാതീതമായി. എത്രപണം ചെലവുചെയ്തിട്ടും പുത്രിക്കു് ഒരു വരനെ തേടുന്നതിനു അവർ നിശ്ചയിച്ചു. ഉദ്യോഗദാനത്തിനു് ഗോമതിയുടെ പിതാവു പ്രാപ്തനായിരുന്നില്ല. തങ്ങളെ ഇതിൽ മനഃപൂൎവ്വം സഹായിക്കാൻ ആരുണ്ടു് എന്നു് അവർ ആലോചിച്ചു. മാതാവിന്റെ മനോദൎപ്പണത്തിൽ ഒരുരൂപം പ്രതിഫലിച്ചു. അവർ പറഞ്ഞു

"നമുക്കു് ആ കല്യാണപ്പണിക്കരെവിളിച്ചു ആലോചിച്ചുനോക്കാം ആൾ അതിസമൎത്ഥനാണു്. എത്ര കല്യാണങ്ങൾ അയാൾ നടത്തിയിട്ടുണ്ടു്. ഈയിടെ സ്വന്തതൊഴിലിൽ ഉദാസീനനാണെങ്കിലും നല്ലപ്രതിഫലം കിട്ടിയാൽ പുറപ്പെടാതിരിക്കയില്ല."

പിതാവിനും ആ അഭിപ്രായം സമ്മതമായി. ഉടനേതന്നെ പണിക്കരെവിളിക്കാൻ ആളയച്ചു.

II

കല്യാണപ്പണിക്കരെപ്പററി രണ്ടുവാക്കു പറയേണ്ടതുണ്ടു്..... ഇയാൾ കോട്ടയത്തുകാരനാണു് കരുണാകരപ്പണിക്കർ എന്നാണു് സാക്ഷാൽപേരു്. ഇട്ടപേരു വിളിക്കാതിരിക്കുന്ന സമ്പ്രദായം നമ്മുടെ നാട്ടിൽ ധാരാളമാണല്ലോ. ഇരുപത്തെട്ടിനിട്ടപേരൊന്നു്. വീട്ടിൽ വിളിക്കുന്ന പേരു മറെറാന്നു്. സ്ക്കൂളിൽ ചേൎക്കുമ്പോൾ പേരു വേറൊന്നു. ഇങ്ങിനേയും കാണാറുണ്ടു്. ചിലർ സ്വതസ്സിദ്ധമായ സാമൎത്ഥ്യംമൂലം പുതിയപേർ സമ്പാദിക്കുന്നു. കരുണാകരപ്പണിക്കർ എന്നപേർ അയാൾക്കു ഇരുപത്തെട്ടുകൊല്ലംവരെ നീണ്ടുനിന്നു. അക്കാലത്താണു് തൊഴിലില്ലായ്മക്കമ്മററിയിലെ ഒരു പ്രധാനമെമ്പറായ പണിക്കർതിരുവനന്തപുരത്തുവന്നുചേൎന്നതു്. പരീക്ഷകളൊന്നും പാസാകാത്തതുനിമിത്തം ഉദ്യോഗാപ്പക്ഷണം പിടിച്ചുപറിക്കാൻ ഒരുങ്ങുകയുണ്ടായില്ല. കുറച്ചുമാസങ്ങൾ ചില അങ്ങത്തന്മാരുടെ അടുക്കളവിചാരിപ്പുദ്യോഗം ഭരിക്കയുണ്ടായി. പക്ഷെ ആ കരിപിടിച്ച ഉദ്യോഗം അയാളിൽ അസംതൃപ്തിയുളവാക്കി. ഭാഗ്യവശാൽ ചില വിവാഹക്കേസുകൾ പണിക്കരുടെ കോടതിയിൽ ഫയലായിത്തുടങ്ങി. അതിലെല്ലാം വിജയപതാക പറപ്പിക്കാനും തൽക്കാലനിലക്കു ആശാസ്യമായ പ്രതിഫലം ലഭിക്കാനുംഇടയായി നിലയും വിലയുമുള്ള പല മാന്യന്മാരുമായുള്ള പരിചയലബ്ധിക്കു ഭാഗ്യവും ലഭിച്ചു. ഭാവിയിൽ ഒരു സമ്പാദ്യക്കാരനായേക്കാവുന്ന ലക്ഷണവും കണ്ടുതുടങ്ങി. ക്രമേണ, കരുണാകരൻഎന്നപേർ ഇങ്ങിനി വരാതവണ്ണം എവിടെയോ പോയിമറഞ്ഞു. കല്യാണപ്പണിക്കർ എന്നു പറഞ്ഞെങ്കിലേ തിരുവനന്തപുരത്തു ഈ മനുഷ്യനെ അറികയുള്ളു എന്ന നിലയായി. കല്യാണപ്പണിക്കർ ഇപ്പോൾ തിരുവനന്തപുരത്തെ ഒരു ചെറിയ പൗരനും, ചില പുരയിടങ്ങൾക്കും ഒരു നല്ല കെട്ടിടത്തിനും ഉടമസ്ഥനും ആണു്. നിസ്സാരകേസ്സുകൾക്കൊന്നും കല്യാണപ്പണിക്കർ ഇപ്പോൾ പോകാറില്ല. ഒരു കേസിനും പോകേണ്ടയാവശ്യം ഇപ്പോൾ പണിക്കൎക്കില്ലെങ്കിലും പെൻഷ്യൻ പററിയ പട്ടാളക്കാരേയും പോലീസുകാരെയുംപോലെ പഴയ സ്വാദു് പുനർഭവിച്ചുപോകുന്നതിൽ അതിശയിക്കാനില്ലല്ലൊ.

പണിക്കർ സുന്ദരവിലാസത്തുവന്നുചേൎന്നു. അതിഥിയെ അതിരററു സൽക്കരിച്ചതിനുശേഷം ഗോമതിയുടെ പിതാവു പറഞ്ഞു.

"പണിക്കരുചേട്ടൻ ഞങ്ങളെയെല്ലാംമറന്നുവോ? നമ്മുടെ ഗോമതിയുടെ കാൎയ്യത്തിനെന്താവേണ്ടതു്? നിങ്ങളല്ലാതെ ഞങ്ങളെ സഹായിക്കാനാരുണ്ടു്. എങ്ങിനെയെങ്കിലും കാൎയ്യം സാധിച്ചുതരണം.

പണിക്കർ പത്തുമിനിററുനേരം ചിന്താമഗ്നനായിരുന്നതിന്റെശേഷം പറകയാണു്.

"കാൎയ്യം വളരെ വിഷമത്തിലാണു കാണുന്നതു്. ഗോമതിയുടെ കാൎയ്യമായതുകൊണ്ടു പ്രത്യേകിച്ചും. ഒരുവിധം നല്ലനിലയിലുള്ള ഒരാളെവേണംതാനും. ഇക്കാൎയ്യത്തിൽ ഈയിടെ ഞാൻ വളരെ പുറകോട്ടുമാണു്. നിങ്ങളേയും ഗോമതിയേയുംകുറിച്ചു എനിക്കു പ്രത്യേകതാല്പൎയ്യമുണ്ടു്. ശ്രമിച്ചുനോക്കാം. അതുകൊട്ടെ, എന്തുചെലവാക്കാമെന്നുണ്ടു്?

പിതാവു്:— ഞങ്ങൾക്കു എങ്ങിനെയെങ്കിലും കാൎയ്യം സാധിക്കണമെന്നേയുള്ളു. പണിക്കരുചേട്ടൻ പറയുംപോലെ ചെയ്യാൻ തയ്യാർ

പണി:— എന്നാൽ ആറായിരംരൂപ കരുതിക്കൊള്ളു. അയ്യായിരം വരനും ആയിരം എനിക്കും.

ഗോമതിയുടെ പിതാവു സമ്മതിക്കതന്നെ ചെയ്തു. മാതാവു "സ്വന്തംകാൎയ്യമെന്നു കരുതണേ" എന്നു ഒരപേക്ഷകൂടെ സമൎപ്പിച്ചു. "അങ്ങിനെതന്നെ. ഒരുമാസത്തിനകം." എന്നു യാത്രയുംപറഞ്ഞു കല്യാണപ്പണിക്കർ അവിടെനിന്നുപോയി.

III

പണിക്കർ സ്വവസതിയിൽചെന്നുടനേതന്നെ അലമാരിതുറന്നു ഒരു തടിയൻ ബുക്കു പുറത്തെടുത്തു സമീപത്തുണ്ടായിരുന്ന ചാരുകസേരയിൽകിടന്നു നിവൎത്തുനോക്കുവാൻതുടങ്ങി. ആ ബുക്കിൽ പലപേരുകളും അവയ്ക്കു നേരെ പല കുറിപ്പുകളുംകാണാം. ചില പേരുകൾ വെട്ടിയിട്ടും ഉണ്ടു്. കാളേജുവിദ്യാഭ്യാസംകഴിഞ്ഞു ബി. എ. ഡിഗ്രി എടുത്തിട്ടുള്ള നായർയുവാക്കളുടെ പേരുകളാണതെല്ലാം. താൻമുഖേനയും അല്ലാതെയും വിവാഹബന്ധത്തിൽപെട്ടവരെയാണു വെട്ടിക്കളഞ്ഞിരിക്കുന്നതു്. ഓരോ താലൂക്കുകളും പരിശോധിച്ചു ഒടുവിൽ തിരുവല്ലയിൽചെന്നു. അവിടെ കോമത്തു ഗോപാലപിള്ള എന്ന പേരുകണ്ടു ചിന്താമഗ്നനായി. ഒടുവിൽ "ഇതുതന്നെ നമ്മു

(ശേഷം 21-ാംപുറം)



ഈയിടെ ലണ്ടനിൽനടന്ന ഐ. സി. എസ്സ്. പരിക്ഷയിൽ ഇൻഡ്യൻവിദ്യാർത്ഥികൾ ഉൾപ്പെടെ 26-പേർ വിജയികളായിരിക്കുന്നു

*　　*　　*

സിലോൺഗവർമ്മെണ്ടുജിവനക്കാരുടെ ശമ്പളക്കുറവു പരിഹരിക്കപ്പെട്ടിരിക്കുന്നു മന്ത്രിമാരുടെ ശമ്പളം ൧൦൦൦ ത്തിൽ നിന്നു ൧൪൦൦ ആക്കിയിരിക്കുന്നു.

*　　*　　*

കണ്ണിന്റെ കാഴ്ചയും, ആരോഗ്യവും വീണ്ടെടുത്ത പ്രധാനമന്ത്രി മി. റാംസേമാക്ഡൊനാൾഡ് ന്യൂഫൗണ്ട്ലൻഡിൽനിന്നു ഇംഗ്ലണ്ടിലേക്കു തിരിച്ചെത്തിയിരിക്കുന്നു.

*　　*　　*

ജർമ്മനിയിലെ ഏററവും വലിയ എണ്ണക്കിണററിനു തീപിടിച്ചിരിക്കുന്നു. നാലുവേലക്കാരെ കാണ്മാനില്ല ൧൧ പേക്കു കഠിനമായ പരുക്കേററിരിക്കുന്നു കിണററിനു ൩൦൦൦ അടിതാഴ്ചയുണ്ടു്. ഒരു വാതകത്തിനു തീപിടിച്ചതാണു് ഈ അത്യാഹിതത്തിനു കാരണം.

*　　*　　*

കമ്പിളി, മററു ജന്തുക്കളുടെ രോമങ്ങൾ മുതലായവ വാങ്ങാനുള്ള ലൈസൻസുകൾ, യഥാർത്ഥത്തിൽ അവ ഉദ്ദേശിച്ചിരിക്കുന്നതിന്റെ മൂന്നിലൊരുഭാഗംമാത്രം വാങ്ങാനാണു് എന്നു ജർമ്മനിയിലെ സാമ്പത്തികമന്ത്രി ഒരു ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു

*　　*　　*　　*

ജപ്പാനിൽ ചുഴലിക്കാററുനിമിത്തം ആകപ്പാടെ മരിച്ചവരുടെസംഖ്യ 2305-ാം പരുക്കേററവരുടെസംഖ്യ 7835-ാം പൂർണ്ണമായി നശിച്ച വീടുകളുടെസംഖ്യ 28221-ാം പകുതി നശിച്ച വീടുകളുടെസംഖ്യ 34576-ാം, ആണെന്നു കാണുന്നു

*　　*　　*

ഫ്രാൻസിൽ പോലീസിനെ ശുദ്ധമാക്കാൻ നിശ്ചയിച്ചിരിക്കുന്നു. മേലാൽ പോലീസ്കമ്മീഷണക്കു കളങ്കമററ ഒരു ഉദ്യോഗജീവിതമാണുണ്ടായിരിക്കേണ്ടതു്. ജുഡിഷ്യലും പോലീസും ഡിപ്പാർട്ടുമെന്റുകളിൽ പരിക്ഷകൊണ്ടാണു, ശുപാർശകൊണ്ടല്ല മേൽക്കയററം കൊടുക്കുന്നതു്.

*　　*　　*

20 മൈൽ ഉയരത്തിൽ പറക്കാനുള്ള ഒരു പുതിയബലൂൺ പ്രൊഫസർ പിക്കാർഡ് വിധാനംചെയ്തിരിക്കുന്നു. ഇതുവരെ 13-മൈലിൽകൂടുതൽ ഉയരത്തിൽ ആരും പറന്നിട്ടില്ല. വാഴ്സായിലെ ഒരു വിമാനനിർമ്മാണക്കമ്പെനിക്കാരുടെ പക്കൽനിന്നും അദ്ദേഹം ഒരു വിമാനം വരുത്താൻ പോകുന്നതായും ലാസേനിൽനിന്നറിയുന്നു.

*　　*　　*

മാഡ്രിഡിലെ സ്പാനിഷ് അധികാരികളുടെ വാറണ്ടനുസരിച്ചു ബോർഡ്യൂ എന്ന സ്ഥലത്തു ഫ്രഞ്ചു് അധികാരികൾ ഒരു സ്പാനിഷുകപ്പലിനെ തടഞ്ഞിരിക്കുന്നു ഒരു ബ്രിട്ടീഷുതുറമുഖത്തുനിന്നും ആയുധങ്ങൾ കയററി വ്യാജമായി സ്പെയിനിൽ ഇറക്കിയതാണു് ഇതിനു കാരണമെന്നറിയുന്നു.

*　　*　　*

ഹെർ ഹിററ്ലർ കർഷകരോടു ഒരു പ്രസംഗംചെയ്തു. അതിൽ അദ്ദേഹം വ്യൽപന്നമതികളെ കഠിനമായി ആക്ഷേപിക്കയും മാനസികജോലിയെ ആളുകൾ അതിർകവിഞ്ഞു ബഹുമാനിക്കുന്നതിനെപ്പററി വിപരീതാഭിപ്രായം പ്രകടിപ്പിക്കയും ചെയ്തു.

*　　*　　*

രണ്ടുമാസമായി ഡബ്ളിനിൽപത്രങ്ങൾ ഇല്ലാതിരിക്കയായിരുന്നു. ഇപ്പോൾ ഒരു തീരുമാനത്തിനുള്ള അടിസ്ഥാനം ഉണ്ടായിരിക്കുന്നതായി കാണുന്നു അതനുസരിച്ചു ചൊവ്വാഴ്ചമുതൽ പ്രസിദ്ധീകരണം തുടങ്ങിയിരിക്കുന്നു.

*　　*　　*

ചുഴലിക്കാററുമൂലം ദുരിതം അനുഭവിക്കുന്നവരെ സഹായിക്കാനായി റഷ്യ 6000പവൻ ജപ്പാനു നൽകിയിരിക്കുന്നു. അവിടത്തെ ദുരിതനിവാരണഫണ്ടിൽ ഇപ്പോൾ 60000 പവനിൽ കൂടുതലുണ്ടു്. ഒസാക്കാ, കിയോട്ടോ കോബ് മുതലായ സ്ഥലങ്ങളെ പുനസ്ഥാപിക്കുന്നതിനെപ്പററി ഉടനടി ഡയററുകൂടി ആലോചിക്കുന്നതാണു്.

*　　*　　*

റുമേനിയൻഗവർമ്മെന്റു രാജിവെച്ചിരിക്കുന്ന പുതിയ ഒരു മന്ത്രിസഭ രൂപീകരിക്കാൻ രാജാവു പ്രധാനമന്ത്രിയായ ററാററസ്കൂവിനോടാവശ്യപ്പെട്ടിരിക്കുന്നു. പാർലമെന്റു കൂട്ടംമുമ്പു രാഷ്ട്റിയനില ഒന്നു പരിശോധിക്കാൻ രാജാവു ആഗ്രഹിക്കുന്നു എന്നാണു പ്രധാനമന്ത്രി കാരണമായി പറയുന്നതു്.

*　　*　　*

പാരിസിലേക്കു പോകുന്ന ഒരു വിമാനം കെന്റിൽവച്ചു് തകർന്നിരിക്കുന്നു. വൈമാനികനും 3 യാത്രക്കാരും മരിക്കയും ചെയ്തു. വായുവിൽവച്ചുതന്നെ വിമാനം തകർന്നതായി ചിലർ കണ്ടു. ഒരാഴ്ചക്കകം ഇതു രണ്ടാമത്തെ വിമാനാപകടമാണു്. കഴിഞ്ഞആഴ്ചയിൽ സർ അലൻകോബാമിന്റെ വിമാനത്തിനു എണ്ണകൊടുത്തുകൊണ്ടിരുന്ന വിമാനം തകർന്നു 4 പേർമരിച്ചുപോയി ഇക്കൊല്ലം 17 വിമാനാപകടങ്ങൾ ഇംഗ്ലണ്ടിൽ ഉണ്ടാകയും 27 പേർ മരിക്കയും ചെയ്തിട്ടുണ്ടു്.

*　　*　　*

നാസിഗവർമ്മെണ്ടിന്റെ വിജയമായി ജർമ്മനി ഒരു നല്ല വിളവുകൊയ്തിരിക്കുന്നു. ഏകദേശം വ്യലക്ഷത്തോളം കർഷകർ ഹാനോവറിൽ കൂടി. അവിടെ റിച്ച്വെർ സൈന്യങ്ങൾ ഒരു പടക്കളിയും സൈനികബാന്റു നടത്തി. ഹാനോവറിലെ ബ്യൂക്കെബെർഗ് എന്ന സ്ഥലത്താണു് ഈ സൈന്യങ്ങളും കർഷകരും കൂടിയതു്. ഇവിടെവച്ചാണു് ജർമ്മനിയെ ആക്രമിച്ച ചാർലിമെയിനിനെ വിഡ്കിൻഡ് എന്ന ജർമ്മൻപ്രഭു എതിർത്തു എന്നു വിശ്വസിക്കപ്പെടുന്നു

*　　*　　*

ഇക്വഡോർ ലീഗ്ആഫ്നേഷൻസിൽ ചേർന്നിരിക്കുന്നു. അവകാശമുറയ്ക്കാണു് ഇക്വഡോർ ഇങ്ങനെ ചെയ്തിരിക്കുന്നതെന്നുള്ളതിനാൽ സോവിയററിനേയോ അഫ്ഗാനിസ്ററാനെയോപോലെയല്ല ഈ മെമ്പറിനെ ഗണിക്കേണ്ടതു്. അവകാശമുറയെപ്പററി വെഴ്സയിൽസ് ഉടമ്പടിയിൽ പറഞ്ഞിട്ടുള്ളതാണു്. അതിനാൽ ഇതിനു് ഔപചാരികമായ ഒരു പ്രഖ്യാപനംമാത്രം മതിയാകുന്നതാണു്.

*　　*　　*

ഒരു സംഘടിതഗവർമ്മേന്റു സ്ഥാപിക്കാനായി യുണൈററഡ് ആസ്ത്രേലിയാപാർട്ടിയുടെ നേതാവും, പ്രധാനമന്ത്രിയുമായ മി. ലയൺസ്; കൺട്രിപാർട്ടിയുടെ തലവനായ ഡാക്ടർ ഈ പേജിനെ ക്ഷണിച്ചിരിക്കുന്നു കൺട്രിപാർട്ടിക്കു മി. ലയൺസ് രണ്ടു മന്ത്രിസഭാസിററുകൾ നൽകുന്നു. ഒരു അസിസ്ററന്റു മന്ത്രിസ്ഥാനവും അദ്ദേഹം അവക്കു കൊടുക്കുന്നു. അവിടത്തെ പ്രതിനിധിസഭയിൽ യുണൈററഡ്ആസ്ത്രേലിയാപാർട്ടിയൽനിന്നു 32 പേരും കൺട്രിപാർട്ടിയിൽനിന്നു 15 പേരും ഫെഡറൽലേബർപാർട്ടിയിൽനിന്നു 18 പേരും സ്റ്റേററു ലേബർപാർട്ടിയിൽനിന്നു 9 പേരുമാണുള്ളതു്.

*　　*　　*

അസിറിയാക്കാരെ ബ്രിട്ടീഷ്ഗയാനായിൽ താമസിപ്പിക്കുന്നതിനെപ്പററി സർ ജാൺസൈമൺ എഴുതിയ ഒരു കത്തു പ്രസിദ്ധീകരിച്ചിരിക്കുന്നു. ബ്രിട്ടീഷ്ഗയാനായിൽ അവക്കു താമസിക്കാനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥലം ഇറാക്കിൽനിന്നു പോരണമെന്നു വിചാരിക്കുന്നവക്കെല്ലാം താമസിക്കാൻമാത്രമുള്ള വിസ്തീർണ്ണതയോടുകൂടിയതാണെന്നു കത്തിൽ പറയുന്നു. കൃഷികൊണ്ടു ആ സ്ഥലത്തിനു ഇനിയും ധാരാളം അഭിവൃദ്ധി വരാനുണ്ടു്. സ്ഥലത്തിനു 13000 ചതുരശ്രമൈൽ വിസ്താരമുണ്ടു്. 1500 ചതുരശ്രമൈൽസ്ഥലം കന്നുകാലികളെ തീററത്തക്ക പുൽത്തകടികളാൽ ആവൃതമായിരിക്കുന്നു. അടുത്ത മാർച്ചു 20 ാം



അരുവിക്കുഴിയിലെ ക്രൈസ്തവദേവാലയം.

ചങ്ങനാശ്ശേരി രൂപതയിൽ ആനിക്കാട്ടു പള്ളിവകയായി അരുവിക്കുഴി എന്ന പ്രസിദ്ധ വെള്ളച്ചാട്ടത്തിന്റെ കരയിൽ ലൂർദുമാതാവിന്റെ നാമധേയത്തിൽ നവീനമായി സ്ഥാപിച്ചിരിക്കുന്ന മനോഹരമായ ഒരു കപ്പേളയുടെ ഫോട്ടോ ആണു് മേൽ ചേർത്തിരിക്കുന്നതു്. 1925-ൽ റവ: ഫാദർ ജോസഫ് കോയിത്തറ അടിസ്ഥാനമിട്ടു്, റവ: ഫാദർ ജോർജ്ജു കമ്മാത്തുരുത്തേൽ അവർകളുടെ പരിശ്രമഫലമായി പണിതീർത്തു് 1934 മേയ്മാസത്തിൽ ഉൽഘാടനം ചെയ്യപ്പെട്ട പ്രസ്തുത കപ്പേളയിൽ ലൂർദുനാഥയുടെ മനോജ്ഞ ലബ്ധിക്കായി ഇപ്പോൾ ശനിയാഴ്ചതോറും നാനാസ്ഥലങ്ങളിൽ നിന്നും നിരവധി ജനങ്ങൾ തീർത്ഥകസംഘമായും മററും വന്നുകൊണ്ടിരിക്കുന്നതും, ലൂർദുനാഥയുടെ അനുഗ്രഹത്താൽ അവർക്കു് ഉദ്ദിഷ്ടഫലങ്ങൾ ലഭിച്ചുവരുന്നതുമാകുന്നു. 60 അടിക്കു മേൽ ഉയരത്തിൽനിന്നും കിഴക്കാംതൂക്കായി പ്രവഹിക്കുന്ന അതിമനോഹരമായ ജലപ്രപാതം കാണേണ്ട ഒരു കാഴ്ചയത്രേ!

തീയതിക്കുമുമ്പു ഈ സ്ഥലത്തിന്റെ ഉടമ വഹിക്കുന്ന കമ്പനിക്കു 168000 ഡാളർ കൊടുത്താൽ അതുമുഴുവൻ വിലയ്ക്കു വാങ്ങാവുന്നതാണു്. ലീഗ്കൌൺസിൽ ഇതിനെപ്പററി ആലോചിക്കുന്നു.

* * *

നാസിഗവണ്മെന്റിനു വിരോധികളായി നിൽക്കുന്നവരെ പരസ്യമായി പിടികൂടുവാൻ ഒരു പുതിയ പ്രക്ഷേപണയന്ത്രം നാസിരഹസ്യപോലീസുകാർക്കു കൊടുത്തു തുടങ്ങിയിരിക്കുന്നു. ഹിററ്ലർഭരണത്തിനു് വിരോധികളായി നിൽക്കുന്ന 70-ലക്ഷം ജർമ്മൻകാരെ പ്രത്യേകമായി കരുതിയാണു് ഈ യന്ത്രം പ്രചാരത്തിൽ കൊണ്ടുവന്നിരിക്കുന്നതു്. വീടുകളിൽ വച്ചായാലും, ക്ലബ്ബുകളിലോ ജോലിസ്ഥലങ്ങളിലോ വച്ചായാലും ഹിററ്ലർഭരണത്തിനു വിരുദ്ധമായി എന്തെങ്കിലും പറഞ്ഞാൽ നാസിപോലീസുകാരുടെ കണ്ണുകളിൽ പ്രസ്തുത യന്ത്രത്തിന്റെ സഹായത്താൽ ഈ വർത്തമാനം പതിയുന്നു. ഇതു ഒരു റിക്കാർഡാക്കി കേസ്സിലെ തെളിവായി കോർട്ടിൽ ഹാജരാക്കപ്പെടുകയും ചെയ്യുന്നു. ഒരു ജർമ്മൻ വിദഗ്ദ്ധനാണു് ഈ യന്ത്രം കണ്ടുപിടിച്ചതു്. എത്ര സാവധാനത്തിലുള്ള സംഭാഷണത്തെയും ആകർഷിക്കത്തക്ക ശക്തി ഇതിനുണ്ടു്. ഇതിനുള്ള ആകെ വില 5-പവനാണു്; ആറിഞ്ചു വലിപ്പമുള്ള ഒരു ചെറിയ പെട്ടിയിൽ അടക്കംചെയ്യത്തക്കവിധം വലിപ്പക്കുറവുമിതിനുണ്ടു്. ശബ്ദം വ്യക്തമായി കേൾക്കുവാൻ സാധിക്കും. ഈ യന്ത്രങ്ങൾ നിർമ്മിക്കുന്നതിനു ഒരു രഹസ്യശാല ഗവണ്മെന്റുവകയായി നിർമ്മിച്ചുകഴിഞ്ഞിരിക്കുന്നു.

* * *

ബെൽഫാസ്റ്റുകാരനായ ചാറൽസ് വെൽഷിനു ജയിലിൽപോകണമെന്നാഗ്രഹമുണ്ടായിരുന്നു. അതുകൊണ്ടു ഒരു വീട്ടിന്റെ ജന്നൽ തല്ലിപ്പൊളിച്ചു അയാൾ ഒരു ചെരിപ്പു മോഷ്ടിച്ചു. തൽഫലമായി അയാൾക്കു് ഒരു വർഷത്തെ തടവുശിക്ഷ ലഭിച്ചു. താൻ സൈന്യത്തിൽ ചേരാനാഗ്രഹിച്ചു എന്നും പക്ഷേ 5-റാത്തൽകൂടി തൂക്കം വേണ്ടിയിരുന്നു എന്നും താൻ ദരിദ്രനായതുകൊണ്ടു ജയിലിൽ പോകയാണു് ഉത്തമമാൎഗ്ഗമെന്നു നിശ്ചയിച്ചു എന്നും അതുകൊണ്ടാണു് താൻ മോഷണം നടത്തിയതെന്നും മി: വെൽഷ് റിക്കാർഡരോടു പറഞ്ഞു. റിക്കാർഡരുടെ മറുപടി ഇപ്രകാരമായിരുന്നു:—"നിങ്ങൾ ജയിലിൽവന്നിട്ടു ഇപ്പോൾ മൂന്നാഴ്ചയായിരിക്കുന്നു. എങ്കിലും ഉദ്ദേശിച്ച പുരോഗതി ഉണ്ടായിട്ടില്ല. 5-റാത്തൽതൂക്കം വർദ്ധിപ്പിക്കുന്നതിനു നിങ്ങൾക്കൊരു സന്ദർഭം തരാതിരിക്കുന്നതു കഷ്ടമാണെന്നു തോന്നുന്നു. എങ്കിലും നിങ്ങളുടെ ശിക്ഷയെ ഞാൻ സസ്പെണ്ടുചെയ്യുന്നു. വേണമെങ്കിൽ ഇനിയൊരു കുററംചെയ്താൽ വീണ്ടും തിരിച്ചുവന്നു തൂക്കം വർദ്ധിപ്പിക്കൽപദ്ധതി തുടരാം".

* * *

സീപ്പെൽ, ഡോൾഫസ് എന്നീ പഴയ ചാൻസലർമാരുടെ അവശിഷ്ടങ്ങൾ കുഴിച്ചെടുത്തു വിയന്നായിൽ പുതുതായി പണിചെയ്ത ഒരു പള്ളിയിൽ സ്ഥാപിച്ചിരിക്കുന്നു. മൂന്നു കറുത്തകുതിരകളാണു അവശിഷ്ടങ്ങൾ വഹിച്ചിരുന്ന വണ്ടി വലിച്ചുകൊണ്ടുപോയതു്.

മലയാളരാജ്യം.

1110 കന്നി 22-ാംനു- തിങ്കളാഴ്ച

കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു് ദക്ഷിണഇൻഡ്യയിലെ മഹാക്ഷേത്രങ്ങൾ സന്ദർശിച്ചുവരുന്ന കൂട്ടത്തിൽ തിരുവതിതാംകൂറിലും എഴുന്നള്ളിയിരിക്കുന്നു. മഹാരാജാവു തിരുമനസ്സിലെ ഈശ്വരഭക്തിയും കലാപ്രണയം മുതലായ ശാന്തഗുണങ്ങളും സവിദിതങ്ങളാണു്. രാജ്യഭാരം കയ്യേററു മൂന്നു വർഷം ഇനിയും തികഞ്ഞിട്ടില്ല. ഈ അല്പകാലത്തിനിടയിൽ അവിടുന്നു് അതിവിശാലമായ രാഷ്ട്രീയവീക്ഷണവും ഉൽപതിഷ്ണുത്വവും പ്രദർശിപ്പിച്ചിട്ടുണ്ടു്. സമ്മതിദാനപരിഷ്കരണാർത്ഥം അവിടുന്നു കമ്മിററിയെ നിയമിച്ചതും, വൈസ്രായിയുടെ ആഗമനാവസരത്തിൽ ഫെഡറേഷനിൽ ചേരാനുള്ള സന്നദ്ധത പ്രഖ്യാപനംചെയ്തതും ഇതിനു മതിയായ തെളിവുകളാണു്. കിരീടധാരണാവസരത്തിൽ കൃഷിവായ്പയ്ക്കായി അഞ്ചുലക്ഷം രൂപാ നീക്കിവച്ചതും വിദ്യാഭ്യാസപരിഷ്കാരം, സാമ്പത്തികാധഃപതനനിവാരണോപായങ്ങൾ എന്നിവയ്ക്കായി കമ്മിററികൾ ഏർപ്പെടുത്തിയതും, ഗ്രാമീണവൈദ്യസഹായത്തിനായി ഒരുലക്ഷം രൂപാ കല്പിച്ചനുവദിച്ചതും, പരസ്പരസഹായപ്രസ്ഥാനത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി മി. ദേവധാറിനെക്കൊണ്ടു അന്വേഷണങ്ങൾനടത്തിച്ചതും, നികുതിയിൽ ഉദാരമായ സൗജന്യങ്ങൾ ചെയ്തതും അവിടത്തെ ജനക്ഷേമതല്പരതയുടേയും പ്രജാവാത്സല്യത്തിൻേറയുംഉത്തമദൃഷ്ടാന്തങ്ങളാണു്. താമസിയാതെ ഉൽഘാടനം ചെയ്യപ്പെടുന്ന എറണാകുളം ഷൊർണ്ണൂർ ബ്രാഡ്ഗേജു റയിൽവേ തിരുമനസ്സിലേക്കു കൊച്ചീഹാർബർ സംബന്ധിച്ചും കൊച്ചിയിലെ വാണിജ്യം സംബന്ധിച്ചും ഉള്ള പ്രത്യാശകളെ വിശദീകരിക്കുന്നു. ഇപ്രകാരം ഉള്ള ഒരു രാജർഷിയാണു് ഇപ്പോൾതിരുവിതാംകൂറിലെഴുന്നള്ളിയിരിക്കുന്നതു് വാർദ്ധക്യത്തിൻെറ സുതസ്സിദ്ധഗുണങ്ങളായ പക്വത, വിശാലഹൃദയത്വം, ശാന്തത എന്നിവയും യൗവനത്തിൻെറ ഊർജ്ജസ്വലത, വിക്രമം, ധീരത, ആധുനികത്വം എന്നിവയും തമ്മിലുള്ള ഒരു മഹനീയസമ്മേളനമാണു് വഞ്ചിമാടമഹീപതികൾ തമ്മിലുള്ള അപൂർവസമാഗമത്തിൽ ലോകം ദർശിക്കുന്നതു് ഈ സമ്മേളനം രണ്ടു സംസ്ഥാനങ്ങൾക്കും ഒരു പരിപൂർണ്ണതയും സൗഷ്ഠവവും ശുഭഭാവിയും പ്രദാനംചെയ്യുമാറാകട്ടെ.

*   *   *

കാർഷികവിഭാഗത്തിൽപെട്ട അഭ്യസ്തവിദരായ യുവാക്കന്മാരെ കൃഷിയിലേക്കു തിരിച്ചുവിടത്തക്കവണ്ണം അവക്കു കൃഷിസംബന്ധമായ പരിശീലനം നൽകുവാൻ യു. പി. ഗവർമ്മെൻറു ഒരു പുതിയ ഉദ്യമം തുടങ്ങുവാനു പോകുന്നു. പത്തുപേക്കു മൂന്നു വഷത്തേക്കു പ്രായോഗികപരിശീലനം നൽകുന്നതിനായി ഫൈസബാദിലെ ഗവർമ്മെൻറുകൃഷിത്തോട്ടത്തിൽ നല്ല മണ്ണും ജലസേചനസൗകര്യവുമുള്ള നൂറേക്കർ ഒരു പരിശീലനകേന്ദ്രമായി ഉപയോഗിക്കാൻ നിശ്ചയിച്ചിരിക്കുന്നു. പ്രത്യേകമായും സാമൂഹ്യമായും കൃഷിചെയ്യുന്നതിൻെറ ഗുണദോഷങ്ങൾ പരീക്ഷിക്കാനായി അഞ്ചുപേക്കു പ്രത്യേകംപ്രത്യേകം പത്തേക്കറും അഞ്ചുപേക്കു് ഒന്നിച്ചു് അൻപതേക്കറും കൊടുക്കാനാണുദ്ദേശിച്ചിരിക്കുന്നതു്. മൂന്നു വഷത്തെ പരിശീലനം കഴിഞ്ഞാൽ കൃഷി ഒരു തൊഴിലായി സ്വീകരിക്കുന്നതിനുള്ള പ്രായോഗികപരിശീലനവും അറിവും അവക്കുണ്ടാകുമെന്നാശിക്കപ്പെടുന്നു. ഇവക്കു കൃഷിഭൂമിയുണ്ടാക്കിക്കൊടുക്കുന്ന ഭാരം ഗവർമ്മെൻറു കയ്യേൽക്കുന്നുമില്ല. പരിശീലനത്തിനു വരുന്ന ഓരോ ആളിനും താമസത്തിനു രണ്ടു മുറികളും ഒരു പാചകമുറിയും ഒരു വായനമുറിയും കൊടുക്കുന്നതും മാസം കുറഞ്ഞ പക്ഷം രണ്ടു രൂപാ വാടക ചുമത്തുന്നതുമാണു്. നല്ല വിത്തും വളവും ഗവർമ്മെൻറു തോട്ടത്തിൽനിന്നുതന്നെ നൽകുന്നതായിരിക്കും. സഹകരണപരവും കാർഷികവും ആയി വിശേഷാൽപ്രസംഗങ്ങളുമുണ്ടായിരിക്കുമത്രേ. സാമ്പത്തികാധഃപതനവും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും സമാന്തരമായെന്നവണ്ണം തുടൻകൊണ്ടിരിക്കുന്ന ഇക്കാലത്തു യു. പി. ഗവമ്മെൻറു് ഒരു പദ്ധതി കൈക്കൊണ്ടുകാണുന്നതു് അഭിനന്ദനാർഹമാണു്. ഇതിൻെറ വിജയം എന്തുതന്നെയായിരുന്നാലും ഗൌരവമേറിയ ഈ വിഷയത്തിൽ എന്തെങ്കിലും പ്രവർത്തിക്കേണ്ടതാണെന്ന ഒരു ഊർജ്ജസ്വലത ഗവണ്മെൻറിനുണ്ടായതുതന്നെ ശുഭസൂചകമാണു്. തിരുവിതാംകൂറിലെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ തത്സംബന്ധമായ കമ്മററി നിർദ്ദേശിച്ച പരിഹാരങ്ങളും പ്രസ്തുത പദ്ധതിയോടു തത്വത്തിൽ സാമ്യംവഹിക്കുന്നുണ്ടു്. അഭ്യസ്തവിദ്യക്കു പത്തേക്കർവീതം സ്ഥലവും കൃഷിക്കുവേണ്ട സഹായവും നൽകണമെന്നു് ഉണ്ടായ നിർദ്ദേശവും ഇതേവരെ നടപ്പിൽ വന്നിട്ടില്ല. കമ്മിററിയുടെ റിപ്പോർട്ടനുസരിച്ചോ വേണ്ട ഭേദഗതികളോടുകൂടിയോ ഇവിടത്തെ സ്ഥിതിക്കു യോജിച്ച എന്തെങ്കിലും പരിഹാരം കാലതാമസംകൂടാതെ നടപ്പിൽ വരുത്താൻ ഗവണ്മെൻറിനു ചുമതലയുള്ളതാകുന്നു.

*   *   *

യുവാക്കന്മാക്കു് ആദായകരമായ തൊഴിലുകളിൽ പ്രവേശിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനായി ബംഗാളിലെ തൊഴിലില്ലാത്ത യുവാക്കന്മാരുടെ യൂണിയൻ രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ ഒരു വ്യാവസായികസർവേ നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നതായി കാണുന്നു. തൊഴിലില്ലായ്മയുടേയും ദാരിദ്ര്യത്തിൻേറയും കാഠിന്യം ഈ ഒരു സംഗതിയിൽനിന്നു വളരെ വ്യക്തമാണു്. അതതു രാജ്യത്തെ ഭരണാധികാരികൾ തീക്ഷ്ണവും സത്വരവും ആയ ശ്രദ്ധചെലുത്തി സാമ്പത്തികദുരിതപ്രശ്നത്തെ പരിഹരിക്കാത്തപക്ഷം എത്രമാത്രം അസംതൃപ്തവും മൃതപ്രായവും ആയ ഒരു യുവലോകമാണു ഉത്ഭവിക്കാൻ പോകുന്നതെന്നു അനുമാനിക്കാവുന്നതല്ല.

*   *   *

പണവ്യാപാരികൾ ചുമത്തുന്ന പലിശയുടെ കൂടുതൽനിമിത്തം തങ്ങൾക്കുള്ള കടങ്ങൾ വീട്ടുന്നതിനു സാധിക്കുന്നില്ലെന്നും സിവിൽ വ്യവഹാരങ്ങളിൽ അകപ്പെട്ടു തങ്ങൾക്കു ധനപരമായ അവശതകളും നിസ്സഹായതയും ഉണ്ടാകുന്നു എന്നും സാണ്ടൂർ സക്കാരിനു കർഷകജനതയിൽനിന്നു നിവേദനങ്ങൾ സമപ്പിക്കപ്പെട്ടു. മുൻപറഞ്ഞ കാരണങ്ങളാൽ തങ്ങളുടെ ഭൂസ്വത്തുക്കളെ ദേഹണ്ഡംചെയ്തു വർദ്ധിപ്പിക്കാൻ കഴിയാതെ വരുന്നെന്നും, തൻമൂലം വസ്തുക്കൾക്കുണ്ടാകുന്ന കെടുതലും, കാർഷികോല്പന്നങ്ങളുടെ വിലക്കുറവുംമൂലം നേരിട്ടിരിക്കുന്ന അവശതക്കാലത്തു തങ്ങളുടെമേൽ പണവ്യാപാരികൾ കോടതിഡിക്രികൾകൂടി നടത്തിത്തുടങ്ങിയാൽ തങ്ങൾ വീടുംകൂടിയുമില്ലാത്തവരായി തീരുമെന്നും വിളവെടുപ്പുകാലംവരെയെങ്കിലും വിധിനടത്തുകൾ മാററിവയ്ക്കുന്നതിനു രാജശാസനമുണ്ടാകാതിരുന്നാൽ അതു സങ്കടകരമാണെന്നുമാണു് നിവേദനത്തിൻെറ ചുരുക്കം. ഈ നിവേദനങ്ങളുടെ ഉത്തമവിശ്വാസ്യതയിൽ ബോധ്യംവന്നിരിക്കുന്ന രാജാവു് അടുത്ത കൊയ്ത്തുകാലംവരെ വിധിനടത്തുകൾ നിർത്തിവയ്ക്കുന്നതിനും സംസ്ഥാനത്തെ കാർഷികഋണബാദ്ധ്യതയെപ്പററി അന്വേഷിച്ചു പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനായി ഒരു കമ്മിററിയെ നിയമിക്കുന്നതിനും നിശ്ചയിച്ചു വിളംബരം ചെയ്തിരിക്കുന്നു. മുഖ്യമായി ഉല്പാദനപരമായ ആവശ്യങ്ങൾക്കായി കർഷകക്കു ന്യായമായ പലിശയ്ക്കു പണം കടംകൊടുക്കുന്നതിനു പണവ്യാപാരികൾക്കു ലൈസൻസു കൊടുക്കുവാനും ഡർബാർ ഉദ്ദേശിക്കുന്നതായി പറയപ്പെടുന്നു എന്നാണു അസോഷ്യേറററഡ്പ്രസ്സ് റിപ്പോർട്ടുചെയ്യുന്നതു്. കർഷകജനതയുടെ സങ്കടങ്ങൾ ഓരോ ഡർബാറും മനസ്സിലാക്കി പ്രവർത്തിച്ചുകാണുന്നതു് ആശ്വാസകരമാണു്.

*   *   *


ഒക്ടോബർ 2-ാം തീയതി ചൊവ്വാഴ്ച മഹാത്മജിയുടെ ൬൬ ാമതു ജന്മദിനം ജനങ്ങൾ ആദരപൂർവം കൊണ്ടാടിയിരിക്കുന്നു. രാജ്യങ്ങളും സാമ്രാജ്യങ്ങളും തമ്മിൽ മത്സരവും വിദ്വേഷവും മൂർദ്ധന്യദശയിലെത്തിയിരിക്കുന്ന ഒരു കാലഘട്ടമാണിതു്. ലോകം വിനാശകുശലമായ ശക്തിസഞ്ചയത്തിലാണു ഇന്നു് ഏറിയകൂറും വിശ്വസിക്കുന്നതു്. ഉത്തരത്തിലൊരു തീക്ഷ്ണയുഗത്തിലാണു്, മഹാകവി രവീന്ദ്രടാഗോറിൻെറ മോഹനവചസ്സുകളിൽ പറയുന്നപക്ഷം, ഈ അല്പശരീരനും, സ്ഥലജലാകാശങ്ങളിലൊന്നിലും സേനാസംഭാരമില്ലാത്തവനും ആയ മനുഷ്യൻ ആത്മശക്തികൊണ്ടു—സൗമ്യമായ ഹൃദയഭാവംകൊണ്ടു്—സകല അസമത്വങ്ങളേയും പരിഹരിക്കാമെന്നു പ്രത്യാശിക്കുന്നതു്. എന്നായാലും അതു വിജയിക്കതന്നെ ചെയ്യുമെന്നാണു് മഹാകവിയുടെ ദീർഘദർശനം. ദുരിതമനുഭവിക്കുന്ന അനേകലക്ഷം ജനങ്ങൾ മഹാത്മജിയുടെ ജന്മദിനത്തെ സമുചിതരീതിയിൽ കൊണ്ടാടി എന്ന വാസ്തവം ഏതു് അവസ്ഥാന്തരത്തിലും അദ്ദേഹത്തിനു ജനഹൃദയത്തിലുള്ള സ്ഥാനത്തിനു് അപ്രതിഷേധ്യമായ തെളിവുതന്നെയാണു്.

In Commemoration of the Visit of

ഒരു മഹനീയ









കൊച്ചിമഹാരാജാവുതിരുമനസ്സുകൊണ്ടു്. 'രാമനാഥ'ത്തിലെ സല്ക്കരണം.

H. H. The Maha Raja of Cochin.

സന്ദർശനം









കൊച്ചി മഹാരാജാവുതിരുമനസ്സുകൊണ്ടു്.

മധുര റെയിൽവേസ്റ്റേഷൻ പ്ലാററുഫാറത്തിലെ സ്വീകരണം.

കൊച്ചി മഹാരാജാവുതിരുമനസ്സിലേക്ക്

മംഗളം.

(പുലിയന്നൂർ എസ്സ്. രാമയ്യർ.)

ശ്രീമത്വം,ശ്രീനിവാസാശ്രിതവിമലഗുണശ്രേണി,വിദ്വൽപ്രിയത്വം,
സാമർത്ഥ്യം, സാധുസമ്മാന്യത,സരസവചോമാധുരീസാധുരീതി;
പ്രേമപ്രാഗത്ഭ്യ,മച്ഛസ്ഫടികഹൃദയ,മച്ഛിന്നരക്ഷാപരത്വം,
ശ്രീമൽസ്സൗജന്യ,മാദിയ്ക്കണിതിലകമഹോ!രാമവർമ്മാവനീന്ദ്രൻ.

കേടല്ലംപോലുമേശാതമിതഗുണഗണംപൗരസംസത്തിനേകി,-
ട്ടാടൽപാടാകെനീക്കി,ബ്ഭുവനതലമിതിൽഖ്യാതിപുഷ്ടിപ്പെടുത്തി;
നാടത്യന്താലസിപ്പിച്ചു,ഖിലനൃപരെയുംഹൃഷ്ടരാക്കി,സ്ഫുരിക്കും
മാടക്ഷ്മാനാഥ!വിശ്വപ്രഥിത!നരപതേ!സ്വാഗതം!സ്വാഗതം!തേ.

പ്രാജ്യശ്രീപൂണ്ടു,സമ്പന്നിചയമഖിലരാംസ്വപ്രജയ്ക്കേകി,വിദ്വൽ-
പൂജ്യത്വംതൻകലാക്കി,സ്സകലകലകളുംഹൃത്തിലുൾക്കൊണ്ടു,നിത്യം
ത്യാജ്യഗ്രാഹ്യപ്രവേകത്തൊടുവിനതജനശ്രേണിയെത്താങ്ങി,യാളും-
രാജ്യശ്രേയസ്സിനെല്ലാംവിളനിലമിതുപോലെന്നുമെന്നുംജയിക്ക.

പാരിൽപ്രാമാണ്യമാളുംഭരതധരണിയിൽച്ചുററിനോക്കി,സ്സദാഹൃ-
ത്താരിൽസ്സന്തോഷമാന്റ,ജ്വലതരനിനവോടൊത്തുരാജ്യത്തിലെത്തും
ഭൂരിശ്രീമൻ!ഭവാനെപ്പുരുതരമഹിമാവാസമാം ചിത്രരാജൻ,
താരിൽത്തന്വീമണാളാശ്രിതകുലതിലകം സ്വാഗതംചെയ്തിടുന്നു.

വാണീലക്ഷ്മീനിവാസപ്രഥയൊടുലകിതിൽക്കേളിനിത്യംപുലത്തും
ക്ഷോണീമാണിക്യമാല്യം,പരമപുരുഷനിൽഭക്തിവർദ്ധിച്ചവന്ദ്യൻ;
നാണിയസ്സാംയശസ്സിൻനിചയ,മഖിലരുംവാഴ്ത്തിടും ചിത്രരാജൻ
വാണീടുന്നഗ്രഭാഗത്ത,ഹമഹമികയാസ്വാഗതംചൊല്ലുവാനായ്.

ശ്രീവാഴുംമൂലമോരോദിശയിലുമധികംകീർത്തിയേകുന്നനാടാം
"ശ്രീവാഴുംകോട്ട"നന്നായ്മുഴവനമകമേതുഷ്ടികൈക്കൊണ്ടുനോക്കി;
ഭൂവാനോർനാഥനിൽത്തുക്കടമിഴിയരുളിസ്സൗഹൃദംപൂണ്ടുനിത്യ
ശ്രീവാസാനന്ദമകി,ക്ഷിതിയുടെനെടുമംഗല്യമായ്വാഴ്കനീണാൾ.

വിഷയവിവരം.


		പേജ്
1.	സ്വാഗതം	4
2.	മംഗലാശംസ	5
	മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ	
3.	അബദ്ധം പററല്ലേ	6
	മള്ളൂർ ഗോവിന്ദപ്പിള്ള.	
4.	പെൺപൈതലിനോട് (കവിത)	7
	എൻ. ലളിതാംബിക അന്തർജ്ജനം.	
5.	പുഷ്പകാലം	7
6.	ഭാരതത്തിനുവേണ്ടി ജീവിച്ച ഒരു പാശ്ചാത്യവനിത	8
	കോന്നിയൂർ കെ. മീനാക്ഷിഅമ്മ എം.ഏ.	
7.	ഇരുളിൽ (കവിത)	10
	ചങ്ങമ്പുഴ കൃഷ്ണപിള്ള.	
8.	വിധിവിഹിതവിവാഹം (ചെറുകഥ)	12
	വിദ്വാൻ വട്ടോളി കൊച്ചുകൃഷ്ണൻനായർ.	
9.	ലോകചക്രം	13
10.	വിമർശനം	15
11.	മഹാരാജമംഗളാശംസ	18
	പുലിയന്നൂർ എസ്സ്. രാമയ്യർ.	
12.	ഭാരതം	19
13.	ടിബററിലെ സ്ത്രീകൾ	23
	വി. എസ്സ്. എസ്സ്. കണിയാർ.	
14	സർ റോളണ്ട്റോസ്	24
15.	മുപ്പത്തിരണ്ടുവർഷം നിദ്ര	26
16.	പഞ്ചസാര	27
	കുമ്മനം കെ. ഗോവിന്ദപ്പിള്ള.	
17.	ചരിത്രം മറക്കൊലാ (കവിത)	28
	എം. അബ്ദുൽഖാദർ.	
18.	ചന്ദ്രോദയം (നോവൽ)	29

മുഖചിത്രം എറണാകുളം റായൽ സ്ററുഡിയോയിൽനിന്ന് അയച്ചുതരപ്പെട്ടതു്.

ചിത്രവാരികയുടെ മുൻലക്കങ്ങളിൽ ഏതാനും ചിലതൊഴികെയുള്ളവ വില്പനയ്ക്കു തയാറുണ്ട്. താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

മലയാളരാജ്യം ആഫീസ്
കൊല്ലം.

N. B. 1, 2, 3, 4, 6, 7 ഈ ലക്കങ്ങൾ വളരെ ചുരുക്കമാകയാൽ ഒററപ്രതിക്കു 8 ണ വിലയാകുന്നതാണു്.



ഭാരതം

ചിററഗാംഗിലെ ഹിന്ദുഭദ്രലോകയുവാക്കന്മാർ ഭീകരപ്രസ്ഥാനം ഉപേക്ഷിക്കുമോ എന്നറിയാനായി നിശാനിയമം തൽക്കാലം പിൻവലിക്കാൻ പോകുന്നതായി ഡിസ്ട്രിക്ററുമജിസ്ട്രേട്ടു പ്രസ്താവിക്കുന്നു.

* * * *

സെപ്റ്റംബർ ൨൨-ാനു- അവസാനിച്ചവാരത്തിൽ ചിന്ദ്വരാപട്ടണത്തിൽ കാളറാമൂലം ൨൨൩-മരണങ്ങൾ ഉണ്ടായിരിക്കുന്നു. സെൻട്രൽപ്രാവിൻസുകളിൽ ആ വാരത്തിൽ ൪൫൫ പേരെ കാളറ ബാധിക്കയും ൨൦൧൬-പേർ മരിക്കുകയും ചെയ്തു. ജൂൺ ൧-ാംനു-ക്കുശേഷം ഇങ്ങനെ ആകെ ൧൭൩൦൪-പേർ മരിച്ചിട്ടുണ്ടു്

* * *

മദ്രാസ് പ്രസിഡൻസിയിലെ നിയോജകമണ്ഡലങ്ങളിൽനിന്നു് അസംബ്ളിയിലേക്കുള്ള തെരഞ്ഞെടുപ്പ് നവംബർ ഇരുപത്തിനാലാംതീയതിക്കുമുൻപു നടത്തണമെന്നു വൈസ്രായി ആവശ്യപ്പെടുന്നതായി ഇന്ത്യാഗസററിൻെറ ഒരു വിശേഷാൽലക്കത്തിൽ കാണുന്നു.

* * *

ഹിമാലയത്തിലെ ഹിമശൃംഗങ്ങളിലേക്കുപോയതിനെപ്പററി മി. ഉമാപ്രസാദമുക്കർജി കൽക്കട്ടാ സർവകലാശാലയിലെ ഒരു യോഗത്തിൽവച്ചുപ്രസംഗിച്ചിരിക്കുന്നു. ജൂൺ നാലാംതീയതി വേറെ മൂന്നുപേരോടുകൂടി അൽമോറായിൽനിന്നു അദ്ദേഹം കുതിരപ്പുറത്തുകയറി കൈലാസത്തിലേക്കു തിരിച്ചു ഒരുമാസവും ൧൨ ദിവസവും ഈ യാത്രയ്ക്കു വേണ്ടിവന്നു. വഴിയിലെ ദുർഘടങ്ങളേയും സൌന്ദര്യത്തേയും ടിബററന്മാരുടെ ഉത്സവങ്ങൾ, നൃത്തങ്ങൾ മുതലായവയേയുംപററി അദ്ദേഹം സംസാരിക്കയുണ്ടായി.

* * *

ഗാന്ധിജി ൨൦-ാനു- ബാംബയിൽ വരുന്നുഎന്നും അതുസംബന്ധിച്ച് യാതൊരുവിധമായകോലാഹലവും ഉണ്ടാകരുതെന്നും അദ്ദേഹം സ്വാഗതസംഘത്തെ അറിയിച്ചിരിക്കുന്നു എന്നും അതിനാൽ അദ്ദേഹം കാൺഗ്രസ്സിൽ സംബന്ധിക്കുന്നില്ലെന്നുള്ള വർത്തമാനത്തിനു് അടിസ്ഥാനമില്ലെന്നും കാൺഗ്രസ്സിൻെറ പ്രസിദ്ധീകരണശാഖക്കാർ അറിയിക്കുന്നു.

* * * *

കൽക്കത്താ ആൽബർട്ടുഹാളിൽവച്ചുകൂടിയ ഒരു വിദ്യാർത്ഥിസമ്മേളനത്തിൽ ഖാൻഅബ്ദുൾജാഫർഖാനു ഒരു മംഗളപത്രം സമർപ്പിച്ചിരിക്കുന്നു. മിസിസ് നെല്ലിസെൻഗുപ്തയാണു അദ്ധ്യക്ഷത വഹിച്ചതു്. ഫ്റാണ്ടിയർപ്രാവിൻസിലെ തൻെറ പ്രസ്ഥാനത്തെപ്പററി അബ്ദുൾജാഫർഖാൻ വിസ്തരിച്ചു സംസാരിക്കയും ആ പ്രസ്ഥാനം പരിപൂർണ്ണമായും അക്രമരഹിതവും മതപരവും ആണെന്നു ഉറപ്പു പറയുകയും ചെയ്തു.

* * *

ഒരു പുലകളിഅടിയന്തിരംസംബന്ധിച്ചുള്ള വിരുന്നു ചിക്കടി എന്ന സ്ഥലത്തു ഇരുപത്തൊന്നുമരണത്തിനു കാരണമായതായി അറിയുന്നുഎന്നു് മദ്രാസ്മെയിലിൻെറ ബർഹാംപൂരു ലേഖകൻ അറിയിക്കുന്നു. മൂന്നുഗ്രാമങ്ങളിൽനിന്നു ജനങ്ങൾ ഈ വിരുന്നിൽ പങ്കുകൊണ്ടിരുന്നു, ചിക്കടിഎന്നസ്ഥലത്തിനടുത്തുള്ള ചിററടി എന്നഗ്രാമത്തിലാണു ഈ സംഭവം നടന്നതു്. ഇരുപത്തൊന്നുപേർ മരിച്ചു. കാളറയാണെന്നാണു ആദ്യം വിചാരിച്ചതു്. എങ്കിലും ഡിസ്ട്രിക്ടു് ഹെൽത്താഫീസർ പരിശോധനക്കുശേഷം അഭിപ്രായപ്പെട്ടതു് ഭക്ഷണത്തിൽ വിഷംകലന്നിരിക്കണമെന്നാണു്. മരിച്ചവരെല്ലാം സദ്യയിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു.

* * *

അടുത്ത കാൺഗ്രസ്സ്സമ്മേളനത്തിൻെറ അദ്ധ്യക്ഷസ്ഥാനം ബാബുരാജേന്ദ്രപ്രസാദ് സ്വീകരിച്ചിരിക്കുന്നതായി കമ്പികിട്ടിയിരിക്കുന്നു. ആ സ്ഥാനത്തിൻെറ ഗൌരവത്തെ ഉദ്ദേശിച്ചു അദ്ദേഹത്തിനു വൈഷമ്യം തോന്നാതിരിക്കുന്നില്ല എങ്കിലും, പൂർണ്ണവിശ്വാസത്തോടും, ആശയോടുംകൂടി അദ്ദേഹം രാജ്യത്തിൻെറആഹ്വാനം സ്വീകരിക്കുന്നതാണു്. അദ്ദേഹം ൨൨-ാംനു- ബാംബയിൽ എത്തുന്നു. കല്യാണത്തുനിന്നും അദ്ദേഹത്തെ സ്പെഷ്യൽട്റെയിനിൽ കൊണ്ടുപോകുന്നതാണു്. ൧൫-ാംതീയതിയോടുകൂടി കാൺഗ്രസ്സ്നഗരത്തിൻെറ പണി പൂർത്തിയാകുന്നതാണു് എന്നറിയുന്നു.

* * *

ഇപ്പോഴുള്ള വേനലിൻെറകാഠിന്യം ബാംഗ്ളൂരിലെ വീഥികളിൽ അലഞ്ഞുനടക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ഒരുകൂട്ടം ചെരുപ്പുകാർക്കു ഒരു തൊഴിലിനു കാരണമായിത്തീർന്നിരിക്കുന്നു. പൂർണ്ണനഗ്നരായി വരുണദേവൻെറ ഒരു വിഗ്രഹവും അതോടുചേർത്തു ജീവനുള്ള ഒരു തവളയെയും തലയിൽവഹിച്ചു കാനറീസുപാട്ടുകൾ പാടി തെരുവുകൾതോറും ഇവർ ഓടിനടക്കുന്നു. വരുണൻെറ കരുണ ലഭിക്കുന്നതിനുള്ള ഈ പ്രവൃത്തി വിചിത്രംതന്നെ. മഴക്കുറവുകൊണ്ടു കച്ചവടക്കാരും, കൃഷിക്കാരും ധാരാളം അസൌകര്യങ്ങൾ അനുഭവിക്കുന്നുണ്ടു്. സ്ഥലത്തെ ഒരു പ്രധാനപ്രവർത്തകനായ മി. വി. ഗോവിന്ദയ്യാ, വർഷദേവൻെറ മനസ്സലിയുന്നതിനുതകുന്ന ഒരു പന്ത്രണ്ടുദിവസത്തെ പൂജനടത്തുവാൻ വേണ്ട ഏർപ്പാടുകൾചെയ്യുന്നുണ്ടു് ൧൯൧൭-ൽ ഇതേവിധമൊരു പൂജ ഗവർമ്മെൻറിൽനിന്നും നടത്തിയിട്ടുണ്ടെന്നുള്ളതു ഈ അവസരത്തിൽ പ്രസ്താവ്യമാണത്രേ. മുട്ടററം വെള്ളത്തിൽനിന്നുകൊണ്ടു ബ്രാഹ്മണർ വരുണജപം നടത്തുന്നതാണു ഇതിലെ പ്രധാനചടങ്ങു്. വേദപാരായണം, നവഗ്രഹജപം, സൂര്യനമസ്കാരംമുതലായവയും കാര്യപരിപാടിയിൽ ഉൾപ്പെടും. കഞ്ഞിവീഴ്ത്തിലും, മററുചെലവുകളുംഉൾപ്പടെ ഏകദേശം ൧൦൦-രൂപാ ഇതിനു വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ ആവശ്യത്തിനായി ഒരു പണപ്പിരിവു നടത്തുവാനുംമി. ഗോവിന്ദയ്യാ ആലോചിക്കുന്നുണ്ടു്.

കേരളം.

കൽക്കട്ടായിലേക്കു എഴുന്നള്ളിയിരുന്ന തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സുകൊണ്ടു കന്നി ൧൬-ാംതീയതി വൈകുന്നേരം രാജധാനിയിൽ തിരിച്ചെഴുന്നള്ളിയിരിക്കുന്നു.

* * *

കൊച്ചീമഹാരാജാവുതിരുമനസ്സുകൊണ്ടു ഈ മാസം ഇരുപതാംതീയതി ശനിയാഴ്ച സ്പെഷ്യൽ തീവണ്ടിമാർഗ്ഗം തിരുവനന്തപുരത്തു എഴുന്നള്ളിയിരിക്കുന്നു.

* * *

സേലം മുൻസിപ്പാലിററിയിൽ കണ്ണൂർകാരി ഒരു ശ്രീമതി മാധവിഅമ്മയെ കൌൺസിലറായി തിരഞ്ഞെടുത്തിരിക്കുന്നു.

* * *

തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ അടുത്തയാണ്ടു നടക്കേണ്ട മുറജപത്തിൻെറ പ്രാരംഭചടങ്ങായ "സഹസ്രനാമജപം" കന്നി ൧൭-ാംതീയതി ആരംഭിച്ചിരിക്കുന്നു.

* * *

എറണാകുളം—ഷൊർണ്ണൂർ ബ്രാഡുഗേജ് തീവണ്ടിപ്പാതയുടെ ഉൽഘാടനം കൊച്ചി മഹാരാജാവുതിരുമനസ്സുകൊണ്ടു തുലാം ൩൦-ാംതീയതി നിർവഹിക്കുന്നതായിരിക്കും.


* * *



പുരാതനമായ ഒരു യന്ത്രം.

ഇൻഡ്യയിൽ കാണുന്ന 'ചക്കു്' പല വിദേശീയരെയും രസിപ്പിക്കുന്നു.

N. I. A.



ഡാക്ടർ കുഞ്ഞുകൃഷ്ണപിള്ള, കരുനാഗപ്പള്ളി, ചവറയിൽ മല്ലശ്ശേരി തറവാട്ടിലെ അംഗവും അസംബ്ളിമെമ്പർ മി. എം. കെ. മാധവൻപിള്ളയുടെ അനന്തിരവനും ആണ്. എഡിൻബറോ സർവകലാശാലയിലെ എം. ബി. സിഎച്ച്. ബി., എൽ. ആർ. സി. പി. & എസ്സ്. മുതലായ ബിരുദുകൾ സമ്പാദിച്ച് അദ്ദേഹം ഇപ്പോൾ കലാലംപൂരിലെത്തി തന്റെ ജ്യേഷ്ഠസഹോദരനായ ഡാക്ടർ എം. കെ. പിള്ളയോടുകൂടി താമസിച്ചുവരുന്നു.

* * *

കേരളത്തിന്റെ നാനാഭാഗങ്ങളിലും അക്ടോബർ ൨-ാംതീയതി ഗാന്ധിജയന്തി ആഘോഷിച്ചിരിക്കുന്നു. ഗാന്ധിജിക്കു ദീർഘായുസ്സും ആരോഗ്യവും ആശംസിച്ചു വൻപിച്ച പലപല പൊതുയോഗങ്ങളും നിശ്ചയങ്ങൾ പാസാക്കുകയുണ്ടായി.

* * *

ഒരേകേസിൽ വാദിയുടെയും, പ്രതിയുടെയും വക്കാലത്തുപിടിച്ച നെടുമങ്ങാട്ടെ ഒരു വക്കീലിന്റെപേരിൽ വക്കീൽസുറഗുലേഷൻപ്രകാരം ഹൈക്കോടതി നടപടിനടത്തുവാൻ പോകുന്നതായികാണുന്നു.

* * *

തൃത്താലയിലെ രസികസദനത്തിൽവച്ചു നടന്ന വിധവാവിവാഹത്തിൽ സംബന്ധിച്ചതിനു തൃശ്ശിവപേരൂർ പേരാമംഗലത്തുകാരൻ ഒരു നമ്പൂതിരിയെ തറവാട്ടിൽനിന്നു കാരണവർ ബഹിഷ്കരിക്കുകയും, ബ്രഹ്മസ്വം മഠക്കാർ പ്രവേശനം നിരോധിക്കുകയും ചെയ്തിരിയ്ക്കുന്നതായി അറിയുന്നു.


* * *

തിരുവിതാംകൂറിൽ തൊടുപുഴ താലൂക്കിലുണ്ടാകുന്ന കുരുമുളക്, കൊപ്രാ, പുൽതൈലം, ഏലം തുടങ്ങിയ കാർഷികവിഭവങ്ങൾ ശേഖരിച്ചു ബാംബയിലെ തിരുവിതാംകൂർ കച്ചവടഏജന്റു മുഖാന്തിരം നല്ലവിലയ്ക്കു വില്പനനടത്തുന്നതിനു സ്ഥലത്തെ ഇരുപതുമാന്യന്മാർചേർന്നു ഇരുപതിനായിരം ക. പിരിച്ചെടുത്ത് ഒരു പുതിയ "സ്കീം" നടപ്പിൽ വരുത്തുന്നതിന്നു തീരുമാനിച്ചിരിക്കുന്നു.

* * *

എസ്സ്. എൻ. ഡി. പി. യോഗം വാർഷിക പൊതുയോഗത്തിൽ മി. എം. കരുണാകരൻ ബി. ഏ-യും സ്ത്രീസമാജത്തിൽ മിസ്സിസ്സ കെ. ശാരദ, പൊന്നൻ ബി. ഏ. എം. എസ്സ്-സിയും ആദ്ധ്യക്ഷം വഹിക്കുന്നതാണ്. മലബാർ അങ്കച്ചേകവന്മാരും തിരുവിതാംകൂറിലെ വടചേകവന്മാരും തമ്മിൽ ഒരു മലബാർ-തിരുവിതാംകൂർ പയററും ഒരു ഗുസ്തിയും നടത്തുന്നതിനും ഉത്സാഹിച്ചുവരുന്നു.

* * *



'ഭാരോദ്വഹന'ത്തിൽ 'അഖിലേന്ത്യാ ചാമ്പ്യൺ' ആയ കണ്ണൂർ മി. എ. എം. ഭരതന്റെ സതീർത്ഥ്യനായ

മി. എം. രാമചന്ദ്രൻ

ദക്ഷിണഇൻഡ്യയിലെ "ചാമ്പ്യൺലിഫ്ററർ" എന്ന പ്രസിദ്ധനായ ഇദ്ദേഹം ൧൯൩൮ സെപ്തംബർ ൨൭-ാനു- കൽക്കട്ടയിൽവെച്ചു നടത്തപ്പെട്ട അഖിലേന്ത്യാ ഭാരോദ്വഹന മത്സരപരീക്ഷയിൽ 'ടൂഹാൻഡ് ക്ലീൻ അൻഡ് ജർക്' (Two hand clean and jerk) എന്ന കായികാഭ്യാസം അത്യത്ഭുതമാംവിധം നിർവഹിക്കയും അങ്ങനെ ഇതിനുമുമ്പ് ഇൻഡ്യയിലെ ഹാ കൊല്ലത്തെ മുടച്ചയായ 'റിക്കാർഡു'കളെ എല്ലാം ഭേദിക്കുകയുംചെയ്തതിനെ അഭിനന്ദിച്ചുകൊണ്ട് ഇദ്ദേഹത്തിനു ഒരു സ്വർണ്ണമെഡൽ പ്രത്യേക ചാമ്പ്യൺഷിപ്പ് സമ്മാനമായി നൽകുകയുംചെയ്തിട്ടുള്ളതാണ്.

* * *

മലബാർ ലഹളസംബന്ധിച്ചു ജീവപര്യന്തം തടവുശിക്ഷ വിധിക്കപ്പെട്ടിരുന്ന മി. എം. പി. നാരായണമേനവനെ പതിനാലുസംവത്സരത്തെ ജയിൽവാസത്തിനുശേഷം അക്ടോബർ ഒന്നാംതീയതി മോചിപ്പിച്ചിരിക്കുന്നു.

* * *


മി. ഇതോ എന്ന ഒരു ജാപ്പനീസ് കോടീശ്വരനും അദ്ദേഹത്തിന്റെ പത്നിയും അവരുടെ ഒരു സുഹൃത്തും തിരുവിതാംകൂറിലേക്കു വരുന്നതായി അറിയുന്നു. കവടിപ്പൂശിയ മൺസാമാനങ്ങൾ ഏററമതിചെയ്യുന്ന മെ. നാഗോയ സെയ്തോഷോകൂപ്പൺഎന്ന ഒരു വലിയ ജാപ്പനീസ്കമ്പനിയുടെ വ്യവസായശാലകളിൽ ആർട്ടിസ്റ്റായിരിക്കുന്ന മി. പി. ഹരിഹരൻ എന്ന ഒരു തിരുവിതാംകൂറുകാരൻ അവരെ അനുഗമിക്കുന്നുണ്ട്. മി. ഹരിഹരൻ അവധിയെടുത്തു ഇന്ത്യയിലേക്കു വരികയാണ്. തിരുവിതാംകൂറിലെ വിശേഷപ്പെട്ട സ്ഥലങ്ങൾ കാണിക്കാനായി അദ്ദേഹം ഈ സന്ദർശകരെക്കൂടെ കൊണ്ടുവരികയാണു ചെയ്യുന്നത്. മി. ഹരിഹരൻ മൈസൂർ സർവീസിലിരുന്ന ഡാക്ടർ പി. പല്പുവിന്റെ ഇളയപുത്രനും ശാന്തിനികേതനത്തിൽ മി. നന്ദലാൽബോസിന്റെകീഴിൽ പത്തുവർഷത്തിൽകൂടുതൽ ആർട്ടിസ്റ്റായിരുന്നിട്ടുള്ളയാളുമാകുന്നു.


* * *

ചില രസികൻ നോവലുകൾ.

	ക.	ണ.
മായാമണ്ഡലം	1	8
കുസുമോത്സവം	1	8
ഇന്ദിര	1	0
പ്രണയപാശം	1	0
പ്രണയപ്രതീകാരം	1	0
മൊരസ്സിണി	0	12
ചിത്രലേഖ	0	12
അമരസിംഹൻ	0	12
കാലന്റെ കൊലയറ	1	0
അരമനരഹസ്യം	1	0
അംഗനാചുംബനം(മൂന്നുഭാഗം)	3	0
ചമ്പകമാല	0	10
അഹിഭയം	1	8
വാസിനി	0	12
മലയൻ	0	12
ബാങ്കർ ചന്ദ്രശേഖരൻ	0	12
അവളുടെ അത്ഭുതപ്രേമം	0	10
കമലാഭായി	1	0
പ്രേമധാമം അഥവാ സുവർണ്ണകുമാരി	0	12
ചമ്പകമാല	0	12

ശ്രീരാമവിലാസം ബുക്കഡിപ്പോ, കൊല്ലം





ആറന്മുള വള്ളംകളി. ക്ഷേത്രത്തിന്റെ ഒരു ഭാഗവും ചിത്രത്തിൽ കാണപ്പെടുന്നു.

Photo M. O. Ipe, Eraviperoor.

(12 -ാംപുറത്തിൻെറ തുടർച്ച)

ടെ ആരാം" എന്നു തീരുമാനിച്ചു ബുക്കടച്ചു അലമാരിയിൽവച്ചു.

കല്യാണപ്പണിക്കർ ഒന്നു നിശ്ചയിച്ചാൽ അക്കാര്യം സാധിച്ചുകഴിഞ്ഞിട്ടേ മറെറാന്നിൽ പ്രവേശിക്കയുള്ളു. അതുവരെ നിരന്തരപരിശ്രമംചെയ്യുന്നതു അയാളുടെ സ്വഭാവമാണു്. ഊണും കഴിഞ്ഞു തിരുവല്ലായ്ക്കു പുറപ്പെട്ടു. സന്ധ്യകഴിഞ്ഞു ഒരു വഴിപോക്കനെന്ന നിലയിൽ കോമത്തുവീട്ടിൽ ചെന്നു കയറി. ഗൃഹനാഥനായഗോപാലപിള്ളയുടെ പിതാവു പണിക്കരെസംബന്ധിച്ചു വിവരങ്ങൾ ചോദിച്ചു. താൻതിരുവനന്തപുരത്തുകാരനാണെന്നും കരുണാകരപ്പണിക്കർ എന്നാണു പേരെന്നും കോട്ടയംവരെ ഒരാവശ്യമായിട്ടുപോകയാണെന്നും ബസ്സു കിട്ടാത്തതിനാൽ അവിടെ കേറിയതാണെന്നും അവരെ അറിയിച്ചു. ഗോപാലപിള്ളബി. ഏ. പാസ്സായി ഒരു ജോലിയുമില്ലാതെഗൃഹഭരണത്തിൽ മാതാപിതാക്കന്മാരെ സഹായിച്ചുകഴിഞ്ഞുകൂടുകയാണു്. അനന്തരജീവിതത്തെക്കുറിച്ചു് ചിന്താകുലനായി ഓരോദിവസത്തേയും തള്ളിമറിക്കയാണു്. ഈ വിവരങ്ങൾ തൻെറ നോട്ടുബുക്കിൽ നിന്നു മനസ്സിലാക്കിക്കൊണ്ടാണു് പണിക്കർ വന്നിരിക്കുന്നതും. അതിഥിസൽക്കാരത്തിൽ ഗോപാലപിള്ള പൂണ്ണചുമതല കയ്യേററു. അത്താഴം കഴിഞ്ഞു അവർ വിവിധവിഷയങ്ങളെപ്പററി സംസാരിച്ചുകൊണ്ടിരുന്നു

ഗോപാലപിള്ള—ഞാൻ ബി ഏ. പാസ്സായിട്ടു ഒരുകൊല്ലംകഴിഞ്ഞു. അത്രയും പഠിച്ചതുതന്നെ വളരെ വിഷമിച്ചാണു്. മാതാപിതാക്കന്മാക്കു ഞാൻ ഏകപുത്രനായതുകൊണ്ടു് വസ്തുക്കൾ പണയമെഴുതിയും എന്നെ പഠിപ്പിക്കയാണു് ചെയ്തതു്. ബാക്കിയുള്ളതുംപണയപ്പെടുത്തി ബി. എല്ലിനു് അയക്കാമെന്നു് അവർ പറയുന്നുണ്ടു്. ഉള്ളതുമുഴുവൻ നശിപ്പിക്കേണ്ടെന്നുവച്ചു് ഞാൻ വേണ്ടെന്നുപറകയാണു് ചെയ്തതു്. എന്തെങ്കിലും തൊഴിലിൽ ഏപ്പെടണമെന്നാണു് എൻെറ വിചാരം. പക്ഷെ, അതിനുംവേണമല്ലോ പണം. സക്കാർഉദ്യോഗത്തിനു ശ്രമിക്കുന്നതുതന്നെവെറുതെ....

പണിക്കർ—ഉദ്യോഗത്തിനു ശ്രമിക്കാൻ തിരുവനന്തപുരത്തെത്തുന്ന യുവാക്കന്മാക്കു ഒരുകണക്കുമില്ല. കുറെ പണം അവിടെ കൊണ്ടുവന്നു വിതച്ചിട്ടു എല്ലാവരുംതന്നെ നിരാശരായി മടങ്ങുകയാണു പതിവു്. കാലസ്ഥിതിക്കു ആദായകരമായ എന്തെങ്കിലും തൊഴിലിൽതന്നെ പ്രവേശിക്കയാണു നല്ലതു്. അഥവാ നിങ്ങൾ ശ്രമിച്ചാൽ പതിഞ്ചുരൂപയുടെഒരുദ്യോഗം കരസ്ഥമായിഎന്നുതന്നെവിചാരിക്കുക. ചിലവിനു പിന്നെയും വീട്ടിൽനിന്നുവരുത്തണമല്ലൊ

ഗോ: പി—ശരിയാണതു്. സക്കാർ ഉദ്യോഗത്തിനു ശ്രമിച്ചിട്ടാവശ്യമില്ല. ഒരു പ്രസ്സിട്ടാൽ എന്തെന്നു ഞാൻ ചിലപ്പോൾ ആലോചിക്കാറുണ്ടു്

പണിക്കർ—ആ ആലോചന തരക്കേടില്ല ക്രമേണ ഒരു പേപ്പർതുടങ്ങാം. പത്രാധിപരാകാം. എവിടേയും നല്ല മാന്യനില. ആരുടേയും അടിമയാകാത്ത സ്വതന്ത്രജീവിതം-കൊള്ളാമതു്.

ഗോ: പി—പക്ഷെ തൽക്കാലം പണത്തിനു വഴികാണുന്നില്ല

പണിക്കർ—ഞാൻ ഒരുവഴിപറയട്ടെ. നല്ലപോലെ ആലോചിച്ചിട്ടു തീരുമാനിച്ചാൽമതി.

ഗോ: പി— പറയണം കേൾക്കട്ടെ.

പണിക്കർ—അയ്യായിരം രൂപയുണ്ടെങ്കിൽഇപ്പോഴത്തെ സ്ഥിതിക്കു പ്രസ്സിടരുതെ.

ഗോ: പി—മതിയാകുമെന്നു വയ്ക്കുക.

പണിക്കർ - എന്നാൽ എൻെറ പരിചയത്തിൽ ഒരു പെൺകിടാവുണ്ടു്. അവൾക്കുഅനുരൂപനായ ഒരു വരനെകിട്ടിയാൽ അയ്യായിരം കൊടുത്തേക്കാമെന്നു രക്ഷാകത്താക്കന്മാക്കഭിപ്രായമുണ്ടു്.

ഗോ: പി—അപ്പോൾ നിങ്ങൾ ഒരു വിവാഹഏജൻറാണെന്നു തോന്നുന്നല്ലോ.

പണിക്കർ—അതുപെട്ടെന്നു് അഭിപ്രായംപറയാതെ. യുവാക്കന്മാക്കു അങ്ങിനെയുള്ളവരെ കണ്ടുകൂടെന്നു് എനിക്കറിയാം. പക്ഷേ അവരുടെ വലയിൽ വീഴാത്ത യുവാക്കന്മാരെവിടെകിടക്കുന്നു. ഇക്കാര്യത്തിൽ എനിക്കൊരു നിർബന്ധവുമില്ല. പെണ്ണിനെക്കണ്ടിട്ടു നിങ്ങൾക്കു പിടിച്ചെങ്കിൽ അങ്ങിനെ ചെയ്യരുതേ എന്നുമാത്രമേ ഞാൻ ചോദിക്കുന്നുള്ളു അയ്യായിരം രൂപയും അനന്തരഭാഗ്യവിധാനങ്ങളും ഉപേക്ഷിക്കണോഎന്നു അതിനുശേഷംതീർച്ചയാക്കൂ.

ഗോപാലപിള്ള വളരെനേരം ചിന്തിച്ചപ്പോൾ കൈയിൽ വന്നതു തട്ടിക്കളയുന്നതു് ഉചിതമല്ലെന്നു് തോന്നി പെണ്ണിനെക്കണ്ടിട്ടു് മനസ്സിനിണങ്ങിയില്ലെങ്കിൽ പണത്തിനെ മോഹിച്ചു താൻ വിവാഹംചെയ്കയില്ലെന്നും തീരുമാനിച്ചു

ഗോ: പി ഇപ്പോൾ മറുപടിയൊന്നും പറയുന്നില്ല. പെണ്ണിനെ കാണുന്നതിൽ വിരോധവുമില്ല.

കോട്ടയത്തിനുള്ള യാത്ര പിള്ളയ്ക്കുവേണ്ടി തിരുവനന്തപുരത്തു പോയി വന്നിട്ടുമതിയെന്നു പണിക്കർ സമ്മതിച്ചതനുസരിച്ചു പിറേറന്നു തിരുവനന്തപുരത്തിനു പുറപ്പെടാമെന്നും, ആളെക്കണ്ടു തൃപ്തിതോന്നിയെങ്കിൽ മാത്രം വീട്ടിൽ അറിയിച്ചാൽ മതിയെന്നും തീരുമാനിച്ചു അവർ നിദ്രയെ ആരാധിക്കുവാൻ ഇടങ്ങി. പിറേറദിവസം പ്രഭാതത്തിൽ കോട്ടയംവരെ പോകുന്നു എന്നു പറഞ്ഞു് രണ്ടുപേരും യാത്രപുറപ്പെട്ടു.

IV

ഗോമതിയെ കണ്ടു ഗോപാലപിള്ള അമ്പരന്നുപോകയാണുണ്ടായതു്. തൻെറ ദൃഷ്ടിപഥത്തിൽ പെട്ട യാതൊരു യുവതിയിലും ഇത്രമാത്രം സൌന്ദര്യംകാണുന്നില്ലെന്നു അയാൾ സമ്മതിച്ചു.

സൌന്ദര്യത്തിൻെറ മാനദണ്ഡമോഅവൾഎന്നു പിള്ള ശങ്കിച്ചു. പണംലഭിച്ചില്ലെങ്കിൽതന്നെയും വിവാഹത്തിനു മുതിരുവാൻ അയാളുടെ മനസ്സുഴന്നു. എങ്കിലും അക്കാര്യം പുറമേ പ്രകാശിപ്പിച്ചില്ല. പണിക്കർ ഗോപാലപിള്ളയെ സ്വന്തഭവനത്തിൽ കൊണ്ടുചെന്നാക്കി. പിള്ളയുടെ പ്രേരണയാൽതന്നെ പണിക്കർ മാതാപിതാക്കന്മാരെ വിവരം അറിയിച്ചു. മകൻെറ നിർബന്ധവുംകൂടിയായപ്പോൾ പിന്നെ സമ്മതത്തിനു താമസമുണ്ടായില്ല. പത്തുദിവസം കഴിഞ്ഞുള്ള അടുത്ത മുഹൂർത്തത്തിൽ തന്നെ വിവാഹം നടത്താമെന്നു നിശ്ചയിച്ചു. വധുവിൻെറ ഭാഗം താൻ സമ്മതിപ്പിച്ചുകൊള്ളാമെന്നു പണിക്കർ വാഗ്ദത്തവും ചെയ്തു. വിവാഹവേദിയിൽവച്ചുതന്നെ രൂപ അയ്യായിരവും വരനെ ഏൽപ്പിക്കാമെന്നു ഉടമ്പടിയും നൽകി.

ക്ഷണനമനുസരിച്ചു വധൂബന്ധുക്കളെല്ലാം വേണ്ട അന്വേഷണം തുടങ്ങി സുന്ദരവിലാസമാകെ അലംകൃതമായി. വരൻെറ കൂട്ടക്കു താമസിക്കാൻ പ്രത്യേകമൊരു ബംഗ്ലാവു ഏപ്പാടുചെയ്തു. വിവാഹദിനത്തിനു തലേന്നാൾ വരനേയും കൂട്ടരേയുംകൊണ്ടുവരാൻ പണിക്കർതന്നെ തിരുവല്ലായ്ക്കുപുറപ്പെട്ടു. രാത്രി എട്ടുമണിക്കുള്ള ശുഭമുഹൂത്തത്തിലാണു് വിവാഹം നടക്കുന്നതു് ആറുമണിക്കുതന്നെ വരനും കൂട്ടരും പണിക്കരൊന്നിച്ചു വന്നുചേൎന്നു. പ്രത്യേകം ഏപ്പാടുചെയ്തിരുന്ന കെട്ടിടത്തിൽവെച്ചു കെങ്കേമമായ ഒരു കാപ്പി സൽക്കാരം നടന്നു നാഗസ്വരാദിവാദ്യമേളത്തോടുകൂടി അവിടെനിന്നു ഒരു ഘോഷയാത്ര പുറപ്പെട്ടു. ഏഴരമണിക്കുതന്നെ അവരെല്ലാം സവിശേഷാലംകൃതവും, ഇലക്ട്രിക്കു ലൈററുകളെക്കൊണ്ടു പ്രകാശമാനവും ആയ പന്തലിൽ പ്രവേശിച്ചുകഴിഞ്ഞു. കരാറിൻപ്രകാരമുള്ള രൂപ അയ്യായിരവും പിതാവിൻെറയും മററുംസാന്നിദ്ധ്യത്തിൽ ഗോപാലപിള്ളയ്ക്കു നൾകപ്പെട്ടു. വരൻ വിവാഹത്തിനുള്ള മണിമണ്ഡപത്തിൽ പ്രവേശിച്ചു സ്ത്രീകൾ വായ്ക്കുരവയിട്ടു വധുവിനെ അലങ്കരിച്ചു മണ്ഡപത്തിൽ കൊണ്ടുവന്നിരുത്തി. മോതിരം, മാല, ഇവ പരസ്പരം ധരിപ്പിക്കയും വരൻ വിലയേറിയ ഒരു പട്ടുവസ്ത്രം വധുവിനു കൊടുക്കയും ചെയ്തതോടുകൂടി വിവാഹക്രിയകളും അവസാനിച്ചു. മുകളിൽനിന്നു പുഷ്പമാരി ചൊരിഞ്ഞു നാരങ്ങ, പനിനീർ കളഭം മുതലായവ വിതരണം ചെയ്യപ്പെട്ടു. അനന്തരം സരസകവി സാരസാക്ഷൻപിള്ളയുടെ വിവാഹമംഗളപാരായണമായിരുന്നു. അതു് ഇങ്ങിനെ അവസാനിച്ചു.

കാമിനിതന്നുടെ സൽഗുണംവണ്ണിപ്പാ-
ന്നുമയായ്പോകയാൽ സാദ്ധ്യമല്ല
ആമയമേതുമേ തോന്നാതെകാന്തനു-
മിമഹാഭാഗ്യയും വാഴ്കനിങ്ങൾ.

പ്രസ്തുതഭാഗം ശ്രവിച്ചതോടുകൂടി പുരുഷസമൂഹത്തിൽ ചിലരിൽനിന്നു് 'ഹിയർ; ഹിയർ'എന്ന വിളി കേൾക്കായി. സ്ത്രീജനമദ്ധ്യത്തിൽനിന്നു് ചില മണികിലുക്കങ്ങൾ അന്തരിക്ഷത്തിൽ പൊങ്ങി. ഗോപാലപിള്ളയുടെ ചില സ്നേഹിതന്മാർ ഇതൊരു പ്രസംഗമണ്ഡപമാണോഎന്നു് സംശയം ചോദിച്ചു. മററുചിലർ ഈ നാല്പാലിയെ പ്രശംസിക്കുന്ന തിരുവനന്തപുരത്തുകാരുടെ സഹൃദയത്വത്തെക്കുറിച്ചു് പുകഴ്ത്തി. വധൂവരന്മാരുടെ ശ്രദ്ധ ഇതിലൊന്നും പെട്ടില്ലെന്നു തോന്നുന്നു. വിവിധവിഭവങ്ങളോടുകൂടിയ രസകരമായ സദ്യയുംകഴിഞ്ഞു ആഗതന്മാർ പിരിയുകയായി. വരൻെറ പിതാവും ബന്ധുക്കളും അവരുടെ വിശ്രമസദനത്തിലേക്കും തിരിച്ചു.

V

അടുത്തദിവസം പ്രഭാതസമയത്തിൽ വരൻെറ കൂട്ടർ യാത്രചോദിക്കാൻ വധൂഗൃഹത്തിലെത്തി. ഗോപാലപിള്ള മ്ലാനവദനാ

നായി, ചിന്താതാന്തനായി, വരാന്തയിൽ ലാത്തിക്കൊണ്ടിരിക്കുന്ന കൂട്ടുകാരിൽ ഒന്നു രണ്ടുപേർ അയാളെ സമീപിച്ച് വിനോദ ഭാഷണത്തിനാരംഭിച്ചു.

'ഹേ! ഗോപാൽ: എന്താണിങ്ങനെ ഉറക്കംതൂങ്ങി നടക്കുന്നത് '

ഉത്തരമൊന്നുമില്ല. അയാളുടെ വദനം ഒന്നുകൂടി വാടി. പിന്നെയും സഖാക്കൾ ചിലതെല്ലാം പറഞ്ഞുനോക്കിയെങ്കിലും ഗോപാലപിള്ളയിൽനിന്ന് ഒരക്ഷരവും പുറത്തുവരുന്നില്ല. എന്തോ വിഷമം തങ്ങളുടെ സ്നേഹിതനെ ബാധിച്ചിട്ടുണ്ടെന്നൂഹിച്ച് അങ്ങിനെ വല്ലതുമുണ്ടെങ്കിൽ പറയണമെന്നു അവർ നിർബന്ധിച്ചു നിർബന്ധം അസഹ്യമായപ്പോൾ പിള്ള ഗൽഗദസമന്വിതം ഇങ്ങിനെ പറഞ്ഞു.

'എൻെറഭാര്യ ഒരു ഊമയാണ്.'

അവർ പെട്ടെന്ന് ഇന്നലത്തെ കവിതയും ചിരിയുമെല്ലാം സ്മരിച്ചു. 'അയ്യോ! പറ്റിച്ചല്ലോ'എന്നു ഉറക്കെ വിളിച്ചുപറഞ്ഞു. അതു കേട്ടുകൊണ്ട് അല്പം അകലെനിന്നിരുന്ന വരൻെറ പിതാവ് ഓടിയെത്തി. അവർ പറഞ്ഞു. "പണിക്കർ പററിച്ചു. ഗോമതിയമ്മ ഒരൂമയാണ്. കഷ്ടം! ഗോപാലപിള്ളയുടെ യോഗം "

അച്ഛൻ ആക്രോശിച്ചു. 'പണിക്കരെവിടെ, പിടിക്കു് അവൻെറ പെടലിക്കു്. ദ്രോഹി. എനിക്കു് ഈ ഒരു മകനേയുള്ളൂ. അവനെ ഈ ആപത്തിൽ ചാടിച്ച പരമദ്രോഹി. പണിക്കരെവിടെ? പിടി അവനെ.'

ഈ പരിണാമം കാത്തുകൊണ്ടു പണിക്കർ മറപുറത്തു നിന്നിരുന്നു. അയാൾ ഓടിവന്ന് 'ആരാണിവിടെ ലഹളകൂട്ടുന്നത്' എന്ന് ഉറക്കെ ചോദിച്ചു. വരൻെറ പിതാവ് അങ്ങോട്ടടുത്തു 'എടാ, ദുഷ്ടാ! എൻെറ മകനെ മുടിച്ചില്ലേ നീ, നീ ചക്കരവാക്കുപറഞ്ഞു് അവനെ മിരട്ടിയില്ലേ? നിൻെറ പണവും നിൻെറ പെണ്ണും.'

പണിക്കർ—ഹേ, കാരണോരെ, മര്യാദയ്ക്കു സംസാരിക്കണം. ഇതു് തിരുവനന്തപുരമാണെന്നോർമ്മിക്കണം എൻെറ പേരിൽ എന്തു തെററാണു നിങ്ങൾക്കു പറയാനുള്ളതു്. അയ്യായിരംരൂപ പ്രതിഫലം പറഞ്ഞു. എണ്ണിവാങ്ങിച്ചില്ലേ അച്ഛനും മകനുംകൂടെ. പെണ്ണ് സുന്ദരിയാണെന്നു പറഞ്ഞു. കണ്ണില്ലേ നിങ്ങളുടെ മുഖത്തു്. ഗോപാലപിള്ള കണ്ടു മതിമറന്നുപോയി. അതിനു ഞാനെന്തുവേണം.

'ഊമയാണെന്നു നിങ്ങൾ പറഞ്ഞോ?'

"ഊമയാണോ എന്ന് നിങ്ങൾ ചോദിച്ചോ?"

ഉത്തരമില്ലാത്തതിനാൽ ഗോപാലപിള്ളയുടെ പിതാവ് കുഴങ്ങി. സ്നേഹിതന്മാർ പറഞ്ഞു.

"ഗോപാലപിള്ളേ! നമുക്കു് ഇപ്പോൾതന്നെ പോകാം. പെണ്ണിനെവച്ചുകൊണ്ട് ഇവർ ഇവിടെ ഇരിക്കട്ടെ"

പിതാവ്—ഗോപാലാ! ഇറങ്ങുവേഗം, തന്നത്താനെ നിശ്ചയിച്ചതിനു് നിനക്കിതു പററണം.

ഗോപാലപിള്ള ഒരു കാൽ താഴത്തേയ്ക്കു വയ്ക്കുന്നു. ഉടനെ 'ഉം' എന്നൊരു മൂളലോടെ ഒരു സുന്ദരവദനം അവിടെ പ്രത്യക്ഷമായി. അയാൾ തിരിഞ്ഞുനോക്കി. പിന്നേയും നോക്കി. ഒടുവിൽ വച്ചകാൽ പിൻവലിച്ചു.

പിതാവ്—ഇറങ്ങെടാവേഗം.

ഗോ: പിള്ള അച്ഛാ വിധിവിഹിതമാണ്. ഞാൻ വരുന്നില്ല.

സ്നേഹിതന്മാർ—അതെ, അതെ, പണിക്കരുടെ വിധി. പിതാവിൻേറയും സ്നേഹിതന്മാരുടേയും വീണ്ടും വീണ്ടുമുള്ള നിർബന്ധത്തിനും ഗോപാലപിള്ള വഴിപ്പെട്ടില്ല. നിരാശരായി അവർ തിരിച്ചുപോയി.

വിധിയെ പഴിച്ച വരൻ ക്രമേണ നിർമ്മലമായ ആനന്ദത്തിനു പാത്രമായിത്തീന്നു. അനിതരവനിതാസാധാരണമായ പതിശുശ്രൂഷകൊണ്ട് ഗോപാലപിള്ളയ്ക്കു് ഗോമതിയിൽ പ്രിയമേറിവന്നു എന്നുമാത്രമല്ല സ്വന്തമായി ഒരു പ്രസ്സു സ്ഥാപിക്കയും കാലതാമസംകൂടാതെ ഗോമതി എന്ന പേരിൽ ഒരു വൃത്താന്തപത്രം പ്രസിദ്ധപ്പെടുത്തിത്തുടങ്ങുകയും ചെയ്തു കല്യാണപ്പണിക്കർ തൻെറ തൊഴിലിൽനിന്നു വിരമിച്ച് ഗോപാലപിള്ളയുടെ ഉററമിത്രമായി എന്തിനും തയ്യാറായി വർത്തിക്കുന്നു. പത്രത്തിൻെറ പ്രചാരം തൻെറ ജീവിതോദ്ദേശമെന്നുകൂടി പണിക്കർക്ക് അഭിപ്രായമുണ്ടെന്നു തോന്നുന്നു ഗോപാലപിള്ള ഒരു സുപ്രസിദ്ധപത്രാധിപരെന്നുള്ള കീർത്തി സമ്പാദിച്ച് ഏതൊരു സദസ്സിലും മാന്യനും വാഗ്മിയുംആയി പരിശോഭിച്ചു

ഒരിക്കൽ പിള്ള പണിക്കരോടുപറഞ്ഞു: "മിസ്റ്റർ പണിക്കരേ, ഭാര്യ ഒരു ഊമയായാൽ കൊള്ളാമെന്ന് പരമാർത്ഥമായി ചില ഭർത്താക്കന്മാർ ആഗ്രഹിക്കാറില്ലേ"

പണിക്കർ - സംശയമോ, നാക്കു് മനുഷ്യരുടെ പരമശത്രുവാണെന്ന് എനിക്കു് നേരത്തെതന്നെ അറിയാമായിരുന്നു.



'പ്രഭാത' കമ്പനിയിലെ അമൃതമന്ഥന കഥയിലെ മുഖ്യനടിയായ നളിനി തർക്കാട്ട്.



മിസ്സിസ് വിജയദേവിയും മാസ്റ്റർ വിഠലും 'സാംബജി' എന്ന ചലനചിത്രകഥയിൽ.
മഹാരാഷ്ട്രനായകനായ ശിവജിയുടെ ജീവചരിത്രത്തെ ആസ്പദമാക്കിയുള്ള ഒരു കഥയാണ് 'സാംബജി'.

ടിബററിലെ സ്ത്രീകൾ.

വി. എസ്സ്. എസ്സ്. കണിയാർ.

സ്ത്രീകൾക്കു സ്വാതന്ത്ര്യമില്ലെന്നും, അവരെ പുരുഷന്മാർ അടിമകളാക്കി ഭരിക്കുകയാണെന്നും, ഈ ശോച്യാവസ്ഥ പരിഹരിക്കപ്പെടുന്ന വിഷയത്തിൽ സ്ത്രീകൾ ഒന്നുചേൎന്നു പ്രക്ഷോഭണം നടത്തേണ്ടതാണെന്നും മററും വിദുഷീരത്നങ്ങൾ വാദകോലാഹലം നടത്തുന്ന ഒരു കാലഘട്ടമാണിതെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലൊ. എന്നാൽ ചില അപരിഷ്കൃതരാജ്യങ്ങളിൽ സ്ത്രീകളുടെ ആധിപത്യം പുരുഷന്മാരെ എത്രമാത്രം കഷ്ടപ്പെടുത്തുന്നുണ്ടെന്നു പറഞ്ഞറിയിക്കുവാൻ വിഷമമാണ്. സൗന്ദര്യസമ്പന്നകളായ യോഷാരത്നങ്ങളുടെ മന്ദഹാസത്തിൽ മയങ്ങിപ്പോകുന്ന പുരുഷന്മാൎക്കു സ്ത്രീകളെ കഷ്ടപ്പെടുത്തുവാൻ സാധിക്കുമോ എന്നുള്ള കാര്യം ഇന്നും വാദവിഷയമായിരിക്കുന്നേയുള്ളു. ചില രാജ്യങ്ങളിൽ പ്രസവിക്കുന്നതു സ്ത്രീകളാണെങ്കിലും "പെററുകിടക്കുന്നതും" കുട്ടികളെ വളൎത്തുന്നതും പുരുഷന്മാരാണത്രെ. ഭാൎയ്യ പ്രസവിച്ചാൽ ഏതാനും നാളത്തേക്കു ഭൎത്താക്കന്മാർ പട്ടിണി കിടക്കേണ്ടിവരുന്ന ആചാരവും ചില സമുദായക്കാരുടെ ഇടയിൽ ഇന്നും നിലവിലിരിക്കുന്നുണ്ടു്. ഭാൎയ്യപ്രസവിച്ചാൽ, ഭൎത്താവിന്റെ ദേഹം മുഴുവനും കീറി, മുളകുവെള്ളത്തിൽ കുളിപ്പിച്ചുവരുന്ന ദിക്കിലും വിവാഹം അഭംഗുരമായി നടന്നുവരുന്നുണ്ടെന്നു പറഞ്ഞാൽ പലരും വിശ്വസിക്കുകയില്ലായിരിക്കാം. സ്ത്രീകളുടെ സംഖ്യ വളരെ കുറവുള്ള ചില പ്രദേശങ്ങളിൽ, പുരുഷന്മാർ അവിവാഹിതകളെ ദേവികളെ എന്നോണം ആരാധിച്ചുവരുന്നുണ്ടു്: അല്ലെങ്കിൽ അവൎക്കൊരു സഹധൎമ്മചാരിണിയെ കിട്ടുവാൻ സാധ്യമല്ലതന്നെ. ഇരുപതും മുപ്പതും വിവാഹാൎത്ഥികളാണു് അവിടെ ഒരു യുവതിയുടെ പുറകേ എത്തിക്കൂടുന്നതു്. നേപ്പാളിൽ ഭൎത്താവിന്റെ തലയിണക്കടിയിൽ പാക്കു് (അടയ്ക്ക) വച്ചിരുന്നാൽ സ്ത്രീ ഭൎത്താവിനെ ഉപേക്ഷിച്ചതായി കണക്കാക്കണംപോലും! ഇതിൽ പരം എന്തു സ്വാതന്ത്ര്യമാണു് സ്ത്രീകൾക്കാവശ്യമുള്ളതു്? കേരളത്തിൽതന്നെ ചില സമുദായത്തിലേ പുരുഷന്മാർ, ഭാൎയ്യ ഗൎഭിണിയായാൽ പ്രസവിക്കുന്നതുവരെ താടിമീശ വളൎത്തി (ദീക്ഷ) അസൗഖ്യത്തിനു വിധേയരാകണം.

വിനോദവൃത്താന്തങ്ങളുടെ ജന്മഭൂമിയായ "ടിബററിൽ" പെണ്ണുങ്ങൾ എത്രമാത്രം സ്വാതന്ത്ര്യമാണനുഭവിക്കുന്നതെന്നുള്ള വിവരണം വായനക്കാൎക്കു രസപ്രദമാകാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ടിബററിലേ സ്ത്രീകൾ പുരുഷന്മാരോടിടകലൎന്നു സൎവ്വസ്വാതന്ത്ര്യമായി ജീവിച്ചുവരുന്നവരാണ്. യുവതികൾ യുവാക്കന്മാരെ തങ്ങളുടെ സ്വന്തം അറകളിൽ (മുറികളിൽ) ക്ഷണിച്ചുവരുത്തി, വിവിധവിനോദങ്ങളിൽ ഏൎപ്പെടുന്ന വിഷയത്തിൽ തെല്ലും സങ്കോചം കാണിക്കാറില്ല. ഏതു പുരുഷനോടുകൂടിയും നൃത്തഗീതാദികളിൽ പ്രവേശിച്ചു സുഖിക്കുവാൻ യുവതികൾക്കവിടെ അധികാരമുണ്ടു്.

ടിബററിൽ, ഒരു തള്ളയുടെ മക്കളായ നാലോ അഞ്ചോ പുരുഷന്മാർകൂടി ഒരു സ്ത്രീയെ മാത്രം വിവാഹംചെയ്യുന്നഏൎപ്പാടു സൎവ്വസാധാരണമാണ്- എന്നാൽ ആ സ്ത്രീയിൽ പരിപൂൎണ്ണമായ അധികാരം വഹിക്കുന്നവൻ മൂത്തസഹോദരനായിരിക്കും. സഹോദരന്മാൎക്കും അവളുടെ ഭൎത്തൃപദത്തിൽ ശോഭിക്കുവാൻ യാതൊരുപ്രതിബന്ധവുമില്ല. ആ സ്ത്രീയിൽ ഉണ്ടാകുന്ന സന്താനങ്ങളെ രക്ഷിക്കുവാൻ ജ്യേഷ്ഠസഹോദരനാണു ചുമതലപ്പെട്ടവൻ. ഈ ആചാരം അവിടെനിലനില്ക്കുന്നതിനു കാരണം പുരുഷന്മാർ തമ്മിലുള്ള യോജിപ്പും, കുടുംബഭരണം മുഴുവനും സ്ത്രീകളിൽ ലയിച്ചിരിക്കുന്നതുമാണത്രെ.

വിവാഹത്തിൽ പ്രമാദമായ ചടങ്ങുകളൊന്നും അനുഷ്ഠിക്കേണ്ടതായിട്ടില്ല. മതഗുരു വധുവിനെ വരന്റെ ഗൃഹത്തിൽ കൂട്ടിക്കൊണ്ടുചെല്ലുകയും, മൂന്നാംദിവസം ദമ്പതികൾ സസ്നേഹം വൎത്തിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാൎത്ഥിക്കുകയും ചെയ്താൽ വിവാഹക്രിയ ഒരുമാതിരി പൂൎത്തിയായി. അനന്തരം വരൻ സമ്മാനിക്കുന്ന വസ്ത്രാഭരണങ്ങൾധരിച്ചു്, ശൃംഗാരമൂൎത്തിയായി, മന്ദഹാസസമേതം വധു, വരന്റെ അറയിലേക്കു മദാലസയായി കടന്നുചെല്ലുന്നു.

ടിബററിൽ ആണുങ്ങളും പെണ്ണുങ്ങളും പഴയവസ്ത്രങ്ങൾ കളഞ്ഞു പുതിയവസ്ത്രങ്ങൾ ധരിക്കുന്നതു് പ്രത്യേകകാലങ്ങളിലാണ്. പുതുവത്സരാരംഭത്തിൽ ഒരു തവണ മാത്രമേ ഇവർ പുതുവസ്ത്രം ധരിക്കുകയുള്ളു വെന്നു താല്പൎയ്യം. മററുകാലങ്ങളിൽ നവീനവസനങ്ങൾവാങ്ങി ധരിക്കുക എന്നതു അവർ സ്മരിക്കപോലുമില്ലത്രെ.

വിവാഹാനന്തരം ആ നവോഢ ആടയാഭരണങ്ങളണിഞ്ഞു മണവറയിലേക്കു കടന്നുചെല്ലുന്നു. അനന്തരം അവൾ ആരെയെല്ലാം സ്നേഹിക്കുന്നുവെന്നും, ആരുടെയെല്ലാം ഭാൎയ്യാപദം സ്വീകരിക്കുവാൻ വിചാരിച്ചിട്ടുണ്ടെന്നും ഉള്ള വിവരണത്തോടുകൂടി അവരുടെ പേരുവിവരം ഒന്നാംനമ്പർ ഭൎത്താവിനെ അറിയിക്കണം. എന്നാലും പൂൎണ്ണസ്വാധീനത പ്രഥമഭൎത്താവിനു തന്നിൽ ഉണ്ടായിരിക്കുന്നതാണെന്നും അവൾ സമ്മതിക്കേണ്ടതുണ്ടു്. ഇതോടെ വിവാഹക്രിയ സംപൂൎണ്ണസമാപ്തിയിലായി

ഇതരഭൎത്താക്കന്മാരെ ആ വീട്ടിൽ വരുത്തി, അവരോടു ഭാൎയ്യാനിൎവ്വിശേഷം വൎത്തിക്കുന്നതിൽ സ്ത്രീകൾക്കോ പുരുഷന്മാൎക്കോ യാതൊരു സങ്കോചവും ഉണ്ടാകാറില്ല. ബഹുഭൎത്തൃത്വംമൂലം അവിടെ കുടുംബകലഹങ്ങൾ ഉണ്ടാകാറില്ലെന്നാണു പറയപ്പെടുന്നതു്. വിവാഹം കഴിയുന്നദിവസംമുതൽ സ്ത്രീ കുടുംബഭരണം ശ്രദ്ധവച്ചു നടത്തിത്തുടങ്ങുകയും വേണം

വിവാഹബന്ധം വേർപെടുത്തുക എന്ന സംഗതി, അനുരാഗജന്യങ്ങളായ കലഹങ്ങളിൽനിന്നു് ഒരിക്കലും സംഭവിക്കാറില്ല. വിവാഹഏൎപ്പാടൊന്നും അവിടെ മററാരും നടത്തിക്കൊടുക്കേണ്ടതായിട്ടില്ല. ആരും വിഘ്നകാരികളാകാറുമില്ല. വധൂവരന്മാരുടെ ഇഷ്ടം മാത്രമാണു് അവിടെ വിവാഹത്തിനു പ്രേരകമായിട്ടുള്ളതു്. ഒരു യുവാവു് മദ്ധ്യേമാൎഗ്ഗം ഒരു യുവതിയെ കണ്ടുമുട്ടിയാൽ മതി, പ്രഥമവീക്ഷണത്തിൽതന്നെ അവർ അനുരക്തരായി 'വിവാഹക്കരാർ' നടത്തിയെന്നുവരാം.

വിവാഹബന്ധം വേർപെടുത്തപ്പെടണമെങ്കിൽ സ്ത്രീധനം മുഴുവനും ഭൎത്താവു തിരികെ കൊടുക്കേണ്ടിവരും. പുരുഷൻ കൊടുത്തിട്ടുള്ളവ, സ്ത്രീ പുരുഷനു തിരിച്ചുകൊടുക്കേണ്ടതുമാണ്. അത്രമാത്രം. എന്തുസൗകൎയ്യം?

സ്ത്രീവധക്കുററത്തിനു് അന്നാട്ടിൽ തൂക്കുവാൻ വിധിക്കാറില്ല. വെറുംപിഴയോ, തടവോ മാത്രം വിധിക്കപ്പെടും. ചിലപ്പോൾ പ്രേതം മറവുചെയ്യുന്നതിനുള്ള ചിലവു കുററക്കാരൻ കൊടുക്കേണ്ടതാണെന്നു വിധിയുണ്ടാവാനുംമതി.

സർ റോളണ്ട്റോസ്സ്.

എ. ജോണ്ണ്—കോലാലമ്പൂർ

ലോകോപകാരപ്രദങ്ങളായ ഓരോ നൂതനകണ്ടുപിടിത്തങ്ങൾ മൂലം ലോകചരിത്രത്തിൽ ചിരപ്രതിഷ്ഠ സിദ്ധിച്ചിട്ടുള്ള മഹാന്മാരിൽ വച്ചു കഴിഞ്ഞകൊല്ലം കാലഗതിപ്രാപിച്ച സർ റോളണ്ട്റോസ്സ് ഒരു മഹനീയസ്ഥാനത്തിന്നർഹനാണെന്നുള്ളതിനു പക്ഷാന്തരമില്ല.

ഏതാനുംകൊല്ലങ്ങൾക്കു മുമ്പുവരെ മലമ്പനിയുടെ കാഠിന്യം നിമിത്തം ഈ ഭൂഖണ്ഡത്തിന്റെ നല്ല ഒരുഭാഗം മനുഷ്യവാസയോഗ്യമല്ലാതെയും ഈ ഭയങ്കരവ്യാധിബാധിതരായി അനേകായിരംപേർ പ്രതിവർഷം മരണംപ്രാപിച്ചുകൊണ്ടും ഇരുന്നു. പല ഭിഷഗ്വരന്മാരും അശ്രാന്തപരിശ്രമംചെയ്തിട്ടും മലമ്പനിക്കുള്ള കാരണങ്ങൾ കണ്ടുപിടിക്കുന്നതിനൊ അതിലേക്കു നിവാരണമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനൊ കഴിഞ്ഞില്ല.

വിജനപ്രദേശങ്ങളിലുള്ള മലിനജലത്തിൽനിന്നും, ചതുപ്പുസ്ഥലങ്ങളിൽനിന്നും പുറപ്പെടുന്ന ഒരുതരം വാതകമാണു് മലമ്പനിക്കു ഹേതുഭൂതമായിത്തീരുന്നതെന്നു പലരും വിശ്വസിച്ചിരുന്നു. എന്നാൽ അനേകനാളത്തെ നിരന്തരവും ക്ലേശഭൂയിഷ്ഠവുമായ പര്യവേക്ഷണങ്ങളുടെ ഫലമായി കൊതുകമൂലമാണു് ഈ മഹാവ്യാധി വ്യാപിക്കുന്നതെന്നു് സർ റോളണ്ട് ലോകത്തിനു വെളിപ്പെടുത്തി. അതിപ്രയോജനകരമായ ഈ കണ്ടുപിടിത്തംമൂലം എത്രായിരംപേരെ അകാലമൃത്യുവിൽനിന്നു രക്ഷിക്കുന്നതിനു് സാധിച്ചിട്ടുണ്ടെന്നും, മലമ്പനിയുടെ ഭയങ്കരത ഹേതുവാൽ അഗണ്യകോടിയിൽ തള്ളപ്പെട്ടിരുന്ന ഏതെല്ലാം സ്ഥലങ്ങൾ മനുഷ്യവാസയോഗ്യവും നേത്രാഭിരാമവും ആക്കിത്തീർത്തിട്ടുണ്ടെന്നും നിർണ്ണയിക്കുക അശക്യമത്രെ.

1857 മേ മാസം 13-ാംതീയതി, അഥവാ പ്രസിദ്ധ ശിപായിലഹള നാമാരംഭിച്ചതിന്റെ മൂന്നു ദിവസങ്ങൾക്കുശേഷം ഇൻഡ്യയിൽ സംയുക്ത സംസ്ഥാനത്തിൽ (United Provinces) പെട്ട Almora എന്ന സ്ഥലത്താണു് സർ റോളണ്ട് ജാതനായതു്. ബങ്കാൾപട്ടാളത്തിലെ ഒരു ജനറലായിരുന്നു അദ്ദേഹത്തിന്റെ പിതാവു്. ഉദ്ദേശം 8-വയസ്സു പ്രായമായപ്പോൾ സ്വപുത്രനെ അദ്ദേഹം വിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിലേക്കയച്ചു. തന്റെ ഒരു മാതുലന്റെ സംരക്ഷണയിലാണു് ബാലനായ റോസ്സ് വളർത്തപ്പെട്ടതു്. വിദ്യാഭ്യാസത്തിൽ അദ്ദേഹം തീരെ ഉൽസുകനായിരുന്നില്ല. "ഉത്സാഹത്തോടുകൂടെ ഒരു പാഠവും പഠിക്കുന്നതിനു് എനിക്കു പ്രീപ്തിയില്ലായിരുന്നു" എന്നു് അദ്ദേഹംതന്നെ തന്റെ ബാല്യകാലത്തെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും ജന്തുശാസ്ത്രത്തിൽ അദ്ദേഹത്തിനു ജന്മസിദ്ധമായ ഒരു വാസനയുണ്ടായിരുന്നതായി കാണുന്നു. താഴെപറയുന്ന കഥ ഈ വാസനാവൈഭവത്തെ പ്രസ്പഷ്ടമാക്കുന്നുണ്ടു്.

ഒരിക്കൽ തന്റെ മാതുലൻ റോസിനു് ഒരു ഓന്തിനെ സമ്മാനംനൽകി. അതിനെ ചൂടായ സ്ഥലത്തു സൂക്ഷിക്കുകയും ചെറുപ്രാണികളെയും മററും കൊടുത്തു് അതിനെ അദ്ദേഹം വാത്സല്യമായി വളർത്തുകയും ചെയ്തു. ഇൻഡ്യയിൽ തന്റെ മാതാവിനയയ്ക്കുന്ന എഴുത്തുകളിൽ അധികവും ഈ ഓന്തിന്റെ കാര്യമായിരിക്കും പ്രതിപാദനവിഷയം. ഒരെഴുത്തിൽ ഉദ്ദേശം 300 വാക്കുകൾ ഓന്തിനെപ്പററിയുണ്ടായിരുന്നെങ്കിലും തന്റെ സഹോദരനെയും മാതുലനെയുംപററി പത്തുവാക്കുകൾ തികച്ചെഴുതിയിരുന്നില്ല!

1879-ൽ ഇൻഡ്യൻമെഡിക്കൽസർവീസിലേക്കുള്ള പ്രവേശനപരീക്ഷയിൽ അദ്ദേഹം ചേർന്നു. എന്നാൽ ഒരുവിഷയത്തിൽ പരാജയം പററിയതിനാൽ പ്രവേശനംസിദ്ധിച്ചില്ല. പുത്രന്റെ പരാജയത്തിൽ കുപിതനായ പിതാവു് പ്രതിമാസം താൻ റോസിനു് അയച്ചുകൊണ്ടിരുന്ന പണത്തിന്റെ തുക കുറച്ചുകളയുമെന്നു പറഞ്ഞു ഭയപ്പെടുത്തി. ഈ ഭീഷണി പ്രകൃത്യാ സ്വതന്ത്രചിത്തനായിരുന്ന റോസ്സിന്റെ ആത്മാഭിമാനത്തെ ക്ഷതപ്പെടുത്തി. അതിനാൽ പിതാവിന്റെ സഹായത്തെ ആശ്രയിക്കാതെ സ്വപരിശ്രമംകൊണ്ടുതന്നെ ഉപജീവനമാർഗ്ഗം നേടുന്നതിനു് അദ്ദേഹം നിശ്ചയിച്ചു. ഭാഗ്യവശാൽ ലണ്ടനും ന്യൂയോർക്കിനും മദ്ധ്യേ ഓടിക്കൊണ്ടിരുന്ന ഒരു കപ്പലിൽ അദ്ദേഹത്തിനൊരുജോലിയും ലബ്ധമായി.

1881-ൽ അദ്ദേഹം വീണ്ടും ഐ. എം. എസ്സ്. പരീക്ഷയിൽ ചേരുകയും അതിൽ വിജയിആകയും ചെയ്തു. പ്രസ്തുതകൊല്ലം അദ്ദേഹം ഇൻഡ്യയിലേക്കുപുറപ്പെട്ടു. ബാംഗ്ളൂരിൽ അദ്ദേഹം ജോലിയായിരിക്കുമ്പോളാണു് മലമ്പനിയുടേ കാഠിന്യത്തെപ്പററി അറിയുന്നതിനും, ഈ രോഗം ബാധിക്കുന്നതിനു കൊതുകാണു് കാരണമെന്നു സംശയം ജനിക്കുന്നതിനും ഇടയായതു്. തൽസംബന്ധമായി അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു. "ബാംഗ്ളൂരിൽ കൊതുകിന്റെ ശല്യം കലശലായിരുന്നു. അവ എവിടെനിന്നു പുറപ്പെടുന്നു എന്നറിയുന്നതിനായി ഞാൻ അന്വേഷണങ്ങൾ നടത്തി. ഒടുവിൽ അനേകനാളുകളായി ആരും ഉപയോഗിക്കാതെ വച്ചിരുന്ന ഒരു വലിയ പാത്രത്തിലുണ്ടായിരുന്ന വെള്ളത്തിലാണു് ഇവ മുട്ടയിട്ടു വിരിയുന്നതെന്നു് എനിക്കു കണ്ടുപിടിക്കുവാൻ സാധിച്ചു. ആ പാത്രത്തിലെ വെള്ളം ഒഴിച്ചുകളഞ്ഞതോടുകൂടി കൊതുകിന്റെ ഉപദ്രവവും കുറഞ്ഞുതുടങ്ങി. ഇതേപ്പററി എന്റെ മേലുദ്യോഗസ്ഥനോടു സംസാരിക്കുകയും, മുട്ടയിട്ടു വിരിയുന്നതിനു സൌകര്യം കൊടുക്കാതെ കെട്ടിനിൽക്കുന്ന ജലാശയങ്ങളും മററും സൂക്ഷിച്ചാൽ ഏതു സ്ഥലവും കൊതുകിന്റെ ഉപദ്രവത്തിൽനിന്നു രക്ഷിക്കുന്നതിനു സാധിക്കുമെന്നഭിപ്രായപ്പെടുകയുംചെയ്തു. എന്നാൽ എന്റെ അഭിപ്രായം അർത്ഥശൂന്യമെന്നു പറഞ്ഞു് അദ്ദേഹം പരിഹസിക്കയാണു ചെയ്തതു്. കൊതുകും ഏതോ പ്രത്യേക ആവശ്യത്തിലേക്കാണു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും, അവയെ കൊല്ലുന്നതു പ്രകൃതിനിയമത്തിനു വിരുദ്ധമാണെന്നും, അവയുടെഉപദ്രവങ്ങൾ സഹിക്കേണ്ടതു മനുഷ്യന്റെ കടമയാണെന്നുമായിരുന്നു അദ്ദേഹത്തിന്റെ അഭിമതം. അങ്ങനെയാണെങ്കിൽ മൂട്ട, പേൻ ഇവയെ സംബന്ധിച്ചും ഈ നിയമംതന്നെ മനുഷ്യർ അനുഷ്ഠിക്കാതെ അവയെ കൊല്ലുന്നതു പ്രകൃതിനിയമത്തിനു വിരുദ്ധമല്ലെ എന്നു ഞാൻ വാദിച്ചു. എന്റെ വാദമുഖങ്ങൾ ഖണ്ഡിക്കുന്നതിനുപകരം എന്നെ അവജ്ഞയോടുകൂടി നോക്കുക മാത്രമാണു് അദ്ദേഹം ചെയ്തതു്.

ഇതുകൊണ്ടൊന്നും ഭഗ്നാശയനൊ നിരുത്സാഹനൊ ആകാതെ, തന്റെ അഭിപ്രായസ്ഥാപനത്തിനായി റോസ് അക്ഷീണയത്നം ചെയ്തുകൊണ്ടിരുന്നു വൈദ്യസംബന്ധമായ പര്യവേക്ഷണശാലകളൊ, അതിനു വേണ്ട ഉപകരണങ്ങളൊ അന്നു ഇൻഡ്യയിൽ സുലഭമല്ലായിരുന്നതിനാൽ തന്റെ ഉദ്യമത്തിൽ റോസിനു പലപ്രകാരത്തിലുള്ള പ്രതിബന്ധങ്ങൾ തരണംചെയ്യേണ്ടതായിവന്നു 1890—94-വരെയുള്ള പര്യവേക്ഷണങ്ങളിൽ പല പരാജയങ്ങളും അദ്ദേഹത്തിനുണ്ടായി. "എന്നാൽ ഈ പരാജയങ്ങൾ നൂതനങ്ങളായ ചില വൈദ്യസിദ്ധാന്തമർമ്മങ്ങളെ എന്നെ പഠിപ്പിക്കമാത്രമാണു ചെയ്തതു്" എന്നാണദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നതു്.

1894-ൽ അദ്ദേഹം ഏതാനുംനാളത്തെ അവധിയിൽ ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോയി. അവിടെവച്ചു സുപ്രസിദ്ധ ഡോക്ടറായ Sir Patrick Manson-നെ കാണുന്നതിനിടയാകയും അദ്ദേഹം റോസിന്റെ അഭിപ്രായത്തോടു അനുകൂലിക്കയും, തദ്വിഷയകമായി ചില പ്രയോജനകരമായ കാര്യങ്ങൾ റോസിനെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു. തൽഫലമായി, ഇൻഡ്യയിൽ മടങ്ങിയെത്തിയാലുടൻ തന്റെ പര്യവേക്ഷണങ്ങൾ പൂർവ്വാധികം ഊർജ്ജിതമായി തുടർന്നുകൊണ്ടു പോകണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ഇൻഡ്യയിൽ വന്നെത്തുന്നതിനു മുമ്പു് മലമ്പനിയെസംബന്ധിച്ചു് എഴുതപ്പെടുന്ന ഏററവും നല്ല ഉപന്യാസത്തിനു മൂന്നുകൊല്ലത്തിലൊരിക്കൽ മെഡിക്കൽസർവ്വീസിലുള്ളവർക്കു നൽകപ്പെട്ടിരുന്ന പാർക്കേഴ്സ്സ്മാരകസമ്മാനം (Parker Memorial prize) റോസിനു ലഭിക്കയുണ്ടായി. പ്രസ്തുത ഉപന്യാസത്തിൽ ചെളിപ്രദേശത്തുനിന്നു പുറപ്പെടുന്ന ഒരുതരം വാതകത്തിൽനിന്നാണു മലമ്പനിയുണ്ടാകുന്നതെന്നു് അതുപര്യന്തം വൈദ്യലോകത്തിനുണ്ടായിരുന്ന അഭിപ്രായത്തെ അദ്ദേഹം പാടേ ഖണ്ഡിക്കുകയും സ്വാഭിപ്രായത്തെ കാര്യകാരണസഹിതം സ്ഥാപിക്കയും ചെയ്തു.

1895-ൽ അദ്ദേഹം ഇൻഡ്യയിൽ മട

ങ്ങിഎത്തി. തദനന്തരം തന്റെ പൎയ്യവേക്ഷണങ്ങൾമൂലം കിട്ടിക്കൊണ്ടിരുന്ന നൂതന അറിവുകളെ വിവരിച്ചും, തദ്വാരാ രൂപീകൃതമായ തന്റെ അഭിപ്രായത്തെ വിശദീകരിച്ചും അദ്ദേഹം സർ Manson-ന് എഴുതിക്കൊണ്ടിരുന്നു. ഈ അവസരത്തിൽ പല പരാജയങ്ങളും അദ്ദേഹം അഭിമുഖീകരിക്കേണ്ടതായിവന്നു. എങ്കിലും ആശ കൈവിടാതെ പരിശ്രമിച്ചതിന്റെ ഫലമായി മലമ്പനിബാധിതനായ ഒരാളെ കടിച്ച ചില കൊതുകിനെ അദ്ദേഹം പിടിച്ചു വളരെ ശക്തിയുള്ള ഒരു ഭൂതക്കണ്ണാടിയിൽകൂടെ അവയെ പരിശോധിച്ചപ്പോൾ രോഗിയുടെ രക്തത്തിലുണ്ടായിരുന്ന അണുക്കളോടു സാമ്യമുള്ള അണുക്കൾ അവയുടെ ആമാശയത്തിലും കാണപ്പെട്ടു. അതിപ്രയോജനകരമായ ഈ രഹസ്യം കണ്ടുപിടിച്ചപ്പോൾ റോസിനു 38 വയസ്സു പ്രായമായിരുന്നു

സർ Manson-ൽ നിന്നു റോസ്സിനു കിട്ടിക്കൊണ്ടിരുന്ന എഴുത്തുകൾ ഏതൊരു പൎയ്യവേക്ഷകനും ആത്മവിശ്വാസവും ഉത്സാഹവും പ്രദാനം ചെയ്യുന്നവയായിരുന്നു. റോസിന്റെ പുതിയ കണ്ടുപിടിത്തത്തെപ്പററി അദ്ദേഹം എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു. മലമ്പനി അണുക്കൾ കൊതുകിൽ പ്രവേശിക്കുന്നതു കാരണംകൂടാതെ ആയിരിക്കയില്ല. അവ അങ്ങനെ ചെയ്യുന്നതു ഒരു വെറും നേരമ്പോക്കിനായിരിക്കാനും ഇടയില്ല. ഈ കൃത്യത്തിൽ സ്വാൎത്ഥം തീൎച്ചയായും അന്തർഭവിച്ചിട്ടുണ്ടു്. ഈ അണുക്കൾ നിസ്സ്വാൎത്ഥമായി പ്രവൎത്തിക്കുന്നവയല്ലെന്നു മനസ്സിലാക്കണം." കൊതുകിന്റെ ആമാശയത്തിൽ പ്രവേശിക്കുന്ന അണുക്കൾ മററു ഭക്ഷണപദാൎത്ഥങ്ങൾ പോലെ ദഹിക്കപ്പെടുന്നില്ലെന്നുള്ള മറെറാരു രഹസ്യവും അദ്ദേഹം കണ്ടുപിടിച്ചു.

കൂടുതൽ പരീക്ഷണങ്ങളുടെ ഫലമായി മൂട്ട, ഈച്ച ഈവക ജന്തുക്കൾ മലമ്പനി വ്യാപിപ്പിക്കുന്നതിനു കാരണമായിത്തീരുന്നില്ലെന്നും അദ്ദേഹം മനസ്സിലാക്കി. പിന്നീടു മലമ്പനിയുടെ അണുക്കൾ കൊതുകിന്റെ ആമാശയത്തിൽ വച്ചു വളൎച്ച പ്രാപിക്കുന്നവിധത്തെപ്പററി അദ്ദേഹം പരീക്ഷണങ്ങൾ നടത്തിത്തുടങ്ങി.

അന്നു പകൎച്ചവ്യാധികളുടെ കാഠിന്യം നിമിത്തം കുപ്രസിദ്ധി നേടിയിരുന്ന ബാംഗ്ളൂരിൽ വേണ്ട ശുചീകരണസമ്പ്രദായങ്ങൾ ഏൎപ്പെടുത്തുന്നതിനുവേണ്ടി ഉദ്ദേശം പതിനെട്ടുമാസക്കാലത്തേക്കു റോസ്സ് അവിടെ നിയമിതനായി. ഈ പതിനെട്ടു മാസത്തിനുള്ളിൽ അവിടത്തെ ശുചീകരണവേല പൂൎത്തിയാക്കുകയും അദ്ദേഹത്തിന്റെ പ്രവൃത്തിസാമൎത്ഥ്യത്തെപ്പററിയുള്ള ഒരഭിനന്ദനം അധികൃതന്മാർ രേഖപ്പെടുത്തുകയും ചെയ്തു

കൊതുകുമൂലമാണു മലമ്പനി വ്യാപിക്കുന്നതെന്നു അദ്ദേഹത്തിനു അനിഷേധ്യമായ തെളിവുകൾ ലഭിച്ചെങ്കിലും, എല്ലാവിധ കൊതുകുകളും ഇതിനുപകരണങ്ങളായിത്തീരുന്നുവൊ എന്നു് അദ്ദേഹത്തിനു നിശ്ചയമില്ലായിരുന്നു. തൽസംബന്ധമായ കൂടുതൽ തെളിവു ശേഖരിക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ അനന്തരപരിശ്രമങ്ങൾ.

അണുക്കൾ വഹിച്ചുകൊണ്ടു നടക്കുന്നതെന്നു സംശയമുണ്ടായ ഏഴു കൊതുകുകളെ ഒരിക്കൽ അദ്ദേഹം പിടികൂടി അവയിൽ ആറെണ്ണത്തിനേയും കീറിമുറിച്ചു പരിശോധന നടത്തിയെങ്കിലും ഉദ്ദിഷ്ടസിദ്ധിയുണ്ടായില്ല. എന്നാൽ ഏഴാമത്തെ കൊതുകിനെ പരിശോധിച്ചപ്പോൾ അതിന്റെ ആമാശയത്തിൽ കൃഷ്ണവൎണ്ണത്തിലുള്ള അണുക്കൾ ധാരാളം കാണപ്പെട്ടു സന്തോഷാതിരേകത്താൽ അദ്ദേഹം മതിമറന്നു. അനേകനാളത്തെ നിരന്തര പരിശ്രമങ്ങളുടെ ഫലം കരഗതമായെന്നറിഞ്ഞപ്പോൾ അദ്ദേഹം ദീൎഘമായൊന്നു നിശ്വസിച്ചു. ൧൮൯൭ ആഗസ്റ്റുമാസം ൨൦-ാംതിയതി ആയിരുന്നു ഇതു്.

പക്ഷെ ഇതുകൊണ്ടും പൂൎണ്ണഫലപ്രാപ്തിയുണ്ടായില്ല കൊതുക ഏതുപ്രകാരത്തിലാണു മലമ്പനിയുടെ ബീജങ്ങൾ മനുഷ്യശരീരത്തിൽ കടത്തിവിടുന്നതെന്നു സൂക്ഷ്മമായി ഇനിയും അറിയേണ്ടിയിരുന്നു തൽസംബന്ധമായി കൂടുതൽ പൎയ്യവേക്ഷണങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹം രാജപുട്ടാണായിലേക്കു സ്ഥലംമാററപ്പെട്ടു. അവിടെ തന്റെ പ്രവൃത്തികൾ തുടരുന്നതിനു പരിതഃസ്ഥിതികൾ തീരെ അനുകൂലമല്ലായിരുന്നു റോസിന്റെ ഈദൃശപ്രവൎത്തനങ്ങളിൽ വിരസത പ്രദർശിപ്പിരുന്ന ഏതോ മേലുദ്യോഗസ്ഥന്റെ ശുപാൎശമൂലമാണു രാജപുട്ടാനയിലേക്കു റോസിനെ മാററുന്നതിനിടയായതെന്നു പറയപ്പെടുന്നു. രാജപുട്ടാനയിലെ താമസംമൂലം റോസ്സ് തന്റെ പൎയ്യവേക്ഷണങ്ങൾ പൎയ്യവസാനിപ്പിക്കുമെന്നു ചിന്തിച്ചു് ആ ഉദ്യോഗസ്ഥൻ സ്വയം കൃതാൎത്ഥനായിരുന്നിരിക്കണം. പക്ഷെ പരിശ്രമശീലത്തെ പ്രതിരോധിക്കുന്നതിനു പരപ്രേരണയൊ, പ്രതിബന്ധങ്ങളൊ പൎയ്യാപ്തമായിത്തീരുന്നതല്ലല്ലോ.

൧൮൯൮-ൽ ഒരു പക്ഷിയിൽനിന്നു മറെറാരു പക്ഷിയിലേക്കു കൊതുകുമൂലം മലമ്പനിയുടെബീജങ്ങ വ്യാപിപ്പിക്കുന്നതിനും അതുസംബന്ധിച്ചുള്ള വിവരങ്ങൾ കാൎയ്യകാരണസഹിതം ഗ്രഹിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. തന്റെ വിജയത്തെപ്പററി അദ്ദേഹം Sir Mason നു ഒരു കമ്പിസന്ദേശം അയച്ചു. ആ സന്ദേശം എഡ്വിൻ

പൎവ്വതാരോഹണം



സ്വിററ്സർലണ്ടിലെ എൽബിനടിയിൽനിന്നും ൬൦൦൦ അടി ഉയൎന്നുവരുന്ന സ്റ്റെൻഷ്ളെൻഡർ എന്ന പൎവ്വതശൃംഗത്തിലേക്കുള്ള ഒരു കയററം.

N I· A·

ബെറോനിൽ കൂടിയ ഭിഷഗ്വരന്മാരുടെ ഒരു വമ്പിച്ച സമ്മേളനത്തിൽ വായിക്കയും അവർ അദ്ദേഹത്തിന് ഒരു അനുമോദനസന്ദേശം അയയ്ക്കുകയും ചെയ്തു.

1899-ൽ അദ്ദേഹം ഇൻഡ്യയിൽനിന്നു പെഷൻപററിപിരിഞ്ഞു. തൻെറ പരിക്ഷണങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനു പിന്നെയും അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരുന്നു. പശ്ചിമആഫ്രിക്കയിൽ തദ്ദ്ദം ഏതാനുംനാൾ പരീക്ഷണങ്ങൾ നടത്തിയതിൻെറശേഷം അദ്ദേഹം ഇംഗ്ലണ്ടിലേക്കു മടങ്ങി.

അധികകാലവിളംബമെന്യേ അദ്ദേഹം ലിവർപൂളിൽ ഒരു വൈദ്യപാഠശാലയിലെ പ്രൊഫസ്സർആയി നിയമിക്കപ്പെട്ടു. 1913-ൽലണ്ടനിൽഉണ്ടായിരുന്നKing's Colleges ഉഷ്ണമേഖലയിലെ പകർച്ചവ്യാധികളെപ്പററി പര്യവേക്ഷണം നടത്തുന്നതിലേക്കു പ്രത്യേകം നിയമിതനായി. പിന്നീടു അദ്ദേഹം മലമ്പനിസംബന്ധിച്ചുള്ള ഒരുപദേഷ്ടാവായിത്തീൎന്നു. 1902-ൽ വൈദ്യസംബന്ധമായ പര്യവേക്ഷണങ്ങൾക്കായി അദ്ദേഹം നോബൽസമ്മാനത്തിനർഹനായിത്തീൎന്നു. ഇതുകൂടാതെ 1911-ൽK. C. B. എന്ന സ്ഥാനവും 1918-ൽ K. C. M G. എന്ന സ്ഥാനവും ലഭിക്കയുണ്ടായി.

മലമ്പനി ബാധിച്ച പല സ്ഥലങ്ങളും അദ്ദേഹം സന്ദർശിച്ചിട്ടുണ്ടു്. 1926-ൽഅദ്ദേഹം മലയായും സന്ദർശിച്ചു. തദവസരത്തിൽ അദ്ദേഹം മലമ്പനി നടപ്പുണ്ടായിരുന്ന പല തോട്ടങ്ങളിൽ പോകുകയും, മലമ്പനിനിവാരണാർത്ഥം സാരവത്തായ പല ഉപദേശങ്ങൾ നൽകുകയും ചെയ്തു. മലയായിൽ മനുഷ്യവാസയോഗ്യമല്ലാതിരുന്ന പല സ്ഥലങ്ങളും ഇദ്ദേഹത്തിൻെറ കണ്ടുപിടിത്തംമൂലം മനുഷ്യവാസയോഗ്യമെന്നു മാത്രമല്ല മനോഹരങ്ങളായ ഉദ്യാനങ്ങളായും തീരുന്നതിനു ഇടയായിട്ടുണ്ടു്.

പനാമാകടലിടുക്കുസംബന്ധിച്ച പണികളുടെ പ്രാരംഭഘട്ടത്തിൽ മലമ്പനി ബാധിച്ചു അനേകായിരംപേർ മരണംപ്രാപിച്ചുകൊണ്ടിരുന്നു. ഒടുവിൽ മലമ്പനിയുടെ കാഠിന്യംനിമിത്തം പണിതുടരുന്നതിനുതന്നെ നിവൃത്തിയില്ലാതായിത്തീൎന്നു. സർ റോളണ്ടു്റോസിൻെറ കണ്ടുപിടിത്തംമൂലമാണു ലോകക്കു അതിപ്രയോജനകരമായ ഈ കടലിടുക്കിൻെറ പണി തുടരുന്നതിനും അതുപൂർത്തിയാക്കുന്നതിനും സാധിച്ചതെന്നുള്ളതു നിർവ്വിവാദമത്രെ.

വൈദ്യശാസ്ത്രത്തിൽ അതിനിപുണത സിദ്ധിച്ച ഈ മഹാൻ ഒരു നല്ലകവിയും ആയിരുന്നെന്നു അധികംപേർ അറിഞ്ഞിരിക്കാൻ ഇടയില്ല. വിശിഷ്ടമായ പലസാഹിത്യഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ടു്. "In Exile" എന്ന അദ്ദേഹത്തിൻെറ കവിതയെപ്പററി ഇംഗ്ലണ്ടിലെ കൊട്ടാരംകവിയായ ജോൺ മേസ്ഫീൽഡ് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ആധുനികകാലത്തു വിരചിതമായിട്ടുള്ള കവിതകളിൽ വച്ചു അത്യുൽകൃഷ്ടമായിട്ടുള്ള ഒന്നാണിതു്. ഇതു സഹൃദയഹൃദയാഹ്ളാദജനകമാണു്. എൻെറജീവിതകാലത്തുണ്ടായിട്ടുള്ള പുസ്തകങ്ങളിൽവച്ചു ഏററവും സജീവമായിട്ടുള്ള ഇതിൽ എൻെറ ഒരവതാരികകൂടെ എഴുതിച്ചേർക്കുന്നതിനു എനിക്കു ഭാഗധേയമുണ്ടായതിൽ ഞാൻ അതീവ സന്തോഷിക്കുന്നു-"

ഇങ്ങനെ സർ റോളണ്ടുറോസ്സ നാനാപ്രകാരേണ ലോകരുടെ ആരാധനാപാത്രമായിരുന്നെങ്കിലും അദ്ദേഹത്തിനു ഒരു കുറവുണ്ടായിരുന്നു. അതായതു ധനം ആർജ്ജിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അദ്ദേഹത്തിനു അറിയാൻപാടില്ലായിരുന്നു. അതിനുള്ള ആഗ്രഹവും അദ്ദേഹം പ്രദർശിപ്പിച്ചിരുന്നില്ല. തന്നിമിത്തം തൻെറ അന്ത്യഘട്ടത്തിൽ പണസംബന്ധമായ പല പ്രയാസങ്ങളും നേരിട്ടു. വിഷമങ്ങൾ ദുർവ്വഹമായിത്തീൎന്നതിനാൽ 1924-ൽ അദ്ദേഹം തൻെറ വിശിഷ്ടഗ്രന്ഥസമുച്ചയം ലേലം ചെയ്യുന്നതിനു ഒരു പരസ്യം പ്രസിദ്ധപ്പെടുത്തി. ഇതു വായിച്ചപ്പോളാണു അദ്ദേഹത്തിൻെറ പ്രയാസത്തെപ്പററി പൊതുജനങ്ങൾക്കറിവുണ്ടായതു്. ഉടൻതന്നെ അദ്ദേഹത്തെ സഹായിക്കുന്നതിനായി ഭൂലോകത്തിൻെറ നാനാഭാഗങ്ങളിലും ധനശേഖരം ആരംഭിച്ചു. ഇൻഡ്യൻഗവർമ്മെണ്ടു് ഈ ഫണ്ടിലേക്കു 2000-പവൻ സംഭാവനകൊടുത്തതായി കാണുന്നു. മലയായിൽ ഗവർമ്മെണ്ടു യാതൊരു സഹായവും നൽകിയില്ലെങ്കിലും പൊതുജനങ്ങൾ ഏകദേശം 3500-പവൻ പിരിച്ചെടുത്തു. ആകപ്പാടെ 15,513 പവൻ ഈ ഫണ്ടിലേക്കു പിരിഞ്ഞുകിട്ടിയിട്ടുണ്ടു്

ലോകാപകാരാർത്ഥം ജീവിതാർപ്പണം ചെയ്ത ഈ മഹാനു് തൻെറ കുടുംബത്തിനു പ്രദാനംചെയ്യാൻസാധിച്ചതു് പൊതുജനങ്ങളുടെ സന്മനസ്സുകൊണ്ടു സിദ്ധിച്ച പ്രസ്തുതസംഖ്യമാത്രമായിരുന്നു എന്നാൽ ഇതിൻെറ അവസാനത്തെ കാശുപോലും ചെലവായിക്കഴിഞ്ഞാലും, അദ്ദേഹത്തിൻെറ നാമം അനേകായിരംപേർ എന്നെന്നും കൃതജ്ഞതാപുരസ്സരം സ്മരിക്കുമെന്നുള്ളതിനും, ലോകചരിത്രത്തിൽ സുവർണ്ണലിപികളിൽ അദ്ദേഹത്തിൻെറ നാമധേയം രേഖപ്പെടുത്തുന്നതാണെന്നുള്ളതിനും സന്ദേഹമില്ല. ഇവയാണല്ലൊ ധനത്തേക്കാൾ കാമ്യമായതും

32 വർഷം നിദ്ര.

അമേരിക്കയിലെ "ചിരനിദ്രാണസുന്ദരി" എന്ന അപരനാമം വഹിക്കുന്ന പാശ്ചാത്യ മാഗ്ഗയർ കഴിഞ്ഞ രണ്ടരവർഷക്കാലമായി തുടരെ ഉറക്കത്തിൽ കഴിച്ചുകൂട്ടുന്നു. ഇതിനുള്ള കാരണം കണ്ടുപിടിക്കുന്നതിനുശാസ്ത്രജ്ഞന്മാരും വിദഗ്ദ്ധന്മാരും "പഠിച്ചപണി പതിനെട്ടും" നോക്കിയിട്ടും ഫലം നാസ്തി.

ന്യൂ ആർലിയൻസിലെ ലയോലായൂനിവേർസിററി വൈദ്യനായ ഡാക്ടർ വിക്ടർ ഈ ഗോണ്ടാ "സിറം ഇൻജക്ഷൻ"മൂലം ഈ സ്ത്രീയെ ഉണർത്താമെന്നു ഉറപ്പുപറഞ്ഞുകൊണ്ടു് ചികിത്സ നടത്തിവരുന്നു

ചികിത്സകൾ ധാരാളം ഈ കാലത്തിനിടയിൽ നടന്നിട്ടും പാശ്ചാത്യാ ഉറക്കമുണരുന്ന മട്ടു കാണുന്നില്ല.

കൂടുതൽ ഉറങ്ങിയ ആളുകളിൽ ഒന്നാം സ്ഥാനം ഇവർക്കു ലഭിക്കണമെങ്കിൽ ഇനി വർഷങ്ങൾ കുറെ നിദ്രയിൽകഴിച്ചുകൂട്ടണം.

ഒരു സ്വീഡിഷുഗ്രാമത്തിൽ ജനിച്ച കറോലൈൻ കാർസ്ഡാററർ എന്ന പതിമൂന്നുവയസ്സായ ഒരു കുട്ടി പള്ളിക്കൂടത്തിൽ വച്ചു വായിച്ചുകൊണ്ടിരിക്കവേ ഉറങ്ങുവാൻ തുടങ്ങി; നാല്പത്തിഅഞ്ചാമത്തെ ജന്മനാൾ കഴിഞ്ഞു നിദ്രയിൽനിന്നുണൎന്നു.

ഒരൊററ രാത്രി ഉറങ്ങിയതായിട്ടെ തനിക്കു തോന്നുന്നുള്ളു എന്നാണു ഇവർ പറയുന്നതു്. അവിചാരിതമായ രീതിയിൽ നിന്നുപോയ വിദ്യാഭ്യാസം വീണ്ടും തുടരുന്നതിനു അവൎക്കു് അതിയായ ആഗ്രഹവുമുണ്ടു്.

ഉറക്കമുണൎത്തുവാൻ ചെയ്ത പ്രയത്നങ്ങളെല്ലാം വിഫലീഭവിച്ചു ഇത്രയും വർഷങ്ങൾക്കുശേഷം ഉണരുവാനുള്ള കാരണംഎന്തെന്നുള്ള ചോദ്യത്തിനും, ഇത്ര അധികം കാലം ഉറങ്ങുവാനുള്ള സംഗതിയെന്തെന്നുള്ള ചോദ്യത്തിനും ശാസ്ത്രജ്ഞന്മാർ മറുപടി പറയുവാൻ മടിക്കുന്നു

(ഫാർവേർഡ്)

പഞ്ചസാര.

കുമ്മനം കെ. ഗോവിന്ദപ്പിള്ള.

വൈദ്യശാസ്ത്രത്തിൽ 'ശക്കര' എന്ന പറഞ്ഞാൽ പഞ്ചസാര എന്നാണ് അർത്ഥം. മലയാളത്തിലെ ശക്കരയും അതിന്റെ തത്ഭവമായിരിക്കുന്ന ചക്കരയും വേറെവേറെ സാധനങ്ങളായിരിക്കുന്നു. കരിമ്പിൻനീരു കുറുക്കി വററിച്ചു കട്ടിയായുണ്ടാകുന്ന സാധനത്തെ ശക്കരയെന്നും തെങ്ങ്, ചൂണ്ടപ്പന, കരിമ്പന ഇതുകളിലെ കുലകൾ ചെത്തിയുണ്ടാക്കുന്ന മധുരക്കള്ളു കുറുക്കി കട്ടിയാക്കി എടുക്കുന്നതു ചക്കരയെന്നും പറഞ്ഞുവരുന്നു.

"ശക്കരേക്ഷുവികാരാണാം
ഫാണിതംച വരാവരെ" എന്ന അഷ്ടാംഗഹൃദയത്തിൽ കാണുന്നു. ഇക്ഷു (കരിമ്പ്) വികാരങ്ങളിൽവച്ചു ശ്രേഷ്ഠമായിട്ടുള്ള ശക്കരയും ഫാണിതം അല്ലെങ്കിൽ പാനി ശ്രേഷ്ഠമല്ലാത്തതുമാണെന്ന ഇതുകൊണ്ടു സ്പഷ്ടമാകുമല്ലൊ. ഇവിടെ ശക്കരയെന്ന വാക്കിന പഞ്ചസാരയെന്നും പഞ്ചസാരയെടുത്തിട്ടു ശേഷിക്കുന്ന ദ്രവസാധനത്തിന ഫാണിതമെന്നുമാണ അർത്ഥംഗ്രഹിക്കുവാനുള്ളതു്. തക്കലെ പഞ്ചസാരവ്യവസായശാലയിൽ പഞ്ചസാരയുണ്ടാക്കുന്നുണ്ടെന്നും അതിലേക്കു പനഞ്ചക്കര മാത്രമല്ല തെങ്ങും ചൂണ്ടപ്പനയുംകൂടി ചെത്തി മധുരക്കള്ളുണ്ടാക്കി അതിൽനിന്നുംകൂടി പഞ്ചസാരയുണ്ടാക്കുവാൻ പരിശ്രമംചെയ്യുവരുന്നു എന്നും നാം അറിയുന്നുണ്ടല്ലൊ. ഈ അവസരത്തിൽ പഞ്ചസാരയുണ്ടാക്കുന്നതു എങ്ങിനെയെന്ന അറിവാൻ പലക്കും താൽപര്യം ഉണ്ടായേക്കാം. പഞ്ചസാരയുണ്ടാക്കുന്നതിനെസംബന്ധിച്ചു മലയാളത്തിൽ ശാസ്ത്രീയമായ ഗ്രന്ഥങ്ങൾ ഉണ്ടെന്ന തോന്നുന്നില്ല. അതുകൊണ്ടുകൂടിയാണ ചുരുക്കത്തിൽ ഒരു വിവരണം ഇതിൽ എഴുതുവാൻ ഒരുമ്പെടുന്നതു്.

കരിമ്പിൻനീരു അല്ലെങ്കിൽ മധുരക്കള്ളു (അക്കാനി) എന്നാലെന്തു്? ഈ ചോദ്യത്തിന ഉത്തരം താഴെ ചേക്കുന്നു.

കരിമ്പിൻനീരു അല്ലെങ്കിൽ അക്കാനി } = പഞ്ചസാര + വെള്ളം + മാലിന്യങ്ങൾ.

മാലിന്യങ്ങളും വെള്ളവും കരിമ്പിൻനീരിൽനിന്നൊ അക്കാനിയിൽനിന്നോ നീക്കിക്കളഞ്ഞാൽ ശേഷിക്കുന്നതു പഞ്ചസാരയാണു്.

മാലിന്യങ്ങളെ രണ്ടായിവിഭജിക്കാം. ഒന്ന വെള്ളത്തിൽ തങ്ങിക്കിടക്കുന്നതു് (suspended impurities) മറെറാന്ന വെള്ളത്തിൽ അലിഞ്ഞുചേരുന്നതു് (Dissolved impurities). തങ്ങിക്കിടക്കുന്ന മാലിന്യങ്ങളെ അരിച്ചു നീക്കിക്കളയാം. അതിന നല്ല കണ്ണടുപ്പമുള്ള അരിപ്പയോ കമ്പിളിയോ ഉപയോഗിച്ചാൽ മതി. വെള്ളത്തിൽ അലിഞ്ഞുപോയ ഉപ്പു് അരിച്ചുകളയുവാൻ കഴിയാത്തതാണല്ലോ. അതുപോലെയാണ് കരിമ്പിൻനീരിലും അക്കാനിയിലും അലിഞ്ഞുചേന്നിട്ടുള്ള മാലിന്യങ്ങൾ. കരിമ്പുതോട്ടം നനയ്ക്കുന്നതിന ഓരുവെള്ളം ഉപയോഗിച്ചാൽ അതിന്റെ നീരിൽ ഉപ്പിന്റെ രസംകൂടി ഉണ്ടായിരിക്കും. ഓരുവെള്ളംകൊണ്ടു സേചനംചെയ്യപ്പെടുന്ന കരിമ്പു് ആട്ടിയുണ്ടാക്കുന്ന അച്ചുവെല്ലത്തിന് അല്പം ലവണരസം ഉണ്ടായിരിക്കുന്നതിന്റെ കാരണം ഇതാണു്. ഇപ്രകാരം അലിഞ്ഞുചേന്നിട്ടുള്ള മാലിന്യങ്ങളെ മാററുന്നതിന രണ്ടു സമ്പ്രദായങ്ങളുണ്ടു്. രണ്ടും അലിഞ്ഞുകിടക്കുന്ന മാലിന്യങ്ങളെ തരിപിടിപ്പിച്ചു തങ്ങിക്കിടക്കുന്ന അഴുക്കുകളാക്കി അരിച്ചുനീക്കുവാൻ ഇടകൊടുക്കുന്നതാണു്. കോഴിമുട്ടയുടെ വെള്ളക്കരു ചൂടുതട്ടുമ്പോൾ ദ്രാവകരൂപത്തിൽനിന്നും ഘനസാധനമായി തീരുന്നുണ്ടല്ലോ. അതുപോലെ അക്കാനിയിലേയും കരിമ്പിൻനീരിലേയും അഴുക്കുകളും ചൂടുതട്ടുമ്പോൾ ഘനസാധനങ്ങളായിപ്പരിണമിക്കും. (precipitation) തരിപിടിപ്പിക്കൽ എന്നാണ് ഇതിന പറയാവുന്നതു്. കരിമ്പിൻനീരു് അടുപ്പത്തു വച്ചു നല്ലപോലെ ചൂടാകുമ്പോൾ നീരിന്റെ മുകളിൽ പാടയായി ഈ അഴുക്കുകൾ പൊങ്ങിവരും. പതപൊട്ടി നുരവരുന്ന സമയം അതുകളെ അരിപ്പകൊണ്ടു കോരിയെടുത്തു കളയാവുന്നതാണു്. ഇങ്ങനെ ചെയ്തു് അഴുക്കുകൾ മുഴുവൻ നീക്കിയാലും നീരു ശുദ്ധമായി എന്നു ഗണിക്കുവാൻപാടില്ല. ചൂടുകൊണ്ടുമാത്രം തരിപിടിക്കാത്ത മററു മാലിന്യങ്ങളും നീരിൽ ശേഷിച്ചിരിക്കും. അപ്രകാരമുള്ള അഴുക്കുകളെ മാററിക്കളയുന്നതിന് (chemicals) രാസപ്രയോഗം ചെയ്യേണ്ടതാണു്. ചുണ്ണാമ്പുവെള്ളം യാതൊരു മാലിന്യവുംകൂടാതെ അരിച്ചെടുത്തു എന്നു വിചാരിക്കുക. അതിൽ അപ്പോൾ യാതൊരു വണ്ണവ്യത്യാസവും കാണാനുണ്ടായിരിക്കയില്ല. എന്നാൽ നാം അതിൽ കുറച്ചുനേരം ഊതിയാൽത്തന്നെ നമ്മുടെ മുഖത്തുനിന്നു പുറപ്പെടുന്ന ഇംഗാലാമ്ലവാതകം (Corbonic acid gas) ആ ചുണ്ണാമ്പുവെള്ളത്തെ പാലുപോലെ വെളുപ്പിക്കും. ഇതിന കാരണം ഇംഗാലാമ്ലവാതകത്തിലെ ഇംഗാലം ചുണ്ണാമ്പുവെള്ളത്തിലെ (Calcium) കാതേസയം എന്ന സാധനത്തോടുകൂടിച്ചേൎന്ന (Calcium carbonate) അതായതു് (chalk) ശീമച്ചുണ്ണാമ്പു" ഉണ്ടാകുന്നതുകൊണ്ടാണു്. ശീമച്ചുണ്ണാമ്പു് (ചാക്കു്) വെള്ളത്തിൽ ഉപ്പുപോലെ അലിയുന്നതല്ല. അതു വെള്ളത്തിൽ അലിയാതെ കിടക്കുമെന്നുള്ളതിനാലാണ ചുണ്ണാമ്പുവെള്ളത്തിന വെള്ളനിറം സിദ്ധിച്ചതു്. ഇതുപോലെ കരിമ്പിൻനീരിലും അക്കാനിയിലുമുള്ള അലിഞ്ഞ മാലിന്യങ്ങളെ രാസയോഗംകൊണ്ടു തരിപിടിപ്പിക്കുവാൻ കഴിയും.

പിച്ഛിലങ്ങളായ സാധനങ്ങൾ, (വെണ്ടച്ചാറുമുതലായ വഴുവഴുത്ത ദ്രവങ്ങളൊ സജ്ജികാരം (crude carbonate of soda) പോലെയുള്ള (Alkalies) ക്ഷാരഗുണമുള്ള സാധനങ്ങളൊ) തിളയ്ക്കുന്ന കരിമ്പിൻനീരിലൊ അക്കാനിയിലൊ ഇട്ടാൽ പെട്ടെന്നു അഴുക്കുകൾ തരിപ്പിടിച്ചു മുകളിൽ പൊങ്ങിവന്നു അടിയുന്നതാണു്. അപ്പോൾ അതും അരിപ്പകൊണ്ടു അരിച്ചു നീക്കിക്കളയാം. ഇങ്ങനെ രണ്ടുമൂന്നാവത്തി ശുദ്ധിചെയ്തു ശേഷിക്കുന്ന നീരിന വയ്ക്കോലിന്റെ നിറമുണ്ടായിരിക്കും.

ഈ നീരു പിന്നേയും കുറുക്കിവററിക്കുമ്പോൾ അതിൽനിന്നു ഒരുതുള്ളിനീരു ഒരു കണ്ണാടിക്കഷണത്തിൽ വീഴ്ത്തിയാറിയാൽ നല്ലപോലെ തരി പിടിക്കുമെങ്കിൽ നീരു പകരുവാനുള്ള പാകമായി എന്നു വിചാരിക്കണം. ഉപ്പു കലക്കി തെളിച്ചു ആ വെള്ളം വററിച്ചു നാം ഉപ്പു വിളയിക്കാറുണ്ടല്ലൊ. ഉപ്പുനീരു മുഴുവൻ വററിച്ചുകളഞ്ഞാൽ വിളയുന്ന ഉപ്പു പൊടിയായിപ്പോകും. കാച്ചിയ ഉപ്പു ചൂടുപിടിപ്പിച്ചാൽ അതുപൊടഞ്ഞുപോകുമല്ലൊ. (water crystallisation) തരി പിടിക്കുന്നതിന ആവശ്യമുള്ള വെള്ളം കിടക്കുമ്പോൾതന്നെ നീരു പകന്നാലെ നല്ല തരിപിടിത്തം ഉണ്ടാകയുള്ളു. സവ്വത്തിരിക്കുന്ന കുപ്പിയിൽ കൽക്കണ്ടം ഉണ്ടാകുന്നതു എല്ലാവരും കണ്ടിരിക്കുമല്ലൊ അധികം വെള്ളം കിടന്നാൽ വലിയ കട്ടികളായ തരികളാണ ഉണ്ടാകുന്നതു്. കണ്ണാടിക്കഷണത്തിൽ വീഴ്ത്തിയാൽ നല്ല തരിയുണ്ടാകുന്ന പാകത്തിൽ വാങ്ങുന്ന പാവു് മൺകുടങ്ങളിൽ നിറച്ചുവച്ചിരുന്നാൽ അതു ആറുമ്പോൾ മുകൾഭാഗം കട്ടിപ്പിടിച്ചിരിക്കും. അടിയിലേക്കു ജലാംശം പൊയ്ക്കൊള്ളും. കുടത്തിന്റെ മൂട്ടിൽ ഒന്നുരണ്ടു ചെറിയ സുഷിരങ്ങളുണ്ടാക്കിക്കെട്ടിതൂക്കിയാൽ ആ സുഷിരങ്ങൾവഴിയായി തേൻപോലെയുള്ള ദ്രവം വാന്നുകൊണ്ടിരിക്കും. അടിയിൽ ഒരു പാത്രം വച്ചിരുന്നാൽ അതിനകത്തു ഈ തേൻപാവു് വീണുകൊള്ളും. ഇങ്ങനെ ആദ്രമായസാധനംമുഴുവൻ വാന്നുകഴിഞ്ഞാൽ കുടത്തിൽ ശേഷിക്കുന്നതു പഞ്ചസാര തന്നെ. വാന്നുവീണതു ഫാണിതം അല്ലെങ്കിൽ പാനിയുമാകുന്നു. കരിമ്പിൻനീരിൽ അല്ലെങ്കിൽ അക്കാനിയിൽ ലയിച്ചിരിക്കുന്ന മധുരസാധനം രണ്ടുതരത്തിൽ തിരിയുന്നു എന്നു നാം കണ്ടുവല്ലൊ. അതിൽ ഒന്നു (crystalline) സ്ഫടികാകാരത്തിൽ വരുന്നതു മറെറാന്നു (amorphous) സ്ഫടികാകൃതിയിൽവരാത്തതു്. ഇതുകളിൽ സ്ഫടികാകൃതിയിൽപരിണമിക്കുന്നതാണ പഞ്ചസാര. അതിന്റെ തന്മാത്രയ്ക്കു (sucrose) എന്നും മറേറതിന (glucose) എന്നും ശാസ്ത്രജ്ഞന്മാർ പേരുകൊടുക്കുന്നു. എന്നാൽ സ്ഫടികാകൃതിയിൽ വരുന്ന മധുരസാധനംകൂടി മറെറ ജാതിയിൽ ഉൾപ്പെട്ടുപോകുവാനിടയുണ്ടു്. കരിമ്പുനീരോ അക്കാനിയൊ വായുസമ്പക്കം നിമിത്തവും സൂര്യപ്രകാശം ഏല്ക്കുന്നതുകൊണ്ടും ഇങ്ങനെ രൂപാന്തരപ്പെട്ടു സാധനത്തെവദ്ധിപ്പിക്കും. കരിമ്പുനീരും അക്കാനിയും തുറന്നപാത്രത്തിൽ കുറുക്കി വററിക്കുമ്പോൾ അന്തരീക്ഷസമ്മർദ്ദം (Atmospheric pressure)

മേൽപറഞ്ഞ രൂപാന്തരത്തിനു ഹേതുവായിത്തീരും. പഞ്ചസാരയുണ്ടാക്കുന്ന ശാലകളിൽ കരിമ്പിൻനീരു കുറുക്കുന്നതു (Vacvum evaporator) വായു കയറാത്ത പാത്രത്തിലാണ്. അതിനാൽ അപ്രകാരമുണ്ടാക്കപ്പെടുന്ന പാവു അല്ലെങ്കിൽ ഫിന്തിയിൽ പറയുന്ന റാബി (Rab) ൽ പഞ്ചസാരയുടെ ശതമാനം കൂടിയും തേൻപാവിന്റെ ശതമാനം വളരെക്കുറഞ്ഞുമിരിക്കും. നാമിപ്പോൾ കരിമ്പുംനീരും അക്കാനിയുമുണ്ടാക്കുന്ന രീതികൊണ്ടു പഞ്ചസാരയാകുന്ന സാധനത്തിന്റെ ശതമാനം വളരെ കുറഞ്ഞുപോകുന്നുണ്ട്. ചക്കരയും ശക്കരയുമുണ്ടാക്കുമ്പോൾ മുൻപറഞ്ഞ തങ്ങിക്കിടക്കുന്നതും അലിഞ്ഞുചേർന്നതുമായ അഴുക്കുകളെ കളയാതിരിക്കുന്നതിനാൽ അവ പ്രായേണ മധുരിപ്പിച്ച അഴുക്കുകളുടെ പരിണാമരൂപങ്ങളായിട്ടേ ഇരിക്കുന്നുള്ളു. കരിമ്പിൻനീരിലാണ് അക്കാനിയിലെക്കാൾ അധികം അഴുക്കുള്ളതു്. കാളച്ചക്കിന്റെ തുരുമ്പും അതിന്റെ പല്ലുചക്രത്തിൽ ഒഴിക്കുന്ന കൊഴുപ്പും കരിമ്പിന്റെ മുട്ടും വേരും അരഞ്ഞുണ്ടാകുന്ന അഴുക്കും കരിമ്പിൽതന്നെ പററിപ്പിടിച്ചിരിക്കുന്ന മണ്ണും ചെളിയും ആട്ടുന്ന ചക്കിലും നീരു വീഴുന്ന പാത്രത്തിലും കുറുക്കുന്ന ചെമ്പിലും അടിഞ്ഞുകിടക്കുന്ന അഴുക്കുകളും ഒക്കെപ്പാടെകൂടി വിചാരിച്ചാൽ നമ്മുടെനാട്ടിലെ ശക്കരയുണ്ടാക്കുന്ന രീതി എത്രയും അപരിഷ്കൃതവും അശുചികരവുമാണെന്നു തീർത്തുപറയാം. ഇതിന്റെ നിർമ്മാണത്തിന്റെ സൂക്ഷ്മസ്ഥിതിയറിയാതെ അതുചേർത്തുള്ള പലഹാരങ്ങളും പ്രഥമനും പരിഷ്കൃതന്മാർകൂടി അനുഭവിക്കുന്നു. വായുഗുളിക എത്ര ചെറുതാണ്! അതു സേവിക്കുമ്പോൾ വലിയ ശ്വാസവികാരങ്ങൾ ശമിക്കുന്നു. ശക്കരയിൽചേർന്ന അഴുക്കുകൾ ഉള്ളിൽചെന്നാൽ അതുനിമിത്തം എന്തെല്ലാം ദോഷങ്ങൾ ഉണ്ടാകുമെന്നു സാധാരണക്കാർ ചിന്തിക്കുന്നില്ല. അതുപോകട്ടെ വൈദ്യന്മാർ ചിന്തിക്കുന്നുണ്ടോ എന്നു നമുക്കു നോക്കാം. അവർ പഴയശക്കര വേണമെന്നുള്ള പഴയപാഠം ഇന്നും പറയും. നീലക്കരിമ്പിന്റെ പഴയ ശക്കരയെന്നു പറയുവാനാണ് അധികംഎളുപ്പം. പഴയ ശക്കര ഭരണികളിൽകിടന്നു അലുത്തുപുളിച്ചു കൊള്ളരുതാത്തതായ കഥ ഇവർ ഗ്രഹിക്കുന്നില്ല. അരിഷ്ടങ്ങൾക്കും ലേഹങ്ങൾക്കും ഇത്തരം പഴയ ശക്കരയാണു അധികവും ഉപയോഗിക്കുന്നതു്. മുൻപു മൺകുടത്തിൽ പകർന്നുവയ്ക്കുവാൻ പറഞ്ഞ സാധനം പഴകുംതോറും നന്നായും തെളിഞ്ഞുമിരിക്കും അതു ഉപയോഗിക്കുവാനാണു വൈദ്യശാസ്ത്രത്തിൽ പറയുന്നതു്. സക്കാർവകയായി തിരുവനന്തപുരത്തു നടത്തുന്ന ആയുർവേദപാകശാലയിലും ആശുപത്രിയിലുമെങ്കിലും ശരിയായ പഴയ ശക്കര ഉപയോഗിക്കുവാൻ അധികാരികൾ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

ശാഖാചംക്രമണത്തിനു പോകാതെ പ്രസക്തമായ പഞ്ചസാരവ്യവസായത്തെത്തന്നെ തുടരാം.

കരിമ്പിൻനീരിൽനിന്നും, തെങ്ങ് ചൂണ്ടപ്പന കരിമ്പന ഇവയിൽനിന്നു ചെത്തിയുണ്ടാക്കുന്ന അക്കാനിയിൽനിന്നും ഇപ്പോഴത്തെപ്പോലെ ചക്കരയും ശക്കരയും ഉണ്ടാക്കുവാനല്ല നാം ശ്രമിക്കേണ്ടതു്. ചക്കരയും ശക്കരയും മൂപ്പുകൂട്ടി തരിയുള്ള ഭാഗത്തെ നശിപ്പിച്ചുകളയുകയാണു ചെയ്യുന്നതു്. നല്ല മണത്തരിശക്കര അല്ലെങ്കിൽ (Rab) റാബുണ്ടാക്കുവാനാണു കൃഷകന്മാർ ശ്രമിക്കേണ്ടതു്. എന്നാൽ പഞ്ചസാരവ്യവസായശാലയിൽ അതു കൂടുതൽ വിലയ്ക്കു വാങ്ങിക്കൊള്ളും. മണത്തരിശക്കരയിലെ ആർദ്രമായ അംശത്തെ നീക്കിക്കളഞ്ഞാൽ പഞ്ചസാരയായി. ഈ ആർദ്രാംശത്തെ നീക്കുന്നതിനു യന്ത്രശാലയിൽ ഒരു മിനിററിൽ ഏകദേശം ആയിരത്തിലധികം പ്രാവശ്യം കറങ്ങുന്ന ഒരു യന്ത്രം വച്ചിട്ടുണ്ട് ആ യന്ത്രത്തിലാണു മണത്തരിശക്കര (Rab) ഇടുന്നതു. ആ യന്ത്രത്തിനകത്തുള്ള സൂക്ഷ്മങ്ങളായ സുഷിരങ്ങളോടുകൂടിയ (ഒരു ചതുരശ്രഇഞ്ചിനകത്തു ൭0–ൽ കുറയാതെ സുഷിരങ്ങൾ) ഒരു വലയഭിത്തിയുണ്ടായിരിക്കും. ഇതു മിക്കവാറും ചെമ്പുകൊണ്ടുള്ളതായിരിക്കും. ഈ സുഷിരബഹുലമായ വലയത്തിൽനിന്നും കുറച്ചു അകലത്തിൽഇരിമ്പുകൊണ്ടുള്ള മറെറാരു ഭിത്തിവലയം ഉണ്ടായിരിക്കുന്നതാണ്. ചെമ്പുവലയം പമ്പരംപോലെ കറങ്ങത്തക്കവണ്ണം ഒരു ദണ്ഡിന്മേൽ ഉറപ്പിക്കപ്പെട്ടിരിക്കും. മണത്തരിശക്കര കുറച്ചുഭാഗംവരെ ഇട്ടിരിക്കുന്ന ഈ താമ്രവലയഭാജനം ചുററിത്തിരിയുമ്പോൾ അകത്തുകിടക്കുന്ന ശക്കര ചുററിലും പററിപ്പിടിച്ചു ചെമ്പുവലയംമുഴുവനും വ്യാപിക്കും. തുടർച്ചയായുള്ള തിരിച്ചിൽനിമിത്തം സുഷിരങ്ങൾവഴി ആർദ്രമായഭാഗം പുറത്തേക്കു പോകുന്നതും അതു ശേഖരപ്പെട്ടു ഒരു ഓവുവഴി വെളിയിൽ ചാടുന്നതുമാണ്. ആർദ്രാംശം തീരെയില്ലാതെയാകുമ്പോൾ ഓവിലെ ഒഴുക്കും നിൽക്കും. അപ്പോൾ യന്ത്രംനിർത്തി പാത്രത്തിൽ അടിഞ്ഞിരിക്കുന്ന പഞ്ചസാര അടർത്തി എടുക്കാവുന്നതാണ്.

*ചരിത്രം മറക്കൊലാ.

എം. അബ്ദുൽഖാദർ, വക്കം.

കേക

ഭൂതമാം ബന്ധത്തിന്റെ കെട്ടുകളയയ്ക്കുമ്പോൾ
പ്രജ്ഞയാം കങ്കതത്തിൻ പല്ലുകളൊടിയുന്നു
പണ്ടത്തെക്കഥകൾതൻ മഞ്ജുളസ്മരണയി-
ലാണ്ടിരിക്കുന്നു തവ ഭാസുര ഭാവികാലം
നൂനം, നീ തവ ചാരു ചരിത്രം മറക്കുകിൽ
ശൂന്യതയിങ്കലേക്കു പാഴ്നട തുടരുന്നു.
വർത്തമാനമാം ഗ്രന്ഥത്തോടു നീ തുന്നിച്ചേർക്കു
ഭൂതകാലത്തിൻ മേന്മ മിന്നുന്ന പുറങ്ങളെ.
ആ മിഥസ്സമ്മേളനമാനന്ദം വളർത്തുന്ന
കോമള പ്രഭാതത്തെത്തെളിക്കും വിളക്കത്രെ
ചേതന മുകരത്തിൻ കൂമ്പിയ ദലങ്ങളെ
ശ്വേതമായ് വിരിക്കുവാൻ ചരിത്രരശ്മിപോരും
മണിമുത്തുകൾക്കൊണ്ടിട്ടും കരിങ്കൽത്തറകീറും
വെണ്മഴ കണക്കത്രെ നിന്റെ മേൽ നിപതിക്കും
താവക ചരിത്രമാം ചാരുവല്ലകിയുടെ
തന്ത്രികൾ മീട്ടിനോക്കാൻ നിനക്കു കൊതിയില്ലേ?
ജീവിതസംഗീതത്തിൻ മധുര നിനാദങ്ങ-
ളവയിൽത്തങ്ങുന്നുണ്ടെന്നുള്ളതു മറക്കല്ലേ
ഇന്നത്തെതിൻ മടിയിലിരുക്കുമിന്നലയെ
നോക്കുവാൻ മിഴിരണ്ടും തുറക്കൂ സഹോദരാ
കാരുണ്യ മേലുമൊരു വനവേടനാണത്രെ
ചരിത്രമെന്നു നമ്മൾ നിരൂപിക്കുകവേണം
നമ്മുടെ മഹാമലർവാടിയിൽ നിന്നു ദൂരം-
ത്തെങ്ങോ പോയ് മറഞ്ഞതാം കോമളപ്പറവയെ,
പിടിപ്പാൻ പെരുവല വീശിക്കൊണ്ടിരിക്കുന്നു
സ്ഫീതമായെങ്ങുമതിൻ പാടവംകൊണ്ടു കൈകൾ.

* ഇഖ്ബാലിന്റെ "ദുരൂസിബേ ഖുദി"യിൽ നിന്നു്.
ഇസ്ലാമിന്റെ പഴയ ചരിത്രത്തെ ഓർമ്മിപ്പിക്കുന്ന ഒരു ഭാഗമാണിതു്.

കഥാപംക്തി.

ചന്ദ്രോദയം.

(തുടൎച്ച)

അദ്ധ്യായം ൨൭.

നാണിയുടെ സന്ദർശനത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന രവിവാരം സമാഗമിച്ചു. അന്നുരാത്രിയിൽ കൊച്ചുകുഞ്ഞും കോന്തിയുംകൂടി സംസാരിച്ചുകൊണ്ടിരുന്ന മുറിയിൽതന്നെ നാണിയും അകപ്പെട്ടു. നേരം പതിനൊന്നുമണിയായപ്പോൾ തനിക്കു ഒന്നു കാറുകൊള്ളാൻപോകണമെന്നു് അവൾ അവരോടു പറഞ്ഞു. കോന്തി അവളെ പിടിച്ചു് ഒന്നലച്ചു; പിന്നീടു പന്ത്രണ്ടുമണിവരെ അവിടെനിന്നും ഇറങ്ങിപ്പോകാൻ അവളെ അനുവദിച്ചുമില്ല.

കൊച്ചുകുഞ്ഞിനു അവളെപ്പററി സംശയം ജനിച്ചിട്ടു ചില ദിവസങ്ങളായി. കോന്തിയുടെ ക്രൂരത അവൾക്കു അസഹ്യമായിത്തുടങ്ങുകയും അവൾക്കു ചില നൂതനസ്നേഹിതന്മാരെ ലഭിക്കുകയും ചെയ്തുവെന്നു അവനു തോന്നി. അവളുടെ സ്വഭാവത്തിനു വന്നിട്ടുള്ള വ്യത്യാസം, നിരന്തരമായുള്ള അവളുടെ ബഹിഃസഞ്ചരണം കൃത്യംപതിനൊന്നുമണിക്കുതന്നെ അവിടെനിന്നും ഇറങ്ങിപ്പോകാൻ അവൾ കാട്ടിയ അക്ഷമ, ഇവയെല്ലാം അവന്റെ ശങ്കയെ പ്രബലപ്പെടുത്തുന്ന തെളിവുകളായിരുന്നു. ഈ ശങ്കയുടെ ഫലമായി അവളുടെ ചംക്രമണങ്ങളെ സൂക്ഷിക്കുന്നതിനു് ഒരു ചാരനേയും അവൻ നിയോഗിച്ചു. ചാരപദത്തിനു അർഹനായി തിരഞ്ഞെടുക്കപ്പെട്ടതു കൊച്ചുകുഞ്ഞിന്റെ ഭൃത്യഗണത്തിലെ ഒരു നവീനാംഗമായ കുഞ്ഞുരാമനാണു്. ഇവൻ കല്യാണിഅമ്മയുടെ മകനും രാമചന്ദ്രന്റെ പ്രതിദ്വന്ദിയും ആണല്ലോ. നാണി സരളയോടു ഏററിരുന്നതനുസരിച്ചു കിള്ളിപ്പാലത്തിൽ ചെന്നു നിൽക്കാൻ അടുത്ത ഞായറാഴ്ച പുറപ്പെട്ടപ്പോൾ കുഞ്ഞുരാമനും അവളെ പിന്തുടൎന്നു. നാണി റോഡിന്റെ ഏതുവശത്തുകൂടി നടന്നുവോ അതിന്റെ എതിർവശത്തുകൂടി അവളെക്കാൾ ഒന്നു രണ്ടുവാര പുറകിലായിട്ടാണു് അവൻ അവളെ അനുഗമിച്ചതു്. വിലങ്ങും മുൻപിന്നുമായി അവർ തമ്മിലുള്ള അകലങ്ങൾക്കു ഭേദംവരാതെതന്നെ രണ്ടുപേരും യാത്രതുടൎന്നു. അതു നിബിഡമായ അന്ധകാരത്താൽ പരിവൃതമായ ഒരു രാത്രിയായിരുന്നു. അവർ പോയവഴിയിലെ മുനിസിപ്പാലിററിവിളക്കുകൾ മിന്നാമിനുങ്ങുകളെക്കാൾ അധികം പ്രകാശം വമിച്ചിരുന്നില്ല. അതുകൊണ്ടു പരസ്പരം കാണാതെതന്നെ അവർ കിള്ളിപ്പാലത്തിൽ എത്തി. തന്നെ സൂക്ഷിക്കാൻ ഒരു അപസൎപ്പകനെ പുറകെ അയയ്ക്കുമെന്നു നാണി സ്വപ്നേപി സംശയിച്ചില്ല. തന്നിമിത്തം അവൾ വേണ്ട കരുതൽ ചെയ്യുന്നതിനോ പൎയ്യവലോകനം ചെയ്യുന്നതിനുതന്നെയുമോ ശ്രദ്ധിച്ചിരുന്നില്ല. നാണി പാലത്തിൽ എത്തി അധികം കഴിയുന്നതിനു മുമ്പു്, പാലത്തിൽനിന്നും അത്ര അകലെയല്ലാത്ത ഒരു സ്ഥലത്തു വണ്ടിനിറുത്തി കേശവക്കുറുപ്പും സരളയും താഴെ ഇറങ്ങി അവർ നേരേ പാലത്തിലേക്കു വന്നു. അവർ ഒരുവിധം അടുത്തുവന്നപ്പോൾ നാണി സരളയെ മനസ്സിലാക്കി, അങ്ങോട്ടു അടുത്തു ചെന്നു. അവർ മൂന്നുപേരുംകൂടി കനാലത്തിന്റെ വക്കത്തു ഒരു തണൽമരത്തിന്റെ ചുവട്ടിൽപോയി നിന്നു സംഭാഷണം ആരംഭിച്ചു. കുഞ്ഞുരാമനും പതുങ്ങിപ്പതുങ്ങി റോഡിന്റെ എതിർവശത്തു നിന്നുകൊണ്ടു അവരുടെ സംഭാഷണത്തിൽ ദത്തകൎണ്ണനായി. നാണി ഇങ്ങനെ പറഞ്ഞുതുടങ്ങി—:"കഴിഞ്ഞ ഞായറാഴ്ച എനിക്കു വരാൻ സാധിച്ചില്ല. അവർ പന്ത്രണ്ടുമണിവരെ എന്നെ പിടിച്ചുവച്ചുകൊണ്ടിരിക്കയായിരുന്നു. കോന്തിയെ വിട്ടുപിരിച്ചു പോരണമെങ്കിൽ എന്റെ യാത്രയുടെ ഉദ്ദേശം അവനെ അറിയിക്കാതെ നിവൃത്തിയില്ല. അതുകൊണ്ടു് അവന്റെ പാനീയത്തിൽ അവീൻ ചേൎത്തുകൊടുത്തു അവനെ ഉറക്കിയിട്ടേച്ചാണു് ഞാൻ പോന്നതു്. ആരും എന്നെ സംശയിച്ചിട്ടില്ല".

അനന്തരം മുകുന്ദനെ എവിടെ കാണാമെന്നും അവനെ തിരിച്ചറിയാനുള്ള ലക്ഷണങ്ങൾ എന്തെല്ലാമെന്നും സരള നാണിയോടു ചോദിച്ചു. മുകുന്ദൻ സാധാരണ താമസിക്കുന്നതു കരമനയാററിന്റെ കരയ്ക്കു് അധികം ആൾപാൎപ്പില്ലാത്ത ഒരു സ്ഥലത്താണെന്നും അതിനു സമീപം ആററിൽ ഒഴുക്കു കുറവായതിനാൽ എക്കലും ചെളിയും അടിഞ്ഞു് ഇറങ്ങിയാൽ കലങ്ങുന്ന വെള്ളമെയുള്ളുവെന്നും നാണി വിവരമായി പറഞ്ഞുകേൾപ്പിച്ചു. മുകുന്ദന്റെ ആകൃതിയും വിശിഷ്യ വസ്ത്രധാരണരീതിയും അവൾ ഇപ്രകാരം വൎണ്ണിച്ചു. "അവൻ കിളരംകൂടി കറുത്തു തടിച്ച ഒരു മനുഷ്യനാണു്. ഷർട്ടിന്റെ മീതേവച്ചാണു് അയാൾ മുണ്ടുടുക്കുന്നതു്. മിക്കപ്പോഴും ചെവി മറയത്തക്കവണ്ണം ഒരു തലക്കെട്ടും ഉണ്ടായിരിക്കും. നടക്കുമ്പോൾ കഴുത്തു ഇടത്തെ തോളിന്റെനേക്കു അയാൾ കൂടക്കൂടെ വെട്ടിക്കാറുണ്ടു്. അയാളുടെ കണ്ണുകൾ നിൎജ്ജീവങ്ങളും അത്യഗാധമായ കുണ്ടുകളിൽ താണവയുമാണു്. പ്രായം ഇരുപത്തിയാറോ ഇരുപത്തെട്ടോ കാണും; പക്ഷെ അയാളുടെ ശരീരം ശുഷ്കിച്ചു ക്ഷീണിച്ചിരിക്കുന്നതുകൊണ്ടു പ്രായം അതിൽ കൂടുതൽതോന്നിയേക്കും. കൈ കടിക്കുന്നതു് അയാളുടെ ഒരു ദുഃശീലമാണു്. അയാളുടെ കഴുത്തിന്റെ മുൻവശത്തു്" — ആ വാചകം പൂരിപ്പിച്ചതു കേശവക്കുറുപ്പായിരുന്നു—"ഉദ്ദേശം ഒരിഞ്ചുനീളത്തിലും കാലേഅരയ്ക്കാലിഞ്ചു വീതിയിലും ഒരു ചുവന്ന മറുവുണ്ടു്."

നാണി:—അതേ; അങ്ങനെതന്നെ.

കുറുപ്പ്:—നീ ഒരുകൊച്ചുമിടുക്കിയാണു്. നിന്റെ ഈ വിജ്ഞാപനങ്ങൾ ഞങ്ങൾക്കു വിലമതിക്കാൻ പാടില്ല. ഇതിനു് ഞാൻ എന്തു പ്രതിഫലമാണു നിനക്കു തരേണ്ടതു്.

നാണി:—ഒന്നും വേണ്ട.

കുറുപ്പ്: — നല്ലവണ്ണം ആലോചിച്ചുപറ

നാണി:—വേണ്ടാ. എനിക്കു ഒന്നുംവേണ്ടാ. എന്റെ ഈ ജീവിതത്തോടു ഞാൻ ഉരുക്കുചങ്ങലകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഈ ജീവിതത്തെ ഞാൻ കഠിനമായി വെറുക്കുന്നു. എന്നാൽ അതു വിട്ടേച്ചുപോരാൻ എനിക്കു സ്വാതന്ത്ര്യമില്ല.

എന്നു പറഞ്ഞുകൊണ്ടു് അവൾ ഇടനെഞ്ഞു പൊട്ടുമാറു വിങ്ങിവിങ്ങി കരഞ്ഞു. ഒടുവിൽ അവൾ യാത്രാനുവാദം ചോദിച്ചു. കുറുപ്പ് ഒരു പണപ്പൊതിയെടുത്തു അവൾക്കു നീട്ടി. അവൾ അതു സ്വീകരിക്കാൻ വിസമ്മതിച്ചു. വിലപിടിച്ച യാതൊരു പദാൎത്ഥവും അദ്ദേഹത്തോടു വാങ്ങിക്കുന്നതിനു് അവൾക്കു സമ്മതമോ ആഗ്രഹമോ ഇല്ലായിരുന്നു. സരളയുടെ ഒരു കൈലേസ് കൊടുത്താൽ അതു സസന്തോഷം കൈക്കൊള്ളാമെന്നു അവൾ സമ്മതിച്ചു. സരള ഉടൻതന്നെ ഒരു കൈലേസെടുത്തു നാണിക്കു സമ്മാനിച്ചു. "അവിടത്തെയോടുള്ള സ്നേഹത്തിന്റെ അടയാളമായി ഇതു് ഞാൻ സൂക്ഷിച്ചുകൊള്ളാം" എന്നു പറഞ്ഞശേഷം നാണി വീണ്ടും ഇരുട്ടിൽ മറഞ്ഞു. കുറുപ്പും സരളയും വണ്ടിയിൽക്കേറി തിരിച്ചു പോകയും ചെയ്തു.

അദ്ധ്യായം ൨൮.

ഒരു വസ്ത്രത്തിന്റെ ശുഭ്രവൎണ്ണം കുറേശ്ശക്കുറേശ്ശ മങ്ങി ഒരുമാതിരി മുഷിഞ്ഞാലും അതു പതിവായി ധരിച്ചുകൊണ്ടിരിക്കുന്ന ആളിനു് അതു് അത്ര മലിനമായി തോന്നുകയില്ല. പക്ഷെ അലക്കിയ വെള്ളവസ്ത്രം ധരിച്ചിരിക്കുന്ന ഒരാളിന്റെ അടുക്കൽ ചെല്ലുമ്പോൾ തന്റെ വസ്ത്രം താൻ വിചാരിച്ചിരുന്നതിലധികം മുഷിഞ്ഞിട്ടുണ്ടെന്നുള്ള പരമാൎത്ഥം അയാൾക്കു ബോധ്യമാകും. അതുപോലെ, നിർമ്മലമായ ജീവിതം നയിച്ചുപോരുന്ന സരളയുടെ സമീപത്തുചെന്നപ്പോഴാണു് നാണിക്കു പങ്കിലമായ തന്റെ ജീവിതത്തിന്റെ ഗർഹണീയമായ സ്ഥിതിയെപ്പററി സംപൂൎണ്ണബോധം ഉണ്ടായതു്. പശ്ചാത്താപംകൊണ്ടു് അവളുടെ ഹൃദയം ഉരുകി. അവളുടെ നയനങ്ങളിൽനിന്നു് അശ്രുക്കൾ കുടുകുടെ പ്രവഹിച്ചു. തന്റെ ജീവിതം ശുദ്ധീകരിക്കാൻ വയ്യാത്തവിധം ദുഷിച്ചുപോയല്ലോ എന്നോൎത്തു് അവളുടെ ഹൃദയം കഠിനയാതന അനുഭവിച്ചു് ഒരടി മുന്നോട്ടുവയ്ക്കാൻപോലും ശക്തിയില്ലാതെ അവൾ റോഡ്സരികിൽതന്നെ തളൎന്നു വീണു. ഇങ്ങനെ ഒട്ടധികംസമയം കിടന്നതിൽപിന്നെയാണു് അവൾ എഴുന്നേററു് കോന്തിയുടെ അഭയസ്ഥാനത്തേക്കു യാത്രയായതു്. ചാരവൃത്തിയിൽ നിയുക്തനായി നാണിക്കുട്ടിയുടെ പിന്നാലെ പതുങ്ങിച്ചെന്നു് അവളുടെ രഹസ്യസല്ലാപം മുഴുവൻ

ധരിച്ച കുഞ്ഞുരാമൻ ഒരു നെട്ടോട്ടം ഓടി കൊച്ചുകുഞ്ഞിന്റെ കുടീരത്തിൽ എത്തി. അവൻ ഒളിച്ചുനിന്നു കേട്ടതുസർവ്വവും തസ്കരനേതാവിനെ അറിയിച്ചു. കൊച്ചുകുഞ്ഞു ഈ സംഗതി ധരിച്ചതോടുകൂടി സ്തബ്ധനായി. അവന്റെ മുഖത്തു ഭയങ്കരങ്ങളായ ചില ഭാവഭേദങ്ങൾ ഉണ്ടായി. അവിടെ ആസകലം ഒരു പാണ്ഡിമാവു വ്യാപിച്ചു അവന്റെ ദൃഷ്ടികളിൽനിന്നു ചെന്തീ പറക്കുന്നുവോ എന്നു തോന്നി. അവനൽ മനുഷ്യത്വം എന്നൊന്നുണ്ടായിരുന്നെങ്കിൽ അതിന്റെ ഛായപോലും ഉടനെ തിരോധാനംചെയ്തു; തൽസ്ഥാനത്തു അതിഭീഷണമായ പൈശാചികത്വം കുടികൊണ്ടു.

ഈ അവസരത്തിൽ ഒരു ഭവനഭേദനത്തിൽനിന്നു സമ്പാദിതമായ അർത്ഥഭാണ്ഡവുംഭേസിക്കൊണ്ടു കോന്തി അവിടെ അഭ്യാഗതനായി. അവൻ തൊണ്ടിബ്ഭാണ്ഡം മേശപ്പുറത്തു ഇട്ടു. കൊച്ചുകുഞ്ഞിന്റെ മൌനത്തിനോ കോപത്തിനോ ഇതുകൊണ്ടൊന്നും ഭംഗം വന്നില്ല. കുഞ്ഞുരാമനെ വിളിച്ചുണർത്തി, നാണിയുടെ വഞ്ചനയെപ്പററിയുള്ള വിവരംമുഴുവനും കോന്തിയെ അറിയിക്കുന്നതിനു അവനോടു ആജ്ഞാപിക്കാൻ മാത്രം കൊച്ചുകുഞ്ഞിനു സമാധാനം ഉദിച്ചു കുഞ്ഞുരാമന്റെ മനോധർമ്മഭ്രുതക്കണ്ണാടിയിൽ വിപുലീകൃതമായിട്ടാണു നാണിയുടെ ചതിയുടെ രൂപം കോന്തിക്കു കാണാനിടയായതു്. തന്നെ ഉറക്കാൻവേണ്ടി കറപ്പുകലത്തിയ പാനീയം നൽകാൻ നാണി ധൈര്യപ്പെട്ടല്ലോ എന്നു അറിഞ്ഞപ്പോൾ അവൻ കോപത്തിന്റെ പിണിയാളായി, അവിടെനിന്നും പുറത്തേക്കു ഇറങ്ങിപ്പാഞ്ഞു. അവൻ ലക്കില്ലാതെ വല്ല കടുംകൈകളും പ്രവർത്തിച്ചുകളയുമെന്നുപേടിച്ചു കൊച്ചുകുഞ്ഞു അവനെ തടഞ്ഞുനിർത്താൻ നോക്കിയെങ്കിലും അയാളുടെശ്രമം മോഘമായതേയുള്ളു. വെടികൊണ്ട പന്നിയേപ്പോലെ കോന്തി ഒരു നെട്ടംപാച്ചിൽപാഞ്ഞു് അവന്റെവീട്ടിലെത്തി കതകുചവുട്ടിത്തുറന്നു അകത്തുകടന്നു.

അപ്പോൾ നാണി അവിടെ ഉറങ്ങിക്കിടക്കുകയായിരുന്നു "എണീരെടീ അസത്തേ" എന്നു പറഞ്ഞുകൊണ്ടു കോന്തി അവളെ തൊഴിച്ചുണർത്തി. അവൾ ഞെട്ടി വിറച്ചുകൊണ്ടു് എഴുന്നേററുനിന്നു. "നീ ഇന്നു പോയവഴിക്കു ഞങ്ങൾ ചാരനെ അയച്ചിരുന്നു. നീ പറഞ്ഞതെല്ലാം അവൻ കേട്ടു് ഞങ്ങളോടു വന്നു പറയുകയുംചെയ്തു" എന്നു കോന്തി അട്ടഹസിച്ചു അവന്റെ ഭാവം കണ്ടപ്പോഴെ തന്റെ അവസാനനിമിഷം ആസന്നമായി എന്നു നാണി ഗ്രഹിച്ചു. അവൾ ഇങ്ങനെ കൊഞ്ചിക്കേണപേക്ഷിച്ചു. "നിങ്ങൾ എന്നെ കൊല്ലാൻ വന്നിരിക്കയാണെന്നുതന്നെ ഞാൻ ഭയപ്പെടുന്നു. പക്ഷെ എന്നെ കൊന്നാൽ നിങ്ങൾക്കും രക്ഷയില്ല. നിങ്ങളെ കൊലക്കുററത്തിനു തൂക്കിലിടും. അതുകൊണ്ടു നമുക്കു രണ്ടുപേർക്കും രക്ഷയുള്ള ഒരുവഴി ഞാനു പറയാം. ഇപ്പോൾത്തന്നെ നമുക്കു ഇവിടെനിന്നും പുറപ്പെട്ടു പാണ്ടിയിലോ മറേറാ പോയി താമസിക്കാം" ഈ വാക്കുകൾ കോന്തിയുടെ സ്ഥിരനിശ്ചയത്തിനെ ഇളക്കാൻ ശക്തങ്ങളായില്ല. നിശ്ശബ്ദമായും രഹസ്യമായും അവളെ കൊല്ലുന്നതു എങ്ങനെയാണു് എന്നു് ആ പരമദുഷ്ടൻ ആലോചിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. നാണിക്കും അവളുടെ അകാലമരണത്തിനും ഇടയ്ക്കു ഏതാനും നിമിഷങ്ങൾമാത്രമേ അവശേഷിച്ചിരുന്നുള്ളു.

(തുടരും)

THE MALAYALA RAJYAM

വിദ്യാരംഭവില്പന - വില കുറച്ചിരിക്കുന്നു.

വിദ്യാരംഭം പ്രമാണിച്ച് ഈ കന്നി ൧൦-ാംനു-മുതൽ അടുത്ത തുലാം ൧൦-ാംനു- വരെ ഞങ്ങളുടെ സ്വന്തം പ്രസിദ്ധീകരണങ്ങൾക്കു ൨൦ ശതമാനം കമ്മീഷൻ നൽകുന്നതാണ്.



നവരാത്രിദിനങ്ങളിൽ
പ്രത്യേകിച്ചും പാരായണയോഗ്യവും നവരാത്ര്യാഗമത്തിന്റെ സൂക്ഷ്മവിവരണങ്ങളടങ്ങിയതും ആകർഷകങ്ങളായ കാളിയുടെ വിവിധദശകളിലുള്ളതും ഇതിൽ കാണുന്ന വിധത്തിലുള്ളതും സപ്തചിത്രങ്ങളാൽ ഉപശോഭിതവും ആയ

ശ്രീമഹാദേവീഭാഗവതം

ഗദ്യഗ്രന്ഥം.

വിദ്യാരംഭവില രൂ ൧ ണ ൪.

ഭോഗാനുരക്തരായ ലൗകികന്മാരെ പിന്തിരിച്ച് മനസ്സിനു നിർവൃതി നൽകുന്ന അനവധി വിശിഷ്ടരത്നങ്ങൾ അടങ്ങിയ

ദിവ്യരഹസ്യപ്രകാശിക.

ഒന്നാം ഭാഗം.

വിദ്യാരംഭവില രൂപാ ൧.

ജീവപരമാണുക്കളുടെ സംയോഗവിയോഗങ്ങളാൽ ഭവിക്കുന്ന ഛായാചലനം, ദൂരശ്രവണങ്ങൾ, മരണാനന്തരം ആത്മാവ് അന്തരാളത്തിൽ കാര്യകാരണങ്ങളാൽ ഭൂതപ്രേതരൂപങ്ങളിൽ പരിണമിക്കുന്ന രീതി, ശരീരിയായത്തന്നെ ജീവന്മുക്തരായി ദീർഘകാലം ജീവിക്കുന്നതിനുള്ള നിഗൂഢോപദേശങ്ങൾ എന്നിവ സമഷ്ടിയായി കഥാരൂപേണ പ്രസ്താവിച്ചിട്ടുള്ള

ദിവ്യരഹസ്യപ്രകാശിക

രണ്ടാം ഭാഗം.

വിദ്യാരംഭവില അണ ൧൨.

മേൽ പറഞ്ഞിട്ടുള്ള ആത്മീയഗ്രന്ഥങ്ങൾ അവധാനപൂർവ്വം വായിച്ചു പരിശീലനം നടത്തുന്നവർക്കു ലൗകികരീതിയിൽക്കൂടി ആത്മീയജീവിതം നയിക്കുന്നതിനും തദ്വാരാ സായൂജ്യപദവി അടയുന്നതിനും അനായാസേന സാധിക്കുമെന്നു ബോദ്ധ്യപ്പെടുന്നതാണ്.

N. B. ഈ സൗജന്യം ഹെഡ്ഡാഫീസിൽ ആവശ്യപ്പെടുന്നവർക്കു മാത്രം.

ഇവിടെ ആത്മീയഗ്രന്ഥങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, വേദാന്തഗ്രന്ഥങ്ങൾ, സ്തോത്രഗ്രന്ഥങ്ങൾ, സാഹിത്യഗ്രന്ഥങ്ങൾ, ജീവചരിത്രങ്ങൾ, നോവലുകൾ, ചെറുകഥകൾ, വ്യാകരണഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ, വൈദ്യഗ്രന്ഥങ്ങൾ മുതലായ ഇനങ്ങളിൽ അനേകം ഉത്തമഗ്രന്ഥങ്ങളും, പലവകയിൽ ഉൾപ്പെട്ട അനവധി ബഹുരസികൻ ഗ്രന്ഥങ്ങളും എപ്പോഴും തയാറുണ്ട്. ഇവ കൂടാതെ ഞങ്ങളുടെ പ്രസ്സിൽ എല്ലാത്തരം അച്ചടിവേലകളും ചെയ്തുകൊടുക്കുന്നതാണ്. അച്ചടിയുടെ യഥാർത്ഥ മഹിമ അറിയേണ്ടവർ ഒരിക്കൽ ഇടപെട്ടു നോക്കിയാൽ അറിയാവുന്നതാണ്. കൂടാതെ ബ്ലാക്കുമേക്കിംഗ്, റബ്ബർസ്റ്റാമ്പുമേക്കിംഗ്, ബയന്റിംഗ്, റൂളിംഗ് മുതലായ എല്ലാ ജോലികളും കുറഞ്ഞ ചാർജ്ജിനു ക്ലിപ്തകാലത്തുതന്നെ വളരെ മിനുസമായി ചെയ്തുകൊടുക്കുന്നതിനും തയ്യാർ. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ വലിയ ക്യാററ്ലാഗിന് എഴുതുക.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ച്:— തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

Printed and Published by K. Ragbavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.